# ആത്മീയ വിഭവങ്ങൾ

സെപ്റ്റംബർ 2009



Life Publishers International

## ഉള്ളടക്കം


1 രൂപാന്തരപ്പെടുത്തുന്ന സുവിശേഷത്തിൽ രൂഢമൂലമായ അനുകമ്പ 3

**ബൈരൻ ഡി.ക്ലൗസ്**

*ഇന്ന് ആളുകൾ നേരിടുന്ന ധർമ്മ സങ്കടങ്ങളിൽ ശ്രദ്ധ ചെലുത്താതെ സുവിഷേം തുടർന്ന് ഫലപ്രദമാക്കുവാൻ കഴിയുമോ ?*

*ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനോ എന്ന് കയീൻ ഉയർത്തിയ പുരാതന ചോദ്യം ഇന്നും രൂക്ഷതയുള്ളതാണ്.*

2 ദൈവം ആളുകളെ കരുതുന്നു. ലൂക്കൊസിന്റെ സുവിശേഷത്തിൽ നിന്നും അപ്പൊസ്തല പ്രവൃത്തികളിൽ നിന്നുമുള്ള ഒരു പെന്തെക്കൊസ്തു വീക്ഷണം. 8

**ക്രെയ്ഗ് എസ്. കീനർ**

*അനുകമ്പാശുശ്രൂഷയിലേക്കു നയിക്കുന്ന സുവിശേഷോപദേശങ്ങളെ ആരാഞ്ഞറിയുന്നതിലൂടെ പ്രഥമ പെന്തെക്കൊസ്തു സഭയുടെ സഹജമായ അനുകമ്പാ ജീവിത ശുശ്രൂഷാ ശൈലിയെക്കുറിച്ച് നമുക്ക് നന്നായി മനസിലാക്കുവാൻ കഴിയും.*

3 ഇവിടെ നിന്നും അവിടെ എത്തുക - നിങ്ങളുടെ സഭയിൽ അനുകമ്പയുടെ ശുശ്രൂഷ ആരംഭിക്കുന്നത്. 12

**ഹെയ്ഡി റോളന്റ് അൻറൂ, ഫിലിപ്പ് എൻ .ഓൾസോൻ**

*ഏതുതരത്തിലുള്ള അനുകമ്പാ ശുശ്രൂഷയാണു നിങ്ങൾ ചെയ്യുന്നത്? നിങ്ങളുടെ സഭാ കൂടിവരവ് അതിനെ പിൻതാങ്ങുന്നുണ്ടോ ? അനുകമ്പാ ശുശ്രൂഷയ്ക്ക് ലളിതമായ പടികൾ ഇല്ലാതെയിരിക്കുമ്പോൾ ഈ പ്രായോഗിക ലേഖനം നിങ്ങളെ ശരിയായ ദിശയിലേക്ക് നയിക്കും.*

4 എന്റെ ഇടയന്മാർ പോകട്ടെ ! അനുകമ്പാ ശുശ്രൂഷയ്ക്കായി ദൈവസഭയെ കെട്ടുപണിയുകയും സജ്ജമാക്കുകയും ചെയ്യുന്നത് 16

**ബ്രാഡ് സ്മിത്ത്**

*നൂറു കണക്കിന് ഫലപ്രദവും സജ്ജമാക്കുകയും ചെയ്യുന്ന സഭകളെക്കുറിച്ച് മനസ്സിലാക്കിയശേഷം അനുകമ്പാശുശ്രൂഷപോലെയുള്ള ശുശ്രൂഷകൾക്കായി ജനങ്ങളെ ഒരുക്കുകയും അണിനിരത്തുകയും ചെയ്യുന്ന ഉയർന്നുവരുന്ന മൂന്നു തത്വങ്ങളെക്കുറിച്ച് ഈ ലേഖനത്തിലൂടെ മനസ്സിലാക്കുവാൻ കഴിയും.*

5 സുവിശേഷീകരണത്തിന്റെയും ശിഷ്യത്വത്തിന്റെയും പരാവൃത്തി - ഒരു നിരന്തരമായ പ്രക്രിയ 20

**റാൻഡി ഹസ്റ്റ്**

*യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിൽ പൗരന്മാരാകുന്ന ആളുകളെ നേടുകയും നിലനിർത്തുകയും ചെയ്യുന്ന സുവിശേഷീകരണവും ശിഷ്യത്വ ശിക്ഷണവും ഒരു നിരന്തരമായ പ്രക്രിയയാണ്.*

6 അനുകമ്പാപൂർവമായ സുവിശേഷീകരണം 22

**ജോൺ ലിന്റൽ**

*7 കൂടിക്കലർന്നുള്ള ജീവിതം. സമ്മിശ്ര കുടുംബത്തിന്റെ ആവശ്യങ്ങൾക്കു ശുശ്രൂഷ ചെയ്യുന്നത് -* **ഡോൺ ആർ. പാട്രിജ്** 23

*ഒറ്റപ്പെട്ട മാതാപിതാക്കൾ , രണ്ടാം കുടുബങ്ങൾ അഥവാ പുനർവിവാഹിതരുടെ കുടുംബങ്ങൾ , എന്നിവരുടെ ഹൃദയ നുറുക്കത്തെയും വേദനയെയും അടുത്തറിയുന്നവർ സമൂഹത്തിൽ വളരെ കുറവാണ്. ഇത്തരത്തിലുള്ളവരെ ശുശ്രൂഷിക്കുക എന്നത് നിങ്ങളുടെ സഭയുടെ പ്രഥമ പരിഗണനയാകുമോ?*

8 ഒരു ബർന്നബാസായിരിക്കുക , ഒരു പൗലൊസിനെ പിൻതുടരുക ഒരു തിമൊഥെയോസിനെ പരിശീലിപ്പിക്കുക 28

**പോൾ ആർ.മാർട്ടിൻ**

*ശുശ്രൂഷകന്മാർക്കിടയിലുള്ള ശക്തിക്ഷയത്തിന്റെ അനുപാതത്തിൽ പുതിയ നിയമത്തിൽ നിന്നുള്ള മൂന്നു ശുശ്രൂഷോന്നതി ബന്ധങ്ങൾക്കുള്ള സ്ഥാനം*

ഒരു കൃഷിക്കാരനും അയാളുടെ പതിനാറു വയസുള്ള മകനും നിലം ഉഴുതുകൊണ്ടിരുന്നു. അപ്പോൾ ആ കൃഷിക്കാരനെ അത്യാവശ്യമായി വീട്ടിലേക്കു വിളിച്ചു. താൻ തനിയെ ട്രാക്ടർ ഓടിക്കുന്നതിന് അനുവദിക്കണമെന്ന് മകൻ അപ്പനോട് അപേക്ഷിച്ചു. "മകനെ , നേരെ ഉഴണമെങ്കിൽ മുൻപിലുള്ള ഒരു വസ്തുവിൽ കണ്ണു നട്ട് ആ ദിശയിലേക്ക് ട്രാക്ടർ നേരെ ഓടിക്കുക." എന്ന് ഉപദേശിച്ചിട്ട് ആ കൃഷിക്കാരൻ അതിന് സമ്മതിച്ചു.

ഇരുപതു മിനിട്ടു കഴിഞ്ഞ് ആ കൃഷിക്കാരൻ തിരികെ വന്നപ്പോൾ വളച്ചു പുളച്ച് ഉഴുതിരിക്കുന്നതു കണ്ട് മകനോട്, "മകനേ നേരെ ഉഴണമെങ്കിൽ ദൂരത്തുള്ള ഒരു വസ്തുവിനെ നോക്കി അതിനുനേരെ ഓടിക്കേണമെന്നു പറഞ്ഞില്ലേ ?" അയാൾ ചോദിച്ചു. ആ മകൻ കണ്ണീരോടും അമ്പരപ്പോടും ഇങ്ങനെ മറുപടി പറഞ്ഞു. "അപ്പാ നിങ്ങൾ പറഞ്ഞതുപോലെ തന്നെയാണ് ഞാൻ ചെയ്തിരിക്കുന്നത്. എന്നാൽ ആ പശുവിനെ ഒരിടത്ത് അടക്കി നിർത്തുവാൻ എനിക്കു കഴികയില്ലായിരുന്നു ".

മിക്കപ്പോഴും ആ യൗവ്വനക്കാരനെപ്പോലെ ശരിയായ വസ്തുതകളെ നോക്കി നോട്ടം ഏകീകരിക്കുന്നത് നിങ്ങൾക്കും ദുഷ്ക്കരമായിരിക്കാം. ഉയർവിലേക്കും മുമ്പോട്ടുമുള്ള പ്രയത്നത്തിൽ നിങ്ങൾ ദൈവത്തിങ്കൽ നിങ്ങളുടെ നോട്ടംവെച്ച് അവിടുത്തെ കരുണയ്ക്കായി യാചിക്കേണം. അവിടുന്ന് ദൂരത്തുള്ളൊരു വസ്തുവല്ല, അരികത്തുള്ള ഒരു സാന്നിദ്ധ്യമാണ്. പ്രയാസ പരിതഃസ്ഥിതികളിൽ നിങ്ങളുടെ നോട്ടം ദൈവത്തിങ്കലേക്കു തിരിക്കുക.

**ജോർജ്ജ് ഒ. വുഡ്**

*A Psalm in Your Heart*

# Life Publishers International

© Copyright Life Publishers 2009

Published by Life Publishers, Springfield, Missouri USA

All rights reserved.

എൻറിച്ചുമെന്റ് ജേർണൽ ഇപ്പോൾ നിങ്ങൾക്ക് 12 ഭാഷകളിൽ ഓൺ ലൈനിൽ വായിക്കാവുന്നതാണ്. എൻറിച്ചുമെന്റ് ജേർണലിന്റെ വെബ് സൈറ്റിൽ ചെന്ന് യോജ്യമായ പതാകയിൽ ക്ലിക്ക് ചെയ്യുക. മലയാളം, തമിഴ്, ബംഗാളി, ഹിന്ദി,ഫ്രഞ്ച്, റഷ്യൻ, റുമേനിയൻ, ഹംഗേറിയൻ,ക്രൊയേഷൻ, ജർമ്മൻ, സ്പാനിഷ്, ഉക്രേനിയൻ, എന്നിങ്ങനെ 12 ഭാഷാ തെരഞ്ഞെടുപ്പുകൾ അവിടെ ലഭ്യമാണ്.

ഇങ്ങനെ നിങ്ങൾക്ക് ഓൺ ലൈനിൽ ജേർണലുകൾ വായിക്കുവാനും സൗകര്യാർത്ഥം ഡൗൺലോഡ് ചെയ്യുവാനും സാദ്ധ്യമാണ്.
കടുതൽ വിവരങ്ങൾക്ക് : http://www.enrichmentjournal.ag.org സന്ദർശിക്കുക.
EnrichmentJournal@lifePublishers.org. എന്ന ഈമെയിലിൽ ഞങ്ങളുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.




## രൂപാന്തരപ്പെടുത്തുന്ന സുവിശേഷത്തിൽ

# രൂഢമൂലമായ അനുകമ്പ

ബൈരൻ D. ക്ലൗസ്

**ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന മാനവ ദുരന്തങ്ങളുടെ യാഥാർത്ഥ്യം ലോകത്തിന്മേൽ അതിനുള്ള എടുത്തുപറയത്തക്ക സ്വാധീനം അംഗീകരിക്കാതെ തൃണവൽഗണിക്കുന്നതിലൂടെ ഒഴിച്ചു കളയാനാവില്ല. ആസന്ന ഭാവിയിൽ ആഫ്രിക്കയിൽ ആയിരക്കണക്കിനു കുട്ടികൾ എയ്ഡ്സ് നിമിത്തം അനാഥരാകുമെന്നു കണക്കാക്കപ്പെടുന്നു. വേണ്ടുംവിധമുള്ള പൊതുശുചിത്വ നിലവാരത്തിന്റെയും ശുദ്ധ ജലത്തിന്റെയും അപര്യാപ്തത നിമിത്തമുണ്ടാകുന്ന വ്യാധികൾ നിമിത്തം 35000 ലധികം കുഞ്ഞുങ്ങൾ മരിക്കുന്നു എന്നാണ് കണക്കാക്കപ്പെടുന്നത്. പാശ്ചാത്യേതര ലോകത്തിലെ ദരിദ്രരെ ഒരു വലിയ സംഘം ലൈംഗീക വ്യാപാരികൾ വിലയ്ക്കെടുക്കുന്നു. സ്വന്തം ജീവിതത്തിന്റെ നിലനിൽപ്പിനുവേണ്ടി മാതാപിതാക്കൾ തങ്ങളുടെ സ്വന്തം കുഞ്ഞുങ്ങളെ വേശ്യാവൃത്തിക്കായി വിറ്റുകളയുന്നു. വരും കാലങ്ങളിൽ എത്യോപ്യയിൽ പട്ടിണി നിമിത്തം മരിക്കുവാൻ സാദ്ധ്യതയുള്ളവരുടെ എണ്ണത്തെക്കുറിച്ച് മനസിലാക്കുമ്പോൾ ഹൃദയഭേദകമായ സത്യമാണ് കാണുവാൻ കഴിയുന്നത്. വ്യക്തിപരമായി അതു നമ്മെ പിടിച്ചുലയ്ക്കുന്ന ഒന്നാണ് . എന്നാൽ പെന്തെക്കൊസ്തു ക്രിസ്ത്യാനി എന്ന നിലയിൽ നമ്മുടെ സഹതാപത്തെക്കാളും തന്മയീഭാവശക്തിയെക്കാളും നമ്മുടെ ഒന്നിണങ്ങിയുള്ള പ്രതികരണം ഈ വിഷയത്തിൽ അനിവാര്യമാണ്. അർത്ഥവത്തായതും വേദപുസ്തകാടിസ്ഥാനത്തിലുള്ളതുമായ ഒരു പ്രതികരണത്തിനുള്ള ആഹ്വാനം പെന്തെക്കൊസ്തു ചരിത്രത്തെക്കുറിച്ചും ക്രൈസ്തവ മണ്ഡലത്തിൽ അവർക്കുള്ള സ്ഥാനത്തെക്കുറിച്ചും സത്യസന്ധപരമായതും വ്യക്തമായതുമായ ബോധം ആവശ്യപ്പെടുന്നു.**

## നമ്മുടെ ചരിത്രപരമായ ദൃഷ്ടികേന്ദ്രം

ലോകം കണ്ടിട്ടുള്ളതിൽ ഏറ്റവും ശ്രേഷ്ഠമായ സുവിശേഷീകരണത്തിന് തുടക്കം മുതൽ തന്നെ അസംബ്ലീസ് ഓഫ് ഗോഡ് സമർപ്പിതമാണ്( യോഹ .9:4). പകൽ ഉള്ളിടത്തോളം അയച്ചവന്റെ പ്രവൃത്തി ചെയ്യുക.. ... ആർക്കും പ്രവർത്തിക്കുവാൻ സാധ്യമല്ലാത്ത രാത്രി വരുന്നു എന്നതിനാൽ ഞങ്ങൾ കൂടുതൽ പ്രചോദിതരായി തീരുകയാണ്. എന്തുകൊണ്ടെന്നാൽ യേശുകർത്താവിന്റെ പെട്ടെന്നുള്ള മടങ്ങി വരവിൽ ഞങ്ങൾ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലുള്ള ശക്തി യേശുക്രിസ്തുവിന്റെ ത്വരിതാഗമനത്തിലുള്ള വിശ്വാസം എന്നിവ അസംബ്ലീസ് ഓഫ് ഗോഡിന്റെ പ്രാദേശിക സഭാസ്ഥാപന കേന്ദ്രീകൃതമായ പ്രേഷിത പ്രയത്നങ്ങൾക്ക് ചരിത്രപരമായ പ്രചോദനമായിരിക്കുന്നു.

ആദിമ പെന്തെക്കൊസ്തുകാർ ഈ കേന്ദ്ര ആശയത്തെ വളരെ വ്യക്തമായി പ്രസ്താവിച്ചിരുന്നു. 1920-ൽ ജെ. റോസ്വൽ ഫ്ളവർ *പെന്തെക്കൊസ്തൽ ഇവാഞ്ചലിൽ* ഇപ്രകാരം എഴുതി. “പെന്തക്കൊസ്തു നിയോഗം എന്നത് സാക്ഷിക്കുക എന്നതാണ്. നല്ല കാര്യങ്ങളിലേക്ക് തരിയുന്നത് അതിൽ തന്നെ നല്ലതെങ്കിലും പെന്തെക്കൊസ്തു നിലവാരത്തിന് ഒത്തതായിരിക്കുകയില്ല.”

**ലോക സുവിശേഷീകരണത്തിനു വേണ്ടി സമർപ്പിക്കപ്പെട്ടവർ പട്ടിണിയുടെ ദുരന്തത്തിലും അനീതിയിലും അകപ്പെട്ട് വലയുന്നവരോട് അനുകമ്പ കാണിക്കുവാൻ മടിക്കുന്നു എന്നു പറയുന്നത് ചരിത്രപരമായ അവാസ്തവമാണ്.**

അസംബ്ലീസ് ഓഫ് ഗോഡിലെ ആദ്യകാല മിഷണറിയായ ആലീസ് ലൂസി ഈ പെന്തെക്കൊസ്തൽ ആശയ കേന്ദ്രത്തെ ഇപ്രകാരം സംഗ്രഹിച്ചിരിക്കുന്നു: “നാം പൂർണ സുവിശേഷം പ്രസംഗിക്കുവാൻ ഇറങ്ങി പുറപ്പെടുമ്പോൾ സാമൂദായിക പ്രേഷിത പ്രവർത്തകരുടേതുപോലെയുള്ള അനുഭവങ്ങൾക്കായോ പിൻ തുടരുന്ന അത്ഭുതങ്ങൾക്കായോ നാം പ്രതീക്ഷിക്കേണ്ടതുണ്ടോ?”

പരിശുദ്ധാത്മശക്തിയാൽ സഭകൾ സ്ഥാപിച്ചുകൊണ്ട് സുവിശേഷം അറിയിച്ച് ആത്മാക്കളെ നേടുന്ന രീതിയാണ് പെന്തക്കൊസ്തുകാർ അവലംബിച്ചിട്ടുള്ളത് എന്നത് വളരെ വ്യക്തമാണ്. ചരിത്രപരമായിത്തന്നെ ഈ പ്രേഷിത ലക്ഷ്യം ഇത്രത്തോളം സഹാനുഭൂതിജനകം ആയിരിക്കുന്നത് എന്തുകൊണ്ടെന്നും മനസ്സിലാക്കാവുന്നതാണ്. 19-ാം നൂറ്റാണ്ടിനെ ക്രൈസ്തവ ശതാബ്ദം എന്നാണ് ചിരിത്രകാരന്മാർ വിശേഷിപ്പിച്ചിരിക്കുന്നത്. ആധുനിക പ്രേഷിത ദൗത്യം ആക്കം കൊണ്ട് വളർന്നത് 19-ാം നൂറ്റാണ്ടിലാണ്. എന്നിരുന്നാലും ലോകം ഒട്ടുക്കും കൊളോണിയൽ സാമ്രാജ്യങ്ങളുടെ തണൽ പിടിച്ചാണ് ശ്രേഷ്ഠമായ ഈ പ്രേഷിത പ്രവർത്തനം വളർന്നു വന്നത്. ലോകമൊട്ടുക്കുമുള്ള പ്രേഷിത പ്രവർത്തനത്തിന്റെ കേന്ദ്രഭാഗം ആളുകളെ ക്രിസ്ത്യാനികളാക്കുന്നതിന് അവരെ സംസ്ക്കാര സമ്പന്നരാക്കുക എന്നുള്ളതായിരുന്നു. അതുകൊണ്ട് ആശുപത്രികളും സ്ക്കൂളുകളുമൊക്കെത്തന്നെ 19-ാം നൂറ്റാണ്ടിലെ മിഷണറി ദൗത്യത്തിന്റെ അവിഭാജ്യ ഘടകങ്ങളായിത്തീർന്നു.

പൂർണ സുവിശേഷത്തിന്റെ പ്രസംഗത്തിൽ നിന്നും നാം പ്രതീക്ഷിക്കേണ്ടത് എന്തെന്നുള്ള തന്റെ വീക്ഷണത്തെ വെളിപ്പെടുത്തുമ്പോൾ 19-ാം നൂറ്റാണ്ടിലെ *സംസ്ക്കാരപ്പെടുത്തി പണിതെടുക്കുക* എന്ന രീതിയെ മാറ്റി കർത്തവ്യത്തെ നിവർത്തീകരിക്കേണ്ടതിന് അത്ഭുതത്തോടും അടയാളത്തോടുംകൂടെയുള്ള പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ആശ്രയിക്കുക എന്ന രീതിയിലേക്ക് മാറ്റേണ്ടതുണ്ടെന്ന് ആലീസ് ലൂസി വ്യക്തമാക്കുന്നു.

ക്രൈസ്തവശതാബ്ദം വേണ്ടവിധത്തിൽ പരിഗണിക്കാതിരുന്ന ഒരു മൗലിക തന്ത്രജ്ഞതയാണ് പ്രേഷിത യത്നങ്ങൾക്കായി പെന്തെക്കൊസ്തുകാർ അവലംബിക്കുന്നത്. പരേതനായ ജെ.ഫിലിപ്പ് ഹോഗൻ പ്രാദേശിക സഭാസ്ഥാപനത്തെക്കുറിച്ചു പറയുമ്പോൾ ഇപ്രകാരം പറയുന്നു : “ആത്യന്തികവും യഥാർത്ഥത്തിൽ വിജയകരവുമായ ലോക സുവിശേഷീകരണത്തിന്റെ കേന്ദ്രബിന്ദു എന്നു പറയുന്നത് തിരു സഭയാണെന്നുള്ളത് ഈ ദിവസങ്ങളിലെ അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്ന ഒരു നിർണായകമായ കാര്യമാണ്. ന്യായമായി പറഞ്ഞാൽ ലോക സുവിശേഷീകരണത്തിന്റെ പരിപൂർണ ഉത്തരവാദിത്തം തിരുസഭയുടെ ചുമലിലാണ്. സാക്ഷ്യം വഹിക്കുന്ന ഒരു തിരുസഭ എന്ന ആത്യന്തിക ഉദ്ദേശ്യം ഇല്ലാത്ത ഏതു ചെലവും അഥവാ ഏതു പ്രയത്നവും ഈ കാലത്തേക്കുള്ള ദൈവത്തിന്റെ ഉത്തമമായതല്ല.”

ഹോഗന്റെ ഈ പ്രസ്താവന പരിശുദ്ധാത്മാവിന്റെ പരമാധികാര പ്രവർത്തനത്തെ മാത്രമല്ല നമ്മുടെ ക്രിസ്ത്യാനിത്വത്തിന്റെ വലിയ ചട്ടക്കൂടിനെയും കാണിക്കുന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാന പാദങ്ങൾ അമേരിക്കൻ തിരു സഭകളിൽ യൂറോപ്യൻ മത ചിന്ത ചെലുത്തപ്പെട്ട കാലമായിരുന്നു. അക്കാലത്താണ് മൗലീക വാദസംവാദം അതിന്റെ മത്സര മുഖം കാട്ടിയത്. തിരുവചനത്തിന്റെ അധികാരം, കന്യകാ ജനനം ,യേശുക്രിസ്തുവിന്റെ ദൈവത്വം, പ്രതിപുരുഷാത്മക പാപപരിഹാരം, യേശുക്രിസ്തുവിന്റെ പുനരുത്ഥാനം എന്നിത്യാദി അതിപ്രധാനമായ ക്രിസ്തീയ വിശ്വാസങ്ങളെ യൂറോപ്യൻ ജ്ഞാനവാദക്കാർ തകിടം മറിച്ചു. ഈ സംവാദങ്ങളുടെ ഫലമായി ക്രിസ്ത്യാനികൾക്കിടയിൽ തന്നെ വിഭാഗങ്ങളുണ്ടായി. ആത്മാക്കളെ നേടുന്ന ഒരു കൂട്ടവും സാമൂഹിക വ്യതിയാനങ്ങൾക്കായി നിലകൊള്ളുന്നതും സാമൂഹിക സുവിശേഷീകരണത്തിനു വില കല്പിക്കുന്നതുമായ മറ്റൊരു കൂട്ടവും ഉണ്ടായി.

## ഒരു സത്യസന്ധമായ മൂല്യ നിർണയം

മേൽക്കണ്ട ഈ ചരിത്ര ചുരുക്കം അസംബ്ലീസ് ഓഫ് ഗോഡിനെ സംബന്ധിച്ചും മറ്റ് പെന്തെക്കൊസ്തു സഭകളെ സംബന്ധിച്ചും എന്താണ് അർത്ഥമാക്കുന്നത്?

ഒന്നാമതായി ദൈവം അവിടുത്തെ സഭയ്ക്കു നല്കുന്ന തിരുത്തലുകൾക്കു നടുവിൽ നമ്മുടെ പ്രേഷിത ദൗത്യ ദൃഷ്ടി കേന്ദ്രം വ്യാജീകരിക്കപ്പെട്ടു എന്നത് നാം അംഗീകരിക്കേണ്ടതുണ്ട്. പരിശുദ്ധാത്മാവിന്റെ ശക്തിയിലാശ്രയിച്ചുകൊണ്ടുള്ള ഒരു മൗലീക തന്ത്രജ്ഞത ലോക സുവിശേഷീകരണത്തിന് ആക്കം കൂട്ടുവാൻ അനിവാര്യമാണ്. 20-ാം നൂറ്റാണ്ട് ഒരു പെന്തെക്കൊസ്തു നൂറ്റാണ്ടായി ചരിത്രകാരന്മാർ അംഗീകരിക്കുമെന്നുള്ളതിന് സംശയമില്ല . മാത്രമല്ല, പെന്തെക്കൊസ്തു വിശ്വാസത്തിന്റെ തുടക്ക കാലങ്ങളിൽ അമേരിക്കൻ ക്രിസ്ത്യാനിത്വത്തിലുണ്ടായ വലിയ സംവാദം നമ്മുടെ പെന്തെക്കൊസ്ത് മൗലിക തന്ത്രജ്ഞതയെ വ്യാജീകരിച്ചു എന്നുള്ളതും നാം അംഗീകരിക്കേണ്ടതുണ്ട്. ആധുനിക മൗലീക വാദ സംവാദങ്ങൾ സുവിശേഷത്തിന്റെ പദ്ധതികൾക്കും സാമൂഹിക പ്രവർത്തനങ്ങൾക്കുമിടയിൽ വലിയ വിള്ളലുണ്ടാക്കി. നമ്മുടെ ഉപദേശപരമായ ബന്ധം പാരമ്പര്യ ക്രിസ്ത്യാനിത്വത്തോട് ആയിരുന്നതി

നാൽ, പഥ്യോപദേശം , പരിശുദ്ധാത്മശക്തിയാലുള്ള സുവിശേഷീകരണത്തിലൂടെ ആത്മാക്കളുടെ വിടുതൽ എന്നിത്യാദി കാര്യങ്ങളെ പ്രഥമഗണനീയമായ കാര്യങ്ങളായി അസംബ്ലീസ് ഓഫ് ഗോഡ് കരുതുമെന്നുള്ളത് നമുക്കു മനസിലാക്കാവുന്ന കാര്യമാണ്.

എന്നിരുന്നാലും ലോക സുവിശേഷീകരണത്തിനുവേണ്ടി സമർപ്പിക്കപ്പെട്ടവർ പട്ടിണിയുടെ ദുരന്തത്തിലും അനീതിയിലും അകപ്പെട്ട് വലയുന്നവരോട് അനുകമ്പ കാണിക്കുവാൻ മടിക്കുന്നു എന്നു പറയുന്നത് ചരിത്രപരമായ അവാസ്തവമാണ്. അമേരിക്കൻ ആഭ്യന്തര യുദ്ധത്തിനുശേഷം ഗ്രാമീണതയിൽ നിന്നും നഗരവൽക്കരണത്തിലേക്ക് ഒരു കാൽവെപ്പുണ്ടായി. പാശ്ചാത്യ യൂറോപിൽ നിന്നും വടക്കൻ യുറോപ്പിൽ നിന്നും വലിയ കുടിയേറ്റത്തോടൊപ്പം സാമ്പത്തികതയുടെ വ്യാപാരവൽക്കരണം , തുടങ്ങിയവ നഗരത്തെ സംബന്ധിച്ച വാസ്തവങ്ങളുടെ രൗദ്രവശങ്ങളാണ്. അക്കാലത്ത് വാസ്തവങ്ങളായിരുന്ന സാമൂഹിക ദുരന്തങ്ങൾക്ക് ഇംഗ്ലണ്ടിലെ സാൽവേഷൻ ആർമിയുടെ മാതൃക പിൻതുടർന്ന് സുവിശേഷ വിഹിത ശുശ്രൂഷക്കാർ അവിടെയുള്ള ചേരികളിലും മറ്റും ദുരിത നിവാരണവുമായി എത്തി. മദ്യാസക്തരെയും വേശ്യകളെയും അതിൽ നിന്നും വിടുവിക്കുവാനുള്ള പ്രത്യേക മന്ദിരങ്ങൾ, ക്ഷയരോഗികൾക്ക് പ്രത്യേക ഭവനങ്ങൾ ആദിയായവ അക്കാലത്ത് പ്രത്യേകം നിർമ്മിക്കപ്പെട്ടു. ആഴ്ചയിൽ ഏഴു ദിവസവും ഫാക്ടറികളിൽ ജോലി ചെയ്യുന്ന മാതാപിതാക്കളുടെ കുട്ടികളുടെ ആവശ്യങ്ങളെ മാനിക്കുന്ന സണ്ടേസ്ക്കൂളുകൾ ഈ യുഗത്തിലെ ചിരസ്ഥായിതമായ കാര്യമാണ്.

എ.ബി. സിംസണും അദ്ദേഹത്തിന്റെ ക്രിസ്ത്യൻ ആന്റ് മിഷണറി കൂട്ടായ്മയും ആദ്യകാല അസംബ്ലീസ് ഓഫ് ഗോഡിനെ സ്വാധീനിച്ച ഒന്നാണ്. സിംസൺ നാലു സുവിശേഷങ്ങളിലെ സന്ദേശങ്ങൾ കൊണ്ട് മാത്രമായിരുന്നില്ല പെന്തെക്കൊസ്തുകാരെ സ്വാധീനിച്ചിരുന്നത്. പിന്നെയോ തീവ്രമായ സുവിശേഷീകരണം , ദൈവിക രോഗശാന്തിയുടെ ഉറപ്പ് , യേശുക്രിസ്തുവിന്റെ ത്വരാതാഗമനം എന്നിവ തമ്മിലുള്ള അന്യോന്യ ബന്ധത്തെയും അദ്ദേഹം ഉയർത്തിക്കാട്ടി. കിഴക്കൻ യുണൈറ്റഡ് സ്റ്റേറ്റുകളിലെ പട്ടണങ്ങളിൽ അദ്ദേഹം അഭിമുഖീകരിച്ച അനേകരുടെ സാമൂഹിക ആവശ്യങ്ങളുടെ വെളിച്ചത്തിൽ ഈ പറയപ്പെട്ട വേദപുസ്തക പരമായ അടിസ്ഥാനങ്ങൾ സാമൂഹിക ആവശ്യങ്ങളെ മാനിക്കുന്നതിന് അവശ്യമായി അദ്ദേഹം കണ്ടു. 1893-ൽ സിംസൺ അനുകമ്പാ ശുശ്രൂഷയും സുവിശേഷീകരണവും തമ്മിലുള്ള അതുല്യമായ മിശ്രിണത്തെക്കുറിച്ച് വ്യക്തമാക്കി. അദ്ദേഹം ഇപ്രകാരം പറഞ്ഞു, "ദൈവത്തെ ആരാധിക്കുക , പഥ്യോപദേശം പഠിപ്പിക്കുക, നശിച്ചുപോകുന്നവരെ സുവിശേഷീകരിക്കുക എന്നിത്യാദികൾക്കു മാത്രമല്ല പ്രായോഗിക മനുഷ്യ സ്നേഹവും അതിന്റെ പ്രയോജനപ്പെടുത്തലും നമ്മുടെ പ്രവർത്തനങ്ങളിൽ ഇടം കാണേണ്ടതുണ്ട്. "

ആദ്യകാല പെന്തെക്കൊസ്തുകാർ എ.ബി. സിംസൺ ന്റെ മുൻഗണനകളെ തങ്ങളുടെ ശുശ്രൂഷയിൽ മാതൃകയാക്കി. ആദ്യകാല പെന്തെക്കൊസ്തു മിഷണറിമാർ മിക്കവരും സ്ത്രീകളായിരുന്നു. 19-ാം നൂറ്റാണ്ടിലെ ഹോളിനസ് മൂവ് മെന്റിന്റെ സ്വാധീനത്തിൽ ഇറങ്ങിത്തിരിച്ചവരായിരുന്നു അവരൊക്കെ. മിന്നി അബ്രാം ഇൻഡ്യയിൽ സേവനം അനുഷ്ഠിച്ച അത്തരം സ്ത്രീകളിൽ ഒരാളായിരുന്നു. പരിശുദ്ധാത്മ ാഭിഷേകം പ്രാപിച്ച അവർ *പരിശുദ്ധാത്മാവിന്റെ അഭിഷേകവും അഗ്നിയും* എന്ന ഒരു ലഘുലേഖ പുറത്തിറക്കി. അത് ചിലരിൽ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ചിന്തയ്ക്ക് ആക്കം കൂട്ടി. അവരുടെ മരണംവരെയ്ക്കും വിധവകളെയും അനാഥരെയും സഹായിക്കുകയും നശിച്ചുപോകുന്നവരോട് സുവിശേഷം അറിയിച്ചുകൊണ്ട് തന്റെ കർത്തവ്യം തുടരുകയും ചെയതു.

ലില്ലിയാൺ ട്രാഷർ എന്ന മിഷണറി തന്റെ ആയുസിന്റെ നല്ല പങ്ക് ഈജിപ്റ്റിലുള്ള വിധവകൾക്കും അനാഥർക്കും വേണ്ടി ചെലവഴിച്ചു. ഏഷ്യൗട്ട് ഓർഫനേജിലെ 50 വർഷക്കാലത്ത് തന്റെ ശുശ്രൂഷയിൽ നശിച്ചുപോകുന്നവരെ നേടുവാനും ആയിരങ്ങൾക്ക് അനുകമ്പാപൂർവം ശുശ്രൂഷ ചെയ്യുവാനും അവർക്കു കഴിഞ്ഞു. ഫ്ളോറൻസ് സ്റ്റീഡൽ എന്ന മിഷണറി ലിബേറിയായിലെ കുഷ്ഠരോഗികൾക്ക് സംരക്ഷണം നല്കി. സുവിശേഷം ,അനുകമ്പ, സാമ്പത്തിക ഉദാരണം എന്നിത്യാദികളുടെ ഒത്തിണക്കത്തിലൂടെ അസംബ്ലീസ് ഓഫ് ഗോഡിന്റെ ചരിത്രത്തിൽ തികച്ചും ഫലപ്രദമായ ശുശ്രൂഷ ചെയ്യുവാൻ സ്റ്റീഡലിനു കഴിഞ്ഞു.

എന്നിരുന്നാലും അസംബ്ലീസ് ഓഫ് ഗോഡിന്റെ ഊന്നൽ എവിടെയാണു കൊടുക്കേണ്ടതെന്ന ചോദ്യം അവശേഷിക്കുന്നു. ആഗോള സുവിശേഷീകരണത്തിനായുള്ള നമ്മുടെ ചരിത്രപരമായ സമർപ്പണം നമ്മുടെ പ്രേഷിത ദൗത്യത്തിന്റെ കേന്ദ്രബിന്ദുവാണ്. എന്നാൽ സുവിശേഷീകരണത്തെയും സാമൂഹിക പ്രതിബദ്ധതയെയും തമ്മിൽ വിഭാഗിക്കുന്ന അമേരിക്കൻ ദ്വിശാഖാ സിദ്ധാന്തത്തിന് വശംവദരാകാതെ പ്രവർത്തിച്ച അനേക പെന്തെക്കൊസ്തുകാരെ എടുത്തു കാട്ടാനുണ്ട്. ഇത്തരം സത്യസന്ധമായ സമ്മതം നാം കണക്കിലെടുക്കേണ്ടതുണ്ട്. നമ്മുടെ അടുത്ത യുഗങ്ങളിലെ വലിയ വെല്ലുവിളികളെ നേരിടുവാൻ ഇത് ആവശ്യമാണ്.

കൊയ്ത്തിന്റെ ഉടയവനായ സർവ ശക്തനായ ദൈവം 19-ാം നൂറ്റാണ്ടിലെ മിഷണറി മൂവ്മെന്റിന് ഒരു പെന്തെക്കൊസ്തൽ ഉണർവു നല്കിക്കൊണ്ട് തിരുത്തൽ കുറിച്ചു. 20-ാം നൂറ്റാണ്ടിലെ അത്യപൂർവമായ ക്രിസ്ത്യാനിത്വത്തിന്റെ വളർച്ചയ്ക്ക് അത് നിദാനമായിത്തീർന്നു. ക്ഷാമം, എയ്ഡ്സ് രോഗങ്ങൾ, സാമ്പത്തിക രീതികൾ , യുദ്ധം, ലഹള എന്നിങ്ങനെ പെന്തെക്കൊസ്തു സഭയ്ക്ക് സ്വാധീനം ചെലുത്തി ശുശ്രൂഷ തുടരത്തക്ക നിലയിൽ നാം ആയിരിക്കുന്നു. ഇത്തരുണത്തിൽ കൊയ്ത്തിന്റെ യജമാനനിൽ നിന്ന് നാം എന്താണ് ശ്രവിക്കേണ്ടത്?

പരിശുദ്ധാത്മാവിന്റെ ശക്തിയും അഭിഷേകവും മാത്രമാണ് ലോകത്തിന്റെ പ്രത്യാശയുടെയും സാദ്ധ്യതയുടെയും ഉറവിടം. ദുരന്തങ്ങൾ, പട്ടിണികൾ, അനീതികൾ ഒറ്റപ്പെടുത്തപ്പെട്ട ജീവിതം എന്നിത്യാദികളുടെ നടുവിൽ പെന്തെക്കൊസ്തുകാരായ സഹോദരീ സഹോദരന്മാർ അനുഭവിച്ചതായ പരിശുദ്ധാത്മാവിന്റെ ബലപ്പെടുത്തൽ നാം മനസിലാക്കേണ്ടതുണ്ട്. അസംബ്ലീസ് ഓഫ് ഗോഡിന്റെ ഒരു സ്കോളർ ഇപ്രകാരം വ്യക്തമാക്കി: " പരിശുദ്ധാത്മാവിന്റെ സ്നാനം ഒരു വിശ്വാസിയിൽ ആഴമായ സ്വാധീനം ചെലുത്തി അവരെ ധൈര്യപ്പെടുത്തുന്നു. അവർക്ക് വ്യക്തിപരമായ വിശുദ്ധിയെക്കുറിച്ചും, സ്വയമതിപ്പിനെക്കുറിച്ചും, വ്യക്തിപരമായ ശക്തിയെക്കുറിച്ചും ഒരു ഉന്നത ചിന്തയുണ്ടാകുന്നു. നമ്മുടെ ആത്മാവിന്റെ പോരാട്ടങ്ങളെ നേരിടേണ്ടതിനാവശ്യമായ ആത്മീകശക്തി പ്രാപിക്കത്തക്ക ആത്മീക ശ്രോതസ് പെന്തെക്കൊസ്തു സഭയ്ക്കുണ്ട്. പരിശുദ്ധാത്മ സ്നാനത്തിന്റെ ആത്യന്തിക ഉദ്ദേശ്യം മശിഹായുടെ പ്രേഷിത ദൗത്യത്തിന്റെ മുന്നേറ്റമാണെങ്കിൽ പരിശുദ്ധാത്മാഭിഷേകത്തിന്റെ വിശാലമായ അർത്ഥ തലത്തിൽ അതിനെ ഉൾക്കൊള്ളുക എന്ന വെല്ലുവിളിയാണ് പെന്തെക്കൊസ്തരിൽ അവശേഷിക്കുന്നത്. ആവശ്യകതയുടെ അളവോ പ്രത്യാശയ്ക്കു തടസമായിരിക്കുന്ന നിലയോ കണക്കിടാതെ രാജാധിരാജാവിന്റെയും കർത്താധി കർത്താവിന്റെയും ശക്തമായ സ്വാധീനത്തിന്റെ പ്രകടനതതീനായി പരിശുദ്ധാത്മ ശക്തിയെ നമുക്ക് ആശ്രയിക്കാവുന്നതാണ്. ഇന്നത്തെ വാസ്തവങ്ങളായ വൻ സാമൂഹ്യ പ്രശ്നങ്ങളുടെ വെളിച്ചത്തിൽ പരിശുദ്ധാത്മ ശക്തിയുടെ ആവശ്യകതയെക്കുറിച്ച് ഇൻഡ്യയിൽ നിന്നുമുള്ള ഒരു പെന്തെക്കൊസ്തുകാരൻ ഇങ്ങനെ പറയുന്നു: പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നീതിയുള്ള ഒരു സമൂഹം അതായത് , മനുഷ്യത്വപരമായതും സമാധാനപരമായതും നീതിപൂർവമായതുമായ ഒരു സമൂഹം, കെട്ടിപ്പടുക്കുവാൻ മനുഷ്യൻ ആത്മധൈര്യം പ്രാപിക്കുന്നു. ക്രിസ്തുവിനായി ഇൻഡ്യയെ നേടുവാൻ നാം

ആഗ്രഹിക്കുന്നുവെങ്കിൽ നാം ഒരു പോരാട്ടത്തിനായി തയ്യാറെടുക്കേണ്ട തുണ്ട്. ഒറ്റപ്പെട്ടവർക്കുവേണ്ടിയും, തൊട്ടുകൂടാത്തവർക്കു വേണ്ടിയും ,വേശ്യകൾക്കുവേണ്ടിയും, അവരുടെ അടുക്കൽ ചെല്ലുന്നവർക്കുവേണ്ടിയും ബാല്യം കവർച്ച ചെയ്യപ്പെടുന്ന കുഞ്ഞുങ്ങൾക്കുവേണ്ടിയും നമുക്കു പോരാടാം. സാമൂഹിക പ്രതിപത്തിയുള്ള ക്രിസ്ത്യാനിയാണ് ഇന്നിന്റെ ആവശ്യം."

ശുശ്രൂഷയുടെ സാമൂഹിക വശങ്ങളെക്കുറിച്ച് വിവിധങ്ങളായ വീക്ഷണങ്ങൾ പെന്തെക്കൊസ്തുകാർക്കിടയിലുണ്ട്.

## 21-ാം നൂറ്റാണ്ടിന്റെ വെല്ലുവിളികളെ നടപ്പാക്കുന്നതിനുള്ള അടിസ്ഥാനപരമായ കാര്യങ്ങൾ

ശുശ്രൂഷയുടെ ആധികാരികമായ അടിസ്ഥാനത്തിനും ആത്മീക അനുഭവങ്ങൾക്കുമായി പെന്തെക്കൊസ്തുകാർ എപ്പോഴും വേദപുസ്തകത്തെ ആശ്രയിക്കുന്നു. സുവിശേഷം തികച്ചും വ്യക്തിപരമാണ്. എന്തുകൊണ്ടെന്നാൽ ഓരോ വ്യക്തിയും ക്രിസ്തുവുമായി സന്ധിക്കുകയും അവിടുത്തെ അംഗീകരിക്കുകയോ നിരാകരിക്കുയോ ചെയ്യേണ്ടതുണ്ട്. എന്നാൽ സുവിശേഷം ഒരു മനുഷ്യനിൽ രൂപാന്തരം ഉണ്ടാക്കുമ്പോൾ അതിൽ സാമൂഹികമായ ചില അർത്ഥ തലങ്ങളും നമുക്കു കാണുവാൻ കഴിയും. ഓരോ വ്യക്തിയും ഒരോ സമൂഹിക പരിസരത്തിന്റെ പങ്കാളികളാണ്. അടുത്തു നിൽക്കുന്നവനെ അവഗണിച്ചുകൊണ്ട് ദൈവത്തെ സ്നേഹിക്കുവാൻ കഴിയുകയില്ലയെന്നത് വേദപുസ്തകം വ്യക്തമാക്കുന്ന കാര്യമാണ് (1 യോഹ. 4 : 20, 21).

ദൈവത്തിന്റെ രക്ഷാകരമായ കൃപ മനുഷ്യകുലത്തിനു പകരപ്പെട്ടത് ഒരു സാമൂഹിക സ്ഥിതി വിശേഷത്തിലായിരുന്നതിനാൽ സുവിശേഷത്തിൽക്കൂടിയുള്ള വ്യക്തിപരമായ രൂപാന്തരം സാമൂഹികമായ ഫലങ്ങൾ ഉളവാക്കുന്നതാണ്. സുവിശേഷത്തിനുള്ളിലുള്ള ഈ അവസ്ഥ ഒരു *സാമൂഹിക സുവിശേഷം* എന്ന ധാരണയ്ക്ക് ഇടം നല്കുന്നില്ല. യേശുക്രിസ്തുവിന്റെ ശക്തിമാത്രമാണ് ഏതു പാപിയോടും ക്ഷമിച്ച് അവനെ രക്ഷിക്കുന്നത് (എബ്രാ.7: 25). ദൈവരാജ്യത്തിന്റെ വേദപുസ്തകപരമായ വിഷയവും അന്ത്യകാലവും തമ്മിലുള്ള ബന്ധത്തെ നാം അധികമായി മനസ്സിലാക്കുകയും ഉറപ്പിക്കുകയും ചെയ്യേണ്ട മേഖലയാണ്. ഈ വിഷയാത്മക സംഘർഷത്തിലേക്ക് പീറ്റർ കുസ്മിക്ക് നമുക്ക് ചില ഉൾക്കാഴ്ചകൾ നല്കുന്നു. പെന്തെക്കൊസ്തുകാരുൾപ്പെടുന്ന സഭകൾക്ക് ദൈവരാജ്യം പോലെയുള്ള സങ്കീർണ വിഷയങ്ങളെ അത്യധികമായി ലളിതമാക്കുവാനുള്ള ഒരു ജന്മവാസനതന്നെയുണ്ടെന്ന് അദ്ദേഹം കുറിക്കുന്നു. വർത്തമാനവും ഭാവിയും തമ്മിൽ വേർതിരിച്ചു കാണരുതെന്ന് അദ്ദേഹം നമുക്ക് മുന്നറിയിപ്പു നല്കുന്നു. നിവർത്തിയാക്കപ്പെട്ടതും എന്നാൽ പരിപൂർത്തിയിലെത്താത്തതിനുമിടയിലാണു നാം ജീവിക്കുന്നത്. ഈ ഒരവസ്ഥയിൽ യേശുവിന്റെ പ്രഥമ ആഗമനം സുവിശേഷ ഉപദേശത്തിലെ നിർണായകമായ ഘടകമാണ്. യേശുക്രിസ്തുവിൽ ഭാവി തുടങ്ങിയെങ്കിലും അതിന്റെ അന്തം സന്ദേഹത്തിലല്ല. പരിശുദ്ധാത്മാവു വസിക്കുന്ന സഭയുടെ സ്ഥാപനത്തോടെ വീണ്ടെടുക്കപ്പെടാത്ത ഒരു ലോകത്തിൽ വീണ്ടെടുക്കപ്പെട്ടവരായി ജീവിക്കുമാറ് വീണ്ടെടുക്കപ്പെടുന്നതിന്റെ ഒരു വ്യക്തമായ ചിത്രം യേശുക്രിസ്തുവിന്റെ ജയത്തിലൂടെ സ്ഥാപിതമായി 2കൊരി.5: 17- 20. ഗിരിപ്രഭാഷണത്തിന്റെ പ്രാധാന്യതയും സാൻമാർഗിക ജീവിതത്തിനുള്ള പുതിയ നിയമത്തിന്റെ മറ്റ് ഖണ്ഡങ്ങളുടെ വിവക്ഷകളും നടപ്പാക്കുന്നതിനുള്ള വിളംബനം സുവിശേഷത്തിന്റെ മുഴുശക്തിക്കും അതിന്റെ വർത്തമാനകാല ഉപയോഗത്തിനും ഇടയിൽ പിളർപ്പുണ്ടാക്കുന്നു. അയൽക്കാരനോടുള്ള സമർപ്പണമില്ലാത്ത സുവിശേഷം വേദപുസ്തകത്തിന്റെ ഉപദേശാനുസരണം അസ്ഥാനത്താണ്. അതായത് , മനുഷ്യനെ ത്യജിച്ചുകൊണ്ട് ആത്മാക്കാളുടെ രക്ഷയ്ക്കായി പ്രവർത്തിക്കുന്ന സുവിശേഷീകരണം അസ്ഥാനത്താണ്.

> **ഓരോ വ്യക്തിയും ഒരോ സമൂഹിക പരിസരത്തിന്റെ പങ്കാളികളാണ്. അടുത്തു നിൽക്കുന്നവനെ അവഗണിച്ചുകൊണ്ട് ദൈവത്തെ സ്നേഹിക്കുവാൻ കഴിയുകയില്ലയെന്നത് വേദപുസ്തകം വ്യക്തമാക്കുന്ന കാര്യമാണ്**

ഭാവിയെക്കുറിച്ചുള്ള നമ്മുടെ വീക്ഷണം വർത്തമാനകാലത്തിലെ നമ്മുടെ ജീവിത രീതിയെ ബാധിക്കുന്നു. ക്രിസ്തുയേശുവിന്റെ രാജ്യം നമ്മുടെ വർത്തമാനകാല ജീവിത രീതികളെ സാരമാംവിധം വീക്ഷിക്കുകയും വീണ്ടെടുക്കപ്പെട്ട ആളുകളെ ഭാവി എപ്രകാരമുള്ളതായിരിക്കും എന്ന് വെളിപ്പെടുത്തുന്നതിന് വിളിച്ചു ചേർക്കുകയും ചെയ്യുന്നു. ആഗോളപരമായ ആവശ്യങ്ങളുടെ വർദ്ധനവും നമ്മുടെ സ്വസമുദായത്തിന്റെ അധഃപതനവും നമ്മുടെ പ്രയത്നങ്ങളെ ഫലപ്രദമാക്കുന്നതിനായി ദൈവസന്നിധിയിലേക്കു കടന്നുവന്ന് നമ്മെത്തന്നെ താഴ്ത്തുവാനിടയാക്കുന്നു. സാമൂഹിക കാര്യങ്ങളിലുള്ള നമ്മുടെ ഉത്ക്കണ്ഠ സുവിശേഷീകരണത്തെ നിരുത്സാഹപ്പെടുത്തുമോ ? ഇപ്പോൾ ആളുകൾ നേരിടുന്ന സാമൂഹിക ധർമ്മ സങ്കടങ്ങളെ ശ്രദ്ധിക്കാതെ സുവിശേഷീകരണം ഫലപ്രദമായി ചെയ്യെടുക്കുവാനാകുമോ ? കയീൻ പറഞ്ഞ ആ കഠോരമായ ചോദ്യം ഇപ്പോഴും ധ്വനിക്കുകയാണ്. "ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനോ ?"(ഉല്പ. 4 :9) ലോകമെമ്പാടുമുള്ള നമ്മുടെ സഹജീവികളോടുള്ള ഉത്തരവാദിത്തത്തിനായിട്ടുള്ള വിളിയാണോ നമുക്കുള്ള സമൃദ്ധി ? ഫണ്ടുകളും മറ്റും വാങ്ങുന്ന വിശ്വാസ സ്ഥാപനങ്ങൾക്ക് ഗവൺമെന്റിന്റെ നിബന്ധനകൾ സത്യസന്ധമായി പാലിക്കുവാൻ കഴിയുമോ ? 100 വർഷങ്ങൾക്കു മുമ്പ് നമ്മുടെ പെന്തെക്കൊസ്തു പിതാക്കന്മാരും ഈ വിമർശനങ്ങളെ നേരിടോണ്ടി വന്നു. പെന്തെക്കൊസ്തിന്റെ ശക്തിയായ ആത്മസ്നാനം പരിശുദ്ധാത്മാവിന്റെ ശക്തി എന്നിവയും കാലത്തിന്റെ അത്യാവശ്യങ്ങളും ലോക സുവിശേഷീകണത്തെ വളരെ സ്വാധീനിച്ചു. അതുകൊണ്ട് ഇന്നത്തെ നമ്മുടെ അവസ്ഥാന്തരങ്ങളെ വളരെ സാരവത്തായ ദൈവിക പ്രതിഫലനത്തോടെ നാം സംബോധന ചെയ്യേണ്ടതുണ്ട്.

വളരെ ശ്രദ്ധിക്കപ്പെടുന്ന ഒരു മേന്മയുടെ തികതച്ചും അവശ്യമായ ഒരു പുനർ വിലയിരുത്തലിലേക്കാണ് നാം കടന്നിരിക്കുന്നത്. ലോകത്തിലെ രണ്ടിൽ മൂന്നോളം വരുന്ന നിരാലംബരുടെയും അധഃകൃതരുടെയും ഇടയിലെ പ്രവർത്തനമാണ് അസംബ്ലീസ് ഓഫ് ഗോഡ് വോകവ്യാപകമായി ശ്രദ്ധിക്കപ്പെടത്തക്ക വളർച്ച നൽകിയത്. നാം യഥാർത്ഥമായും പാവങ്ങൾക്കിടയിൽ പാവങ്ങൾക്കായുള്ള ഒരു സഭയായി നിലകൊണ്ടു. മാത്രമല്ല നമ്മുടെ പ്രാദേശിക സഭകളൊക്കെയും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളെ മാനിക്കും വിധമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പാവങ്ങളോടുള്ള തങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്ന് അസംബ്ലീസ് ഓഫ് ഗോഡ് ഒഴിഞ്ഞു മാറിയിട്ടില്ല. പരേതനായ ജെ. ഫിലിപ്പ് ഹോഗൻ നമ്മുടെ നിലപാടിനെക്കുറിച്ച് ഇപ്രകാരം സംക്ഷിപ്തപ്പെടുത്തിയിരിക്കുന്നു:

*" പട്ടിണിയിലായിരിക്കുന്നവർക്ക് ഭക്ഷണം നല്കുവാൻ, ദരിദ്രർക്ക് വസ്ത്രം നൽകുവാൻ, പാർപ്പിടം ഇല്ലാത്തവർക്ക് വീടു*

*വച്ചു കൊടുക്കുവാൻ , കുട്ടികൾക്ക് വിദ്യാഭ്യാസം നല്കു വാൻ , മുതിർന്നവർക്ക് പരിശീലനം നല്കുവാൻ, രോഗാതുര ർക്കും വയോധികർക്കും ആതുരസേവനം നല്കുവാൻ ഒക്കെ യായി നാം കോടിക്കണക്കിന് പണം ചെലവഴിക്കുകയും അനേകർ അതിനായി സമർപ്പിതരായി മുന്നോട്ടു വരികയും ചെയ്യു. കൊടുങ്കാറ്റ് , വെള്ളപ്പൊക്കം, ഭൂകമ്പം, ഇത്യാദി പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ അയൽ രാജ്യങ്ങളുടെ അപേക്ഷയോട് തികഞ്ഞ ഉദാരദയോടെ പ്രതികരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നാം ആളുകളെ സ്നേഹിക്കുന്നത് യേശു ആളുകളെ സ്നേഹിക്കുന്നതുകൊണ്ടാണ്. അതിലപ്പുറ മായൊരു ഉദ്ദേശ്യം നമുക്കില്ല. നമ്മുടെ ദുരിതാശ്വാസങ്ങൾ നമ്മുടെ സുവിശേഷ സാക്ഷ്യത്തിൽ നിന്നും വേർതിരിക്കാനാ വുന്നതല്ല. ''*

ഇത്തരമൊരു ചിത്തബോധത്തിൽ നാം എത്തിയിരിക്കുന്ന ഇത്തരുണത്തിൽ ബഹുമാനിതനായ മെൽവിൻ ഹോഡ്ജസിന്റെ താത്വിക വിജ്ഞാനം ഇവിടെ പരിഗണിക്കപ്പെടുന്നത് നന്നായിരിക്കും. അദ്ദേഹം അസംബ്ലീസ് ഓഫ് ഗോഡിന്റെ ജനസമ്മതനായ മിസിയോളജിസ്റ്റാണ്. പ്രാദേശിക സഭയുടെ സ്ഥാപനത്തിലും പുരോഗതിയിലുമാണ് അദ്ദേഹം കൂടുതൽ കൈത്താങ്ങൾ നല്കിയിരുന്നത്. എന്നിരുന്നാലും മദ്ധ്യഅമേരി ക്കയിലെ കൃഷിക്കാർക്കിടയിലുണ്ടായ ലഹളങ്ങൾക്കും ദാരിദ്ര്യങ്ങൾക്കു മിടയിൽ അദ്ദേഹം പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ ഈ വാക്കുകളിൽ അദ്ദേഹത്തിന്റെ സാമൂഹിക പ്രതിബദ്ധതയെക്കുറിച്ച് നമുക്ക് മനസി ലാക്കുവാൻ കഴിയും. ''ക്രിസ്ത്യാനികളുടെ അടിസ്ഥാനപരമായ പ്രകൃതം നീതിയെ സ്നേഹിക്കുകയും അനീതിയെ പകയ്ക്കുകയുമാണ്. അതു കൊണ്ട് അവർ എപ്പോഴും നമുഷ്യർക്ക് നന്മ ചെയ്യുവാനും നീതി നട പ്പാക്കുവാനും ബദ്ധപ്പെടുന്നു.'' ആളുകൾ ചെവിയുള്ള ആത്മാക്ക ളല്ല എന്ന് അദ്ദേഹം എപ്പോഴും പറയുമായിരുന്നു.

അദ്ദേഹത്തിന്റെ *എ തിയോളജി ഓഫ് ദ ചർച്ച് ആന്റ് ഇറ്റ്സ് മിഷൻ* എന്ന കൃതിയിൽ അദ്ദേഹം സാമൂഹിക പ്രതിബദ്ധതയെ സംബ ന്ധിച്ച് ചില വഴികാട്ടൽ നല്കിയിട്ടുണ്ട്. അതിന്റെ ഒരു സംക്ഷേപം ചുവടെ ചേർക്കുന്നു.

- നമ്മാലാവും വിധം നമുക്കു ചുറ്റുമുള്ളവരെ നാം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്ത് ദൈവസ്നേഹം പ്രകടമാക്കേണം. ദൈവ സ്നേഹത്തിന്റെ ഉല്പാദിത പ്രകടനം നമ്മിൽ നിന്നും ഉണ്ടാകുവാൻ ദൈവം ആഗ്രഹിക്കുന്നു.
- സാമൂഹിക പ്രതിബദ്ധതയുള്ള സകല ശുശ്രൂഷയുടെയും കേന്ദ്ര ബിന്ദു പ്രാദേശിക സഭയാണ്.
- സാമൂഹ്യ പ്രതിബദ്ധതയോടുകൂടിയ ഏതു കാര്യപരിപാടിയും യേശുക്രിസ്തുവിന്റെ രക്തത്തിലൂടെയുള്ള വീണ്ടെടുപ്പ് എന്ന കേന്ദ്ര സന്ദേശത്തിലേക്ക് ജനങ്ങളെ തിരിക്കുന്നതായിരിക്കേണം.
- സാമൂഹിക ആവശ്യങ്ങളോടുള്ള നമ്മുടെ ശുശ്രൂഷ അത് അനുഭ വിക്കുന്നവരുടെ ഇടയിൽ നിരാകണത്തിന് വഴിയൊരുക്കുന്നതാ യിരിക്കരുത്.
- യഥാർത്ഥമായ നമ്മുടെ ആവശ്യങ്ങളെ മാനിക്കുന്നുവോ എന്നു ള്ളത് നാം ഉറപ്പാക്കേണ്ടതുണ്ട്. മതേതര ഏജൻസികളോട് നാം ഒരിക്കലും വൃഥാ മത്സരത്തിനു പോകരുത്.
- ആളുകൾ തങ്ങളെത്തന്നെ സഹായിക്കും വിധം പ്രാപ്തിയിലെത്ത തക്കവണ്ണം നാം അവരെ സഹായിക്കണം.
- മാനവകുലത്തിന്റെ വീണ്ടെടുപ്പിനു വേണ്ടി നാം ചെയ്തത് മാത്രമേ നിലനിൽക്കുകയുള്ളു എന്നത് നാം മറന്നു പോകരുത്.

സാമൂഹിക പ്രതിബദ്ധതയെക്കുറിച്ചുള്ള തന്റെ സംക്ഷിപ്ത പ്രഖ്യാപനത്തിൽ ഹോഡ്ജസ് ഇങ്ങനെ പറയുന്നു: ''സുവിശേഷ വിഹി തർക്ക് ആകമാന മനുഷ്യനെക്കുറിച്ച് ഒരു കരുതലുണ്ട് എന്നത് പ്രക ടമായ കാര്യമാണ്. എന്നിരുന്നാലും സകലത്തിന്റെയും വാതായനമായ മനുഷ്യന്റെ ആത്മീക ആവശ്യങ്ങൾക്ക് നാം പ്രഥമ ഗണന നല്കേണം. സുവിശേഷ വിഹിതർ പ്രചാരണത്തിലൂടെയും പ്രവർത്തനത്തിലൂടെയും യേശുക്രിസ്തുവിന്റെ സുവിശേഷത്തെ വിനിമയിക്കുന്നവരായിരിക്കണം. ആളുകൾ തങ്ങളുടെ നല്ല പ്രവർത്തികൾ കണ്ട് ക്രിസ്തുവിങ്കലേക്ക് ആക ർഷിക്കപ്പെടുംവിധം ഇങ്ങനെ അവരുടെ വെളിച്ചം പ്രകാശിതമായി ത്തീരും'' (മത്താ. 5:16).

അസംബ്ലീസ് ഓഫ് ഗോഡിന്റെ മിസ്സിയോളജിസ്റ്റായ ഡി. പീറ്റേഴ്സും നോട്ട് ബൈ മൈറ്റ് നോർ ബൈ പൗവ്വർ എന്ന തന്റെ പുസ്തക ത്തിൽ , അനുകമ്പാ ശുശ്രൂഷയിൽ പങ്കു വഹിക്കുന്ന ആരും യേശുക്രി സ്തുവുമായി ഒരു നല്ല ബന്ധമുള്ളവനായിരിക്കേണം എന്നു പറഞ്ഞിരി ക്കുന്നു. ഒരു മനുഷ്യനെ ക്രിസ്തുവിങ്കലുള്ള ഏകാഗ്രതയിലേക്കു കൊണ്ടു വരുന്ന രൂപാന്തരത്തിലേക്ക് നയിക്കുന്നതായിരിക്കും ഇത്തരത്തിലുള്ള ആളുകളുമായുള്ള കണ്ടുമുട്ടൽ. പരിശുദ്ധാത്മസ്നാനം ഒരുവനിൽ ദൈവ കൃപയുടെ പ്രവൃത്തി കൊണ്ടുവരുന്നു. അങ്ങനെ ദൈവവുമായിട്ടുള്ള തന്റ കണ്ടുമുട്ടലുകൾ നിമിത്തം നീതീബോധത്തിനായും സുവിശേഷീക രണത്തിനായും അവൻ സജ്ജമാക്കപ്പെടുന്നു. പെന്തെക്കൊസ്തു വിശ്വാ സികളുടെ സാമൂഹിക ചിന്താഗതി ഏത് ആവശ്യങ്ങളെയാണ് മാനി ക്കേണ്ടതെന്ന് പ്രത്യേക നിർവചനം നല്കുന്നില്ല. അതിലുപരിയായി, ഒരു പെന്തെക്കൊസ്തു സമുദായം പ്രദാനം ചെയ്യുന്നതും രൂപാന്തരപ്പെടുത്തു ന്നതുമായ സുവിശേഷ ശക്തിയുടെ നിവേശനമാണത്. ആത്മശക്തിക ളുടെ സാക്ഷ്യം ഉയിർത്തെഴുന്നേറ്റ നമ്മുടെ കർത്താവിന്റെ ജീവിത വ്യ തിയാനം ഉളവാക്കുന്ന സുവിശേഷവും അതിലൂടെയുള്ള നിത്യജീവ നെയും സാക്ഷ്യപ്പെടുത്തുന്ന ആത്മശക്തിയാലുള്ള പ്രവർത്തനം എന്നി വയാലാണ് ഇതു സാധിതമായിത്തീരുന്നത്. കഷ്ടത അനുഭവിക്കുന്നവ രുടെ ഹൃദയ വേദന നമുക്ക് ഒരിക്കലും ഒഴിവാക്കാനാവില്ല. എന്നാൽ ജീവിതത്തിന്റെ പാതയോരങ്ങളിൽ ഒറ്റപ്പെട്ടുപോയവർക്ക് യേശുക്രിസ്തു വിന്റെ അത്ഭുതകരവും ജീവിത രൂപാന്തരം വരുത്തുന്നതുമായ സുവി ശേഷം അറിയിക്കുന്നതിനുള്ള അവസരമായി നമുക്ക് അത് പ്രയോജന പ്പെടുത്തിക്കൂടേ? നമ്മുടെ വാക്കിലും നോട്ടത്തിലും പ്രവൃത്തിയിലും നാം ഭരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ദൈവരാജ്യത്തിന്റെ മുഴു അർത്ഥ തല ങ്ങളെ സ്ഫുടമാക്കും വിധം നാം ജീവിക്കുമെങ്കിൽ ലോകം കണ്ടിട്ടുള്ള തിൽ വച്ച് ഏറ്റവും മഹത്തരമായ ഒരു സുവിശേഷീകരണ പ്രക്രിയ നമുക്ക് തുടരുവാൻ കഴിയും.■



**ബൈരൻ ഡി.ക്ലൗസ്**
സ്പ്രിംഗ് ഫീൽഡിലുള്ള അസംബ്ലീസ ഓഫ് ഗോഡ് തിയോളജിക്കൽ സെമിനാരിയുടെ പ്രസിഡന്റാണ്.

# ദൈവം ആളുകളെ കരുതുന്നു:

ലൂക്കൊസിന്റെ സുവിശേഷത്തിൽ നിന്നും അപ്പൊസ്തോല പ്രവൃത്തികളിൽ നിന്നുമുള്ള ഒരു പെന്തക്കൊസ്തു വീക്ഷണം.



*എവററ്റ് എസ്ഥേർ കുക്ക് ദമ്പതികൾ അമേരിക്കൻ ഐക്യനാടുകളിലെ പടിഞ്ഞാറൻ ഭാഗത്തുകാരായ സഭാസ്ഥാപകരാണ്. അവരുടെ സഹോദരനായ കുക്കിന്റെ പെൻഷൻ പണം ഉപയോഗിച്ച് പ്രിൻസ് ഫീൽഡ് (മിസോറി) വിക്ടറി മിഷൻ നടത്തിക്കൊണ്ടിരിക്കുമ്പോൾ ഞാൻ അവരെ സന്ധിക്കുവാനിടയായി. എനിക്കും സെൻട്രൽ ബൈബിൾ കോളേജിലെ വിദ്യാർത്ഥികൾക്കും അവർ ആലോചനക്കാരായിരുന്നു (Mentor ). വേദപുസ്തകത്തിൽ നിന്ന് ഞാൻ പഠിച്ചതിനെ പ്രായോഗികമാക്കും വിധം ആ ദൗത്യത്തിന് ഞാൻ സഹായം ചെയ്തു. റൺസൈഡർ എഴുതിയ Rich Christians in an Age of Hunger എന്ന പുസ്തകവും എനിക്ക് പ്രചോദനം പകർന്നു.*

**ക്രെയ്ഗ് എസ്. കീനർ**

പെന്തെക്കൊസ്തിന്റെ തുടക്കകാലം മുതൽ തന്നെ എളിയവർക്കായുള്ള ശുശ്രൂഷയ്ക്ക് പെന്തെക്കൊസ്തുകാർ പ്രാധാന്യം നല്കിയിരുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മ ാവിന്റെ പ്രഥമ പകർച്ചയ്ക്കും പത്രൊസിന്റെ പെന്തെക്കൊസ്തു പ്രസംഗത്തിനും ശേഷം ക്രിസ്ത്യാനികൾ ആത്മബലത്തോടെയുള്ള ജീവിതരീതി ആരംഭിച്ചു (അപ്പൊസ്തല. 2: 41-47 വരെ). ഇതിൽ അത്ഭുതങ്ങൾ, അടയാളങ്ങൾ, ഒത്തൊരുമിച്ചുള്ള പ്രാർത്ഥന, അപ്പൊസ്തലന്മാരുടെ ഉപദേശത്തോടുള്ള ഭക്തിയാദരവ് എന്നിത്യാദികൾ മാത്രമല്ല സേവനത്തിന്റെയും പങ്കിടിലിന്റെയും തികച്ചും മൗലീകമായ ഒരു ജീവിതശൈലിയും ഉൾക്കൊണ്ടിരുന്നു. എന്തുകൊണ്ടെന്നാൽ ഈ ക്രിസ്ത്യാനികൾ തങ്ങൾക്കുള്ള സമ്പത്തുക്കളെക്കാളുപരി തങ്ങളുടെ സഹക്രിസ്ത്യാനികളെ സ്നേഹിച്ചു. മറ്റുള്ളവരുടെ ആവശ്യങ്ങളെ മാനിക്കേണ്ടതിന് തങ്ങൾക്കുള്ളതു ചെലവാക്കുവാൻ അവർ സന്നദ്ധരായിരുന്നു (അപ്പൊ.പ്ര. 2 : 45). എപ്പോഴെങ്കിലും മറ്റുള്ളവർ ആവശ്യത്തിലായിരിക്കുമ്പോൾ തങ്ങളുടെ ജീവിതത്തിൽ ആവശ്യങ്ങളിൽ കവിഞ്ഞുള്ളത് വിറ്റ് അവരുടെ ആവശ്യങ്ങളെ മാനിക്കുക പതിവായിരുന്നു (അ.പ്ര.2 : 45). അപ്പൊസ്തപ്രവർത്തികൾ 2 : 45-ൽ കൊയ്നോനിയ അഥവാ കൂട്ടായ്മ എന്ന പദം കുറിയ്ക്കപ്പെട്ടിരിക്കുന്നു. സഭാരാധനയ്ക്കു ശേഷമുള്ള കുശലം പറച്ചിലിനെയല്ല ഇതു സൂചിപ്പിക്കുന്നത്. എന്നാൽ ആദ്യകാലത്തെ ക്രിസ്ത്യാനികളുടെ കൂട്ടായ്മ എന്നത് കുശലം പറച്ചിലിനെക്കാൾ ഉപരിയായതായിരുന്നു. അവർ അന്യോന്യം തങ്ങളുടെ ജീവിതത്തെയും അതിന്റെ ആവശ്യങ്ങളെയും ആഴ

മായി അറിഞ്ഞ് മാനിച്ചിരുന്നു. സാമ്പത്തിക പങ്കിടലിലും പങ്കാളിത്തത്തിലും പുരാതന യവന വ്യാപാര ഉടമ്പടികളിൽ കൊയ്നോനിയ എന്ന പദം പ്രയോഗിക്കപ്പെട്ടിരുന്നു. ചില സമയങ്ങളിൽ പുതിയ നിയമത്തിലും ഇതേ വിവക്ഷയിൽ ഇത് ഉപയോഗിച്ചിട്ടുണ്ട് (2 കൊരി.8 : 4, 9 :13) പൗലൊസ് മിക്കപ്പോഴും ഇതേ വിവക്ഷയിലുള്ള ക്രിയാപദം ഉപയോഗിച്ചിട്ടുണ്ട് (റോമ.12: 13, 15: 27; ഗലാ.6 : 6,ഫിലി.4 :15).

സഭ ഉപദ്രവത്തിലൂടെ കടന്നുപോയതിനു ശേഷം അത്ഭുതങ്ങളാലും അടയാളങ്ങളാലും തങ്ങൾക്ക് ധൈര്യം പകർന്നു തരുവാൻ അവർ ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവം അവിടുത്തെ പരിശുദ്ധാത്മാവിനെ അവർക്കു പകർന്നു. തങ്ങളിലുള്ള ആവശ്യക്കാരെ കരുതുവാൻ ക്രിസ്ത്യാനികളെ പിന്നെയും ഒരുക്കിയത് ആ പരിശുദ്ധാത്മ പകർച്ചയുടെ ഫലങ്ങളിലൊന്നാണ് (4: 31-34). ഈ തരത്തിൽ പാവങ്ങളോടുള്ള കരുതൽ അപ്പൊ.പ്ര. ഉടനീളം നമുക്കു കാണാം (അ.പ്ര. 9 :36, 39). ആത്യന്തികമായി അത് സകല സംസ്ക്കാരിക വലയങ്ങളെയും ഭേദിച്ചുകൊണ്ട് പട്ടണത്തിലെ ആവശ്യത്തിലായിരിക്കുന്ന ക്രിസ്ത്യാനികൾക്ക് എല്ലാം സഹായം എത്തിക്കുന്ന നിലയിലായി (6: 1-6). മാത്രമല്ല, മറ്റ് പ്രദേശങ്ങളിലുള്ള , അതായത് ഭൂമിശാസ്ത്രപരമായ അതിരുകൾക്കുമപ്പുറമുള്ള രാജ്യങ്ങളിലെ ആവശ്യത്തിലായിരിക്കുന്ന സഭകൾക്കും സഹായമെത്തിക്കുവാനവർ സജ്ജമായി. ഇത്തരത്തിലുള്ള ശുശ്രൂഷ അപ്പൊസ്തല പ്രവൃത്തികളിലും ഒതുങ്ങാതെ തുടരുകയും സഹ ക്രിസ്ത്യാനികൾ എന്നുള്ള കരുതലിനെക്കാൾ ഉപരി അന്യ ജാതി മതസ്ഥരിലേക്കും ഇത്തരം കരുണയുടെ കരം നീണ്ടു ചെന്നു (യാക്കോബ് 4:5 ; ആമോസ് 2 :1).

എവിടെ നിന്നാണ് ഇത്തരത്തിൽ മറ്റുള്ളവരെ സേവിക്കുവാൻ ക്രിസ്ത്യാനികൾ പഠിച്ചത്? ദൈവരാജ്യത്തിനു വേണ്ടി ത്യാഗം സഹിക്കുവാൻ പരിശുദ്ധാത്മാവ് അവർക്കു ശക്തി നല്കി. നമ്മുടെ ജീവിതങ്ങളിൽ അവിടുന്ന് നല്കുന്ന ഫലത്തിലെ പ്രഥമമായ ഘടകമാണ് സ്നേഹം (ഗലാ. 5: 22). എന്നാൽ സ്നേഹത്തിന്റെ മൂർത്ത ഭാവത്തെ യേശുവിന്റെ ഉപദേശങ്ങളും ദൃഷ്ടാന്തങ്ങളും പ്രകടമാക്കി. ലൂക്കൊസിന്റെ സുവിശേഷം ഈ ഉപദേശത്തെ വളരെ മഹത്തായ രീതിയിൽ വിവരിച്ചിട്ടുണ്ട്. അപ്പൊസ്തല പ്രവൃത്തികളും ലൂക്കൊസിന്റെ സുവിശേഷവും ലൂക്കൊസ് എഴുതിയതാകയാൽ ആദിമ പെന്തക്കൊസ്തു സഭയുടെ മൗലീക ജീവിത ശൈലിയും അതിലേക്കവരെ നടത്തിയ സുവിശേഷ ഉപദേശവും നമുക്കു മനസ്സിലാക്കുവാൻ കഴിയും.

## ദരിദ്രർക്കായുള്ള യേശുവിന്റെ ദൗത്യം

ആധുനിക എഴുത്തുകാരെപ്പോലെ തന്നെ പുരാതന എഴുത്തുകാരും തങ്ങളുടെ പ്രധാന പ്രമേയത്തെ കൂടെക്കൂടെ അവതരിപ്പിക്കുകയും പ്രമേയത്തിന്റെ തുടക്കങ്ങളിൽ തന്നെ പ്രധാന ആശയങ്ങളെ സംഗ്രഹിച്ചു കാട്ടുകയും ചെയ്യുക പതിവാണ്. മിക്ക വേദപണ്ഡിതന്മാരും ലൂക്കൊസിന്റെ സുവിശേഷം 4 : 11- 27 വരെയുള്ള ഭാഗം ലൂക്കൊസിന്റെ സുവിശേഷത്തിന്റെ തുടക്ക പ്രഭാഷണമായി കാണുന്നു. അപ്പൊസ്തല പ്രവൃത്തികൾ 1: 8 ഉം 2 :17-21ഉം അതിന്റെ ആകമാന പ്രമേയത്തിന്റെ ബാഹ്യരേഖയാണ്. ഇതിലെ പല പ്രമേയങ്ങളും (അതായത് ) യേശു പരിശുദ്ധാത്മാവിനാൽ അഭിഷിക്തനാകുന്നതും മറ്റും (അപ്പൊ.പ്ര. 4: 27, 10 :38) ലൂക്കൊസിന്റെ സുവിശേഷത്തിൽ പുനരാവർത്തിക്കുന്നതു നമുക്കു കാണാം. പുരാതന പ്രവാചകൻ അന്യദേശക്കാരിയായ വിധവയേയും കുഷ്ഠരോഗിയേയും ശുശ്രൂഷിച്ചതിനെക്കുറിച്ച് യേശു പറഞ്ഞത് വിധവകളോടും കുഷ്ഠരോഗികളോടുമുള്ള തന്റെ സ്വന്ത ശുശ്രൂഷയെക്കുറിച്ച് മുൻ സൂചന നല്കുക മാത്രമായിരുന്നില്ല അപ്പൊ. പ്രവൃത്തികളിൽ പുറജാതികൾക്കു സഭ ചെയ്യുവാൻ പോകുന്ന ശുശ്രൂഷയെക്കുറിച്ചു സൂചിപ്പിക്കുകയുമായിരുന്നു. യേശു ദരിദ്രരോട് സുവിശേഷമറിയിക്കുമെന്നുള്ള യെശയ്യാ പ്രവാചകന്റെ വാഗ്ദത്തത്തെ യേശു നിവർത്തീകരിച്ചു.

ലൂക്കൊസിന്റെ സുവിശേഷത്തിലെ യേശുവിന്റെ ദൗത്യം നമ്മെ ഇപ്രകാരമാണ് സ്വാധീനിക്കുന്നത്. എന്തുകൊണ്ടെന്നാൽ ലൂക്കൊസിന്റെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന യേശുവിന്റെ പരിശുദ്ധാത്മ സ്നാനവും ദൗത്യവും അപ്പൊസ്തല പ്രവൃത്തികളിൽ സഭ ചെയ്യുവാൻ പോകുന്ന അനുഭവങ്ങളുടെയും ശുശ്രൂഷയുടെയും മുൻ സൂചനയായി കാണുന്നു. അവിടുത്തെ മാതൃകയും ദൗത്യവും അവിടുത്തെ അനുയായികൾക്ക് ഇന്നും ദൃഷ്ടാന്തമായി നിലകൊള്ളുന്നു. ലൂക്കൊസിന്റെ സുവിശേഷത്തിൽ ശ്രദ്ധ ചെലുത്തുമ്പോൾ തന്നെ പരിശുദ്ധാത്മ പകർച്ചയോടെ ദരിദ്രർക്കായുള്ള ശുശ്രൂഷ പ്രകടമാക്കിയത് ഇന്നത്തെ സഭയ്ക്കും പ്രസക്തമായി നിലകൊള്ളുന്നു.( അപ്പൊ.പ്ര.1 :8; 2 :44,45 ; 4: 32, 34 ) പ്രഥമവും പ്രധാനവുമായി നാം ലോകത്തോട് സുവിശേഷമറിയിക്കുവാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. അപ്പോൾതന്നെ സുവിശേഷമറിയിക്കുന്ന ആളുകളോട് കരുതലുള്ളവരായിരിക്കുവാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. യെശയ്യാ പ്രവാചകന്റെ പുസ്തകത്തിലെ ഒരു തിരുവചന ഭാഗത്തിന്റെ അടിസ്ഥാനത്തിൽ യേശു തന്റെ ദൗത്യത്തെ പ്രഖ്യാപിച്ചിരിക്കുന്നു. (യെശ.61: 1,2 ലൂക്കൊ. 4: 18 ,19) തന്റെ ശ്രോതാക്കൾ യെശയ്യാ പ്രവചനവുമായി നല്ല പരിചയമുള്ളവരായിരുന്നതുകൊണ്ട് ദരിദ്രരോടുള്ള കരുതലിനെക്കുറിച്ചും സമൂഹത്തിൽ നീതി ഉറപ്പാക്കപ്പെടേണ്ടതിനെക്കുറിച്ചും യെശയ്യാവ് പറഞ്ഞിരിക്കുന്നത് അവർ നന്നായി മനസിലാക്കിയിട്ടുള്ളവരാണ്. യിസ്രയേൽ മക്കൾ ഈ ഉൽക്കണ്ഠകളെ അവഗണിച്ചാൽ അവരുടെ മതാചാരങ്ങളൊന്നും തന്നെ ദൈവത്തെ പ്രസാദിപ്പിക്കുകയോ അവിടുന്ന് അവരുടെ പ്രാർത്ഥന കേൾക്കുകയോ ചെയ്യുകയില്ല. (യെശയ്യ. 1 : 11-17 വരെ. 58 : 5-7 ) തങ്ങൾക്കുവേണ്ടി തന്നെ കൂട്ടി വയ്ക്കുകയും ദരിദ്രരെ ഉപദ്രവിക്കുന്നവർക്കു വിരോധമായി യെശയ്യാവ് ശാസിക്കുന്നു(യെശ. 10: 2). സമുദായിത്തിൽ നീതി നടപ്പാക്കേണ്ട സാമൂദായിക നേതാക്കന്മാരെ അദ്ദേഹം ചോദ്യം ചെയ്യുന്നു (യെശയ്യാ. 3 :14, 15) . അദ്ദേഹത്തിന്റെ സമകാലീനനായ ആമോസും നീതിക്കായി മുറവിളികൂട്ടിയ പ്രവാചകനായിരുന്നു (ആമോസ് 2: 6,7). യെശയ്യാവിനെപ്പോലെ തന്നെ ആമോസും സമുദായത്തിന്റെ സാന്മാർഗിക രൂപാന്തരത്തിനും മോശമായ പെരുമാറ്റത്തിന് വശംവദവരായിതീരുന്നവർക്കുള്ള ന്യായ സ്ഥാപനത്തിനും വേണ്ടി പ്രവർത്തിക്കാത്തിടത്തോളം പുറമെയുള്ള നമ്മുടെ മതഭക്തിയും യാഗങ്ങളും അർത്ഥവത്തല്ലാത്തതാണെന്നു പറയുന്നു. ദരിദ്രരെ അവഗണിക്കുക എന്നുള്ളതായിരുന്നു സോദോമിന്റെ പാപങ്ങളിലൊന്ന്. ദരിദ്രോട് കരുണ കാണിച്ച

തിൽ ദീർഘനാൾ വാണ ജാതീയ സാമ്രാജ്യങ്ങളും ഉണ്ട്. (ദാനി. 4 :27) . യെശയ്യാ പ്രവചനം 61 ന്റെ 1ഉം 2 ഉം വാക്യങ്ങൾ യേശു ഉദ്ധരിച്ചു. അത് അവിടുത്തെ ദൗത്യത്തിന്റെ കൃത്യമായ പ്രഖ്യാപനമായിരുന്നു. ദൗത്യത്തിനു വേണ്ടി ദൈവത്തിന്റെ ആത്മാവിനാൽ അഭിഷിക്തനാകുന്ന ഒരുവനെക്കുറിച്ച് യെശയ്യാവ് പറഞ്ഞു. യേശു ഈ അഭിഷേകം പ്രാപിക്കുകയും ചെയ്തു. സ്നാനത്തിൽ പരിശുദ്ധാത്മാവ് അവിടുത്തെയുടെ മേൽ ആവസിക്കുകയും ആത്മാവ് അവിടുത്തെ മരുഭൂമിയിലേക്ക് കൊണ്ടു പോവുകയും കൊണ്ടു വരികയും ചെയ്തു. മരുഭൂമിയിൽ അവിടുന്ന് പരീക്ഷിക്കപ്പെട്ടു. (ലൂക്കൊ.3 :21;22 4: 1,14) ദരിദ്രർ , ബന്ധനസ്ഥർ , കുരുടർ, താഴ്ത്തപ്പെട്ടവർ, എന്നിവരും യേശുവിന്റെ ശുശ്രൂഷയുടെ പട്ടികയിൽ വരുന്നു (ലൂക്കൊ. 13: 15,16; 7: 21,22 ;18 :35-41 ) . ഇവരിൽ ദരിദ്രരോടുള്ള ശുശ്രൂഷയ്ക്ക് ലൂക്കൊസിന്റെ സുവിശേഷം പ്രാധാന്യം നല്കുന്നു.

### വിഭവങ്ങളം പങ്കിടുന്നതിനെക്കുറിച്ച് ലൂക്കൊസിന്റെ സുവിശേഷം നല്കുന്ന ഉപദേശം

യേശുക്രിസ്തുവിന് വഴി ഒരുക്കുവാൻ വന്ന സ്നാപക യോഹന്നാൻ പെന്തെക്കൊസ്തു നാളിൽ പത്രൊസ് പ്രസംഗിച്ചതുപോലെ വരുവാനുള്ള സാമ്രാജ്യത്തിന്റെ സജ്ജീകരണത്തിനുള്ള വഴിയായി മാനസാന്തരം പ്രസംഗിച്ചു. (ലൂക്കൊ. 3: 3,8;അപ്പൊ.പ്ര. 2 :8) പ്രായോഗിക തലത്തിൽ മാനസാന്തരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത എന്താണ്? ജനങ്ങൾ ഈ ചോദ്യം യോഹന്നാനോടു ചോദിച്ചു. രണ്ടു വസ്ത്രമുള്ളവൻ ഒന്ന് ഇല്ലാത്തവനു കൊടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ മറുപടി (ലൂക്കൊ. 3: 10,11). യോഹന്നാന്റെ പ്രസംഗം കേട്ട ചില കൃഷിക്കാർ ഒരു വസ്ത്രം മാത്രമുള്ളവരായിരിക്കാം. എന്നാൽ മറ്റ് അനേകർക്കും രണ്ടു വസ്ത്രങ്ങൾ ഉള്ളവരും ആയിരിന്നിരിക്കാം. ഈ ത്യാഗത്തിനുവേണ്ടിയുള്ള ആവശ്യപ്പെടലിൽ അവർക്കുണ്ടായ അലോരസം നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. മിക്കപ്പോഴും ആധുനിക വായനക്കാർ ഇത് അത്യുത്തവും ആലങ്കാരികവുമായി വ്യാഖ്യാനിക്കുന്നു. എന്നാൽ ആ ആലങ്കാരിക ഭാഷയ്ക്കുള്ളിൽ അടങ്ങിയിരിക്കുന്ന അന്തസത്തയെ നാം പലപ്പോഴും അവഗണിച്ചുകളയുന്നു. നമുക്കുള്ളതിനെ കരുതുന്നതിലുപരി മറ്റുള്ളവർക്കായി കരുതണമെന്നുള്ളതാണ് യോഹന്നാൻ ഇവിടെ പറയുന്ന ആശയം. നമുക്ക് ആവശ്യത്തിൽ കവിഞ്ഞുള്ളത് ആവശ്യത്തിലായിരിക്കുന്നവർക്കുവേണ്ടി പങ്കിടുവാൻ നാം തയ്യാറാകണം. ബഹുമാന്യരേയും സഹകാരികളെയും വിരുന്നിനു വിളിക്കുന്ന ഒരു സാംസ്ക്കാരിക പശ്ചാത്തലത്തിൽ തിരികെ പരിചരിക്കുവാൻ കഴിവില്ലാത്ത ദരിദ്രരെയും വികലരെയും ക്ഷണിക്കുന്നതിനെക്കുറിച്ച് യേശു ഊന്നി പറഞ്ഞു (ലൂക്കൊ. 14: 13,21). ആവശ്യക്കാരനുമായി വിഭവങ്ങൾ പങ്കിടുന്നത് സ്വർഗത്തിൽ നിക്ഷേപം കൂട്ടിവയ്ക്കുന്നു എന്നതുപോലെ ഇത്തരത്തിലുള്ള വിരുന്നു ക്ഷണം ഭൂമിയിൽ ലഭ്യമാകുന്നതിലുപരിയായ പ്രതിഫലത്തിനർഹമാണ്. യേശു തന്റെ അനുയായികളെ അയച്ചപ്പോൾ അവർക്ക് സമമായി ലളിത ജീവിതം നയിക്കുവാൻ കല്പിച്ചു. (ലൂക്കൊ. 9 : 3 ,10: 4 ഗലീലയിലെ ഭൂരിപക്ഷം ആൾക്കാരും പാവപ്പെട്ടവരും മീൻപിടുത്തക്കാരുമായിരുന്നു) അവർ തങ്ങളുടെ പദവിയൊ പ്രതിഫലമോ നോക്കാതെ ശുശ്രൂഷയിൽ ശ്രദ്ധ ചെലുത്തേണമായിരുന്നു.

ആവശ്യക്കാരാടും തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞുപേക്ഷിച്ച പാപികളോടും യേശു വലിയ അനുകമ്പ കാട്ടി. എന്നാൽ സാമൂഹികമായും മതപരമായും സ്വയ തൃപ്തരായിരുന്നവരോട് യേശു കഠിനമായി പെരുമാറി. ഞാൻ സ്വയ തൃപ്തിയിൽ മയങ്ങിയിരിക്കുമ്പോൾ കനത്ത വാക്കുകൾകൊണ്ടു മാത്രമേ എന്നെ ഉണർത്തുവാൻ കഴിയുകയുള്ളൂ. അന്നത്തെപ്പോലെ ഇന്നും നമ്മുടെ സുഖതൃപ്തി അനേകരേയും ഇത്തരം അപകടത്തിലാക്കുന്നുവെന്നാണ് നാം കരുതുന്നത്. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ ധനവാൻ നരകത്തിൽ പോയത് എന്തുകൊണ്ടെന്ന് അവിടുന്ന് വ്യക്തമാക്കിയിട്ടില്ല. എന്നാൽ ലാസർ തന്റെ വീട്ടു വാതിലിൽ പട്ടിണി കിടന്നു മരിക്കുവാനിടയായി എന്ന ഒരു സൂചന അവിടുന്ന് നല്കുന്നു. (ലൂക്കൊ. 16: 23,25). പണത്തെ സ്നേഹിക്കുന്ന ചില മതവാദാക്കാരോടാണ് യേശു ഇതു പറഞ്ഞത്. ദരിദ്രർക്ക് നമ്മുടെ വാതിലിനോട് അടുക്കുവാൻ കഴിയാത്തവിധം നാം വികാസം പ്രാപിച്ചവരായി തീർന്നിരിക്കുന്നു. എന്നാൽ അവരുടെ ആവശ്യങ്ങളെക്കുറിച്ച് നാം അറിഞ്ഞിരിക്കുന്നുവെങ്കിൽ നാം കണക്കു ബോധിപ്പിക്കേണ്ടി വരും.

ദരിദ്രരോട് കരുണ കാട്ടേണം എന്നുള്ള യേശുവിന്റെ മുന്നറിയിപ്പ് നാം പ്രവൃത്തികൾ മുഖേന രക്ഷിപ്പെടുന്നു എന്ന് വിവക്ഷിക്കുന്നില്ല. നാം വിശ്വാസം മൂലം മാത്രമാണ് രക്ഷിക്കപ്പെടുന്നതെന്ന് വേദപുസ്തകം വ്യക്തമാക്കുന്നു. പലപ്പോഴും പല നാമധേയ ക്രിസ്ത്യാനികളും തങ്ങളെത്തന്നെ ക്രിസ്ത്യാനികളെന്നു വിളിക്കുന്നുവെങ്കിലും തങ്ങളുടെ ജീവിതത്തിലൂടെ അത് വെളിപ്പെടുത്തുന്നതായി കാണുന്നില്ല. എല്ലാ പുതിയ നിയമ എഴുത്തുകാരെ സംബന്ധിച്ചിടത്തോളവും വാസ്തവമായ രക്ഷാകര വിശ്വാസം വാസ്തവമായ ക്രിസ്തീയ അനുകമ്പയെപ്പോലെ വാസ്തവമായ വഴികളിലൂടെ പ്രകടമാക്കപ്പെടേണം. പ്രവൃത്തിയോടു ചേരാത്ത വിശ്വാസം യഥാർത്ഥമായ രക്ഷാകരവിശ്വാസമല്ലെന്ന് യാക്കോബ് പറയുന്നു ( യാക്കൊ. 2 :14).

> **ദരിദ്രരോട് കരുണ കാട്ടേണം എന്നുള്ള യേശുവിന്റെ മുന്നറിയിപ്പ് നാം പ്രവൃത്തികൾ മുഖേന രക്ഷിപ്പെടുന്നു എന്ന് വിവക്ഷിക്കുന്നില്ല. നാം വിശ്വാസം മൂലം മാത്രമാണ് രക്ഷിക്കപ്പെടുന്നതെന്ന് വേദപുസ്തകം വ്യക്തമാക്കുന്നു.**

യേശുക്രിസ്തുവിന്റെ പ്രസംഗം താൻ ധനവാന്മാർക്ക് വിരോധിയാണെന്ന് അർത്ഥമാക്കുന്നില്ല. എത്രത്തോളം സമ്പാദ്യം തനിക്കുണ്ട് എന്നുള്ളതല്ല ആ സമ്പാദ്യം കൊണ്ട് താൻ എന്തു ചെയ്യുന്നു എന്നുള്ളതിനാണ് പ്രാധാന്യം. ചുങ്ക പിരിവുകാരെ ശുശ്രൂഷിക്കുവാൻ കർത്താവ് സാരമായ സമയം ചെലവഴിക്കുന്നു. ചുങ്കപ്പിരിവുകാർ സമുദായത്തിൽ ഒതുക്കപ്പെട്ടവരായിരുന്നെങ്കിലും സാമ്പത്തികമായി അവർ ഒതുക്കപ്പെട്ടവരായിരുന്നില്ല. നികുതി പിരിക്കുന്ന കാര്യത്തിൽ അവർ തികച്ചും ക്രൂരമായി പെരുമാറിയിരുന്നു. മക്കൾ നികുതി ചെലുത്താത്തതിന് പ്രായമായ അമ്മമാരെ അവർ ഉപദ്രവിച്ചിരുന്നു. യേശു ശുശ്രൂഷ ചെയ്ത ഗലീലയിലെ കൃഷിക്കാരെയും ഈ ചുങ്കപിരിവുകാർ ഉപദ്രവിച്ചിരുന്നു. യേശു ഈ രണ്ടുകൂട്ടർക്കും ശുശ്രൂഷ ചെയ്തു.

ധനവാൻ സ്വർഗരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം . യേശുവിനോടൊപ്പം ചില ധനികന്മാരുണ്ടായിരുന്നുവെന്നിരുന്നാലും യേശുവിന്റെ ഈ വാക്കുകൾ തികച്ചും അത്യുത്തമമായിരുന്നു. ധനകനായിരുന്ന സഖായ ി എന്ന ചുങ്കപിരിവുകാരൻ തനിക്കുള്ളതിന്റെ പകുതിയോളം ദരിദ്രർക്കു കൊടുക്കുകയും താൻ തെറ്റായി വാങ്ങിയിട്ടുള്ളവർക്ക് നാലുമടങ്ങ് തിരികെ കൊടുക്കുകയും ചെയ്തു. ധനികനായ അരിമഥ്യക്കാരൻ യോസേഫ് യേശുവിന്റെ അരുമ ശിഷ്യന്മാരെക്കാൾ അധികമായി സമർപ്പണമുള്ളവനാകുകയും യേശുവിന്റെ മൃതശരീരം പീലാത്തോസിനോട് നേരിട്ട് ചോദിക്കുകയും ചെയ്തു. ധനികനനായിരുന്നെന്നാലും യഹൂദന്മാരുടെ രാജാവ് എന്ന് അവകാശവാദം മുഴക്കിയ ഒരു രാജ്യദ്രോഹിയുമായി താദാത്മ്യം കാട്ടുക എന്നത് തികച്ചും അപകടകരമായ കാര്യമാണ്.

## എല്ലാ ശിഷ്യന്മാരോടുമുള്ള യേശുവിന്റെ ആഹ്വാനം

യേശുവിന്റെ ഈ അവകാശവാദം ധനവാന്മാരോടു മാത്രമാണെന്നാണോ നാം കരുതേണ്ടത്? പലപ്പോഴും യേശുവിന്റെ വാക്കുകൾ നമ്മോടു സംസാരിക്കുന്നു എന്നു നാം കണക്കാക്കാതെ നാം വായിച്ചു പോന്നു. ഒരിക്കൽ യേശു ഒരു ധനവാനായ യുവാവിനോട് തനിക്കുള്ളതൊക്കെയും വിറ്റു ദരിദ്രർക്കു കൊടുക്കുവാനാവശ്യപ്പെട്ടു. മിക്കപ്പോഴും ആ വാക്യം നമ്മോടു പറയുന്ന അർത്ഥ തലങ്ങളെ നാം മനസിലാക്കുവാൻ മിനക്കെടാറില്ല.

എന്നാൽ നാം മനസിലാക്കുന്നതിനു വിരോധമായി, യേശു ആ യൗവ്വനക്കാരനായ ഭരണാധികാരിയോടു മാത്രമല്ല തന്റെ ശിഷ്യന്മാരോടും ഭൂമിയിലുള്ള തന്റെ നിക്ഷേപങ്ങളെ വിറ്റ് സ്വർഗത്തിൽ നിക്ഷേപം ഉണ്ടാക്കുവാൻ കല്പിച്ചു (ലൂക്കൊ.12: 33). ചിലർ അവകാശവാദം മുഴക്കുന്നതുപോലെ പണം ദോഷകരമായ ഒന്നായി യേശു പറഞ്ഞില്ല. അതിലുപരിയായി നിത്യതയിൽ നിക്ഷേപിക്കുന്നതുമായി താരതമ്യം ചെയ്യുമ്പോൾ ഈ ലോകത്തിലെ ധനം ഒന്നുമില്ല എന്നാണ് യേശു പറഞ്ഞത് (ലൂക്കൊ. 16 : 9-13). നാം ദൈവരാജ്യത്തെ തേടുകയാണെങ്കിൽ നമ്മുടെ ആവശ്യങ്ങളെയെല്ലാം മാനിക്കുമെന്ന് യേശു പറഞ്ഞു. (ലൂക്കൊ. 12 : 22-32) നിത്യമായ മതിപ്പുള്ള കാര്യങ്ങൾക്ക് വിഭവങ്ങൾ ചെലുത്തി സ്വർഗരാജ്യത്തിന്റെ കെട്ടുപണിക്ക് പങ്കാളികളാകുവാൻ അവിടുന്ന് നമ്മെ ആഹ്വാനം ചെയ്തു.

19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നതും അരമില്യനിലധികം ആളുകളെ ക്രിസ്തുവിങ്കലേക്കു നടത്തിയവനുമായ പ്രശസ്ത സുവിശേഷകർ ചാൾസ് ഫിന്നി ബോസ്റ്റണിലുള്ള ധനികരുടെ ഒരു ചർച്ചിൽ ലൂക്കൊ.14: 33 അടിസ്ഥാനമായി പ്രസംഗിച്ചു. ഈ വേദഭാഗത്ത് യേശു സ്വർഗരാജ്യത്തിനു നല്കേണ്ട വിലയെക്കുറിച്ചു പറയുന്നു. തനിക്കുള്ളതൊക്കെയും സമർപ്പിക്കാത്തവന് അവിടുത്തെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ലെന്ന് അവിടുന്ന് മുന്നറിയിപ്പു നല്കുകയും ചെയ്തു. എന്നാൽ സഭയിലെ പാസ്റ്ററും വിശ്വാസികളൊക്കെ തങ്ങളുടെ സമ്പാദ്യം കൊടുക്കേണ്ടതില്ല എന്നും കൊടുക്കുന്നതിനുള്ള മനസുള്ളവരായിരുന്നാൽ മതിയെന്നും ഉള്ള നിഗമനത്തിലെത്തി. നാം രക്ഷിക്കപ്പെടുമ്പോൾ നാം നമ്മുടെ സമ്പാദ്യം നഷ്ടമാക്കുന്നില്ല, എങ്കിലും അതിന്റെ ഉടമസ്ഥാവകാശം നഷ്ടമാവുകയാണു ചെയ്യുന്നത് എന്ന് ഫിന്നി മനസിലാക്കി. യേശുക്രിസ്തു യഥാർത്ഥമായും നമ്മുടെ കർത്താവെങ്കിൽ അവൻ നമുക്കുള്ള സകലത്തിനും കർത്താവാണെന്നും ഫിന്നി ഗ്രഹിച്ചു.

ചില കണക്കുകൾ പ്രകാരം 35000 -ലധികം കുട്ടികൾ വേണ്ടത്ര പോഷണമില്ലായ്കയാൽ മരണമടയുന്നു. എവിടെയായിരുന്നാലും ദാരുണമായ ഇത്തരം പരിതഃസ്ഥിതിയോട് സഭ അനുമ്പകാട്ടേണ്ടതുണ്ട്. ലോകത്തിന്റെ മറ്റു പ്രവിശ്യകളോടും കരുണ കാട്ടുവാൻ സഭയെ ഉത്ബോധിപ്പിക്കുന്നു (റോമ. 15:6; 2 കൊരി.8 :13,14). ഭവന രഹിതരും വീടുവിട്ടോടിപ്പോകുന്ന കൗമാരക്കാരും വേശ്യാവൃത്തിയിലേക്ക് തള്ളപ്പെടുന്ന കൗമാരക്കാരും, ഇങ്ങനെ നമ്മുടെ ഹൃദയത്തെ പിടിച്ചുലക്കുന്ന അനേക കാര്യങ്ങളുണ്ട്. എന്നാൽ ഈ കണക്കുകളെക്കാളുപരിയായി നമ്മുടെ ഹൃദയത്തെ അനുകമ്പയുടെ ചലനകേന്ദ്രമാക്കി മാറ്റുന്നത് ദൈവത്തിന്റെ വചനവും അവിടുത്തെ സ്നേഹവുമാണ്. യേശു അവിടുത്തെ ജീവൻ നമുക്കായി നല്കി. അങ്ങനെയെങ്കിൽ നമ്മുടെ സഹോദരങ്ങൾക്കായി നാം എങ്ങനെ കരുതാതിരിക്കും എന്ന് വേദപുസ്തകം നമ്മെ ഓർമ്മിപ്പിക്കുന്നു (1 യോഹ. 3: 16 ,17).

അവിടുത്തെ രാജ്യത്തിനുവേണ്ടി നമ്മുടെ ജീവിതത്തെ ത്യജിക്കുവാൻ യേശു നമുക്ക് ആഹ്വാനം തന്നു. ആവശ്യത്തിലായിരിക്കുന്നവരെ സഹായിക്കുക എന്നത് അതിന്റെ ഒരു ഭാഗമാണ്. എന്തുകൊണ്ടെന്നാൽ ജനങ്ങളാണ് എന്നേക്കും നിലനിൽക്കുന്നത്. അത് നമ്മുടെ വിശ്വാസത്തിനു പുറത്തുള്ളവരായിരുന്നാലും അകത്തുള്ളവരായിരുന്നാലും (1 തിമൊ.1 :4, 2 പത്രൊ.3 :9). പെന്തുക്കൊസ്തു നാളിലെപ്പോലെ ദൈവത്തിന്റെ ഹൃദയം ലോകത്തിന് വെളിപ്പെടുത്തുവാൻ ദൈവം നമ്മെ സഹായിക്കട്ടെ ! ■



**ക്രെയ്ഗ് എസ്. കീനർ**, പെൻസിൽവേനിയായിലുള്ള ഫാമർ തിയോളജിക്കൽ സെമിനാരിയിലെ ന്യൂടെസ്റ്റമെന്റു പ്രഫസറാണ്. ഇദ്ദേഹം പത്തോളം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. The IVP Bible Background Commentary:New Testament ; A Commentary on the Gospel of matthew എന്നിവ അവയിൽ എടുത്തു പറയത്തക്കവകളാണ്.

# ഇവിടെ നിന്നും അവിടെ എത്തുക

## നിങ്ങളുടെ സഭയിൽ അനുകമ്പാ ശുശ്രൂഷ തുടങ്ങുന്നത്



ഹെയ്ത്തി റോളന്റ് അൻറൂ, ഫിലിപ്പ് എൻ. ഓൾസൻ

*സുവിശേഷ ശുശ്രൂഷയേയും , ദുരിത നിവാരണ ശുശ്രൂഷയേയും ഒത്തിണക്കുന്ന ശുശ്രൂഷ നിമിത്തം ക്ലേശം അനുഭവിക്കുന്ന ജീവിതങ്ങളെ വീണ്ടും കെട്ടു പണിയേണമെന്നും ദുഖത്തിലായിരിക്കുന്ന അയൽക്കാരെ ആശ്വസിപ്പിക്കേണമെന്നും ദൈവം ആഗ്രഹിക്കുന്നുവെന്ന് നിങ്ങൾ വിശ്വസിക്കുന്നുവല്ലോ. നിങ്ങളുടെ തിരുസഭ രോഗസൗഖ്യത്തിനും യേശുക്രിസ്തുവിന്റെ രൂപാന്തരം നല്കുന്ന സാന്നിദ്ധ്യത്തിനും ഒരു പാത്രമായിരിക്കേണമെന്ന് ആഗ്രഹിക്കുന്നു. എന്നാൽ ആവശ്യങ്ങളെ കണ്ട് പതറി പോകുന്നതും ശുശ്രൂഷയിലേക്ക് സഭാജനങ്ങളെ നടത്തുന്നതിനുള്ള തടസംകൊണ്ടും നാം പതറിപോകുന്നത് എളുപ്പം. എത്തരത്തിലുള്ള ശുശ്രൂഷകളാണ് നാം ചെയ്യേണ്ടത് ? സഭാജനങ്ങളതിനെ പിൻതുണയ്ക്കുമോ ? നമുക്ക് അതിനാവശ്യമായ ധനപിൻതുണ എവിടെ നിന്നു ലഭിക്കും ? അത് എങ്ങനെയാണ് തുടങ്ങുന്നത് ? എന്തു നടപടികളാണ് നമ്മെ അടുത്ത നിലവാരത്തിലേക്ക് എത്തിക്കുന്നത് ?*

*ഇത്തരം ചോദ്യങ്ങളുയർന്നു വരുന്നു. ഫലപ്രദമായ സുവിശേഷീകരണത്തിന ് ദർശനവും ഉദ്ദേശ്യവും പദ്ധതിയും ആവശ്യമാണ്. ദർശനം എന്നാൽ ദൈവം ഒരു പ്രത്യേക ദിശയിലേക്ക ് സഭയെ ക്ഷണിക്കുന്നു എന്നുള്ള ബോധവും ഉറപ്പുമാണ്. ദൈവരാജ്യത്തിന്റെ ലക്ഷ്യങ്ങൾക്കായി ദൈവ സഭ ഒത്തിണങ്ങുന്നതാണ് ഉദ്ദേശ്യം. പദ്ധതിയിടുക എന്നുവെച്ചാൽ ആ ദർശനത്തെ നിവർത്തീകരിക്കുന്നതിനുള്ള നടപടികളെടുക്കുക എന്നുള്ളതാണ്.*

ഈ അവശ്യ കാര്യങ്ങളെ സഭ ചെയ്യേട്ടുക്കുന്നത് എപ്രകാരമാണ്? ഫലപ്രദമായ പ്രാദേശീക സുവിശേഷീകരണത്തിന് യാതൊരു സഭയ്ക്കും ഒരേ രീതി പിൻതുടരുവാൻ കഴിയുകയില്ല. ഓരോ പ്രത്യേക ഇടങ്ങളിൽ തുടങ്ങുന്ന ഓരോ സഭയ്ക്കും പ്രത്യേക ഘടനയും പ്രകൃതവും ഉണ്ട്. ഒരു പ്രത്യേക സമൂഹത്തിന്റെ മദ്ധ്യേ അവർ തങ്ങളുടെ ശുശ്രൂഷ ചെയ്യുന്നു. അനുകമ്പ ശുശ്രൂഷയ്ക്ക് ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ ലളിതമായ പടികൾ ഇല്ല. എന്നാലും മിക്കവാറും സഭകൾക്ക് മൂന്നു ഘട്ടങ്ങളുടെ അനുഭമുണ്ട്. ഈ മൂന്നു ഘട്ടങ്ങൾക്കും അഞ്ച് പ്രവൃത്തി പഥങ്ങളുണ്ട്. ചില ഘട്ടങ്ങളിൽ അവ ഒന്നിനു പിറകെ ഒന്നായി വരാം. എന്നാൽ മറ്റു ചില ഘട്ടങ്ങളിൽ അവ ഒരേ സമയത്ത് വളർച്ച പ്രാപിച്ചെന്നു വരാം.

താഴെ കുറിച്ചിരിക്കുന്ന ഭാഗങ്ങൾ വായിക്കുമ്പോൾ നിങ്ങളോടുതന്നെ ഈ ചോദ്യങ്ങൾ ചോദിക്കാം.

- ഈ പ്രക്രിയയിൽ എന്റെ സഭ എവിടെ നിൽക്കും ? നമ്മുടെ ബലങ്ങളും ബലഹീനതകളും എവിടെയാണ് അടങ്ങിയിരിക്കുന്നത് . അടുത്ത പടി എപ്രകാരമിരിക്കണമെന്നുള്ളത് ഇത് നിങ്ങൾക്കു കാട്ടിത്തരുന്നു.

## ഘട്ടം ഒന്ന് : അടിസ്ഥാനമിടൽ

നിങ്ങളുടെ സഭയെ ഒരു തോട്ടമായി ചിന്തിക്കുക( 1 കൊരി. 3 അദ്ധ്യായം). വിത്തു വിതയ്ക്കുന്നതിനായി നിങ്ങൾ നിലത്തെ വളരെ ശ്രദ്ധാപൂർവം ഒരുക്കേണം. അതേപോലെതന്നെ സഭ സജ്ജമായെങ്കിൽ മാത്രമേ അനുകമ്പാ ശുശ്രൂഷ വളർച്ച പ്രാപിക്കയുള്ളൂ. ഒരു തീവ്രമായ ആവശ്യത്തെ നേരിടുമ്പോൾ മിക്ക സഭകളും ഉടനടി ഒരു കാര്യപരിപാടി ഉണ്ടാക്കുന്നതിന് പ്രചോദിക്കപ്പെടുന്നു. എന്നാൽ കാര്യപരിപാടികൾ സഭയുടെ ആകമാന ലക്ഷ്യത്തോട് ഒത്തു ചേരാത്തതായിരുന്നാൽ അവ അതിന്റെ ആത്മീക അന്തഃസത്ത നഷ്ടപ്പെട്ട് ലോകപ്രകാരമായ വിധങ്ങളിലേക്ക് വഴുതിപ്പോകാനിടയുണ്ട്.

ആരോഗ്യകരമായതും ആധാരകവുമായതായ ഒരു സഭയിൽ രൂഢമൂലമാകാത്ത അനുകമ്പാ ശുശ്രൂഷ ഫലപ്രദമാവുകയോ നിലനിൽക്കുകയോ ചെയ്യുകയില്ല. അതുകൊണ്ട് സാമൂഹ്യ ശുശ്രൂഷകൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കു മുമ്പായി, സഭയുടെ തനിമയിൽ നാം ശ്രദ്ധ ചെലുത്തേണം. എന്തുകൊണ്ടെന്നാൽ വിശ്വാസികൾ ക്രിസ്തുവിന്റെ ശുശ്രൂഷയെ ദൃഷ്ടാന്തമായി പിൻപറ്റുന്നതിനും ലോകത്തോട് ദൈവത്തിന്റെ സ്നേഹത്തെ പങ്കിടുന്നതിനും വിളിക്കപ്പെട്ടിരിക്കുന്നു. ഒരു സഭയുടെ ശുശ്രൂഷ അതിന്റെ വിശ്വാസ കേന്ദ്രത്തിൽ നിന്നും പുറപ്പെടേണം. പക്വതയുള്ള നേതൃത്വം, സ്നേഹ മസൃണമായ സഭാബന്ധങ്ങൾ, ആത്മീയ പ്രാധാന്യർ, സമൂദായത്തിന്റെ ആവശ്യങ്ങളോടും അർഥങ്ങളോടുമുള്ള പരിചയം, എന്നിത്യാദി അടിസ്ഥാനങ്ങളുടെമേൽ ശുശ്രൂഷയെ കെട്ടുപണിതുകൊണ്ട് സുവിശേഷീകരണത്തിനുള്ള നിങ്ങളുടെ സഭയുടെ അർപ്പണത്തെ ബലപ്പെടുത്തുക.

## നേതൃത്വ നിരയെ സജ്ജമാക്കുക

ആത്മീയ ദാഹം, പ്രാദേശിക ദൗത്യത്തിന്റെ വേദശാസ്ത്രപരമായ ഘടനയോട് ഒരു പൊതുവായ സമർപ്പണം, സാധാത്മകമായ പ്രവർത്തന ബന്ധങ്ങൾ എന്നിത്യാദികളെ പങ്കിടുന്ന ശുശ്രൂഷകരും ആത്മായരും ശുശ്രൂഷയുടെ ഫലപ്രദമായ വളർച്ചയ്ക്ക് സഹായകമാകുന്ന വളക്കൂറുള്ള മണ്ണാണ്. *യേശു നേതൃത്വത്തിൽ* എന്ന തന്റെ പുസ്തകത്തിൽ സി. ജെനി ബിൽക്കസ് ഇപ്രകാരം എഴുതുന്നു - "ദൈവത്താൽ വെളിവാക്കപ്പെടുന്ന ദൗത്യം ഒരു മനുഷ്യനെ ആവാഹിക്കുമ്പോൾ നേതൃത്വം ആരംഭിക്കുന്നു." ഉപദേശങ്ങൾ മൂലവും മാതൃകാപരമായ തിരുത്തലുകൾ മൂലവും ദൃഷ്ടാന്തപരമായ ജീവിതം കാട്ടിയും സഭാനേതാക്കൾ ആവാഹിക്കപ്പെടുന്നതിന് അവരെ സഹായിക്കുക. നേതൃസംഘത്തിനുള്ളിലുള്ള അഭിപ്രായ വ്യത്യാസങ്ങളെ ദൂരീകരിക്കുക. പുതിയ സംരംഭങ്ങളെ നയിക്കുന്നതിനായുള്ള ആളുകളെ പ്രാർത്ഥനയോടെ തെരഞ്ഞെടുക്കുകയും വളർത്തുകയും ചെയ്യുക.

## നിങ്ങളുടെ സഭയെ നിങ്ങൾ മനസിലാക്കുക

നിങ്ങൾ ആരായിരിക്കുന്നു എന്നുള്ളതിലാണ് നിങ്ങളുടെ സഭാശുശ്രൂഷയിൽ എന്തു ചെയ്യേണമെന്നുള്ളതു കുടികൊള്ളുന്നത്. നിങ്ങളുടെ തനിമ, ചരിത്രം, ചായ്‌വ് എന്നിത്യാദികൾ ഇതിൽ പരിഗണിക്കപ്പെടുന്നു. ഒരു പുതിയ സംരംഭം തുടങ്ങുന്നതിനു മുമ്പ് നിങ്ങളുടെ സഭയുടെ ബലങ്ങളെയും ബലഹീനങ്ങളെയും മതിക്കുന്നതിനുവേണ്ടി ഒരു സഭാപരമായ സ്വയപഠനം നടത്താവുന്നതാണ്. നിങ്ങളുടെ സഭയുടെ ആത്മീക മുന്നേറ്റം സുവിശേഷീകരണത്തെ സംബന്ധിച്ച അർപ്പണം, മാറ്റത്തിനുവേണ്ടിയുള്ള തുറന്ന മനസ്, എന്നിത്യാദി കാര്യങ്ങളെ ആരാഞ്ഞു നോക്കുമ്പോൾ ഏതെല്ലാം അംശങ്ങളിലാണ് പരിശീലനം വേണ്ടതെന്നു മനസിലാക്കുവാൻ കഴിയും. സഭയുടെ തനിമ , ചരിത്രം, അംഗത്വം, തിയോളജി, പദ്ധതിയിടൽ, നേതൃത്വം, ഘടന, വിഭവങ്ങൾ, ആത്മീക ജീവിതം, ബന്ധങ്ങൾ , പങ്കാളിത്വം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു പ്രത്യേക സംഘത്തെ നിയമിക്കുക. കൂടിക്കാഴ്ചകൾ, ചർച്ചകൾ, സർവേകൾ എന്നിവ പഠന വിധങ്ങളാക്കാവുന്നതാണ്. (സാമ്പിൾ സർവേ നടത്തുന്നതിന് ശശശ.ഭണളശമറപ935.മറഥ സന്ദർശിക്കുക

## സഭക്കാരെ സജ്ജമാക്കുക

സഭയിൽ എല്ലാവരും സുവിശേഷത്തെക്കുറിച്ച് ദർശനമുള്ളവരാണെന്ന് പറയാനാവില്ല. സുവിശേഷീകരണത്തിനും സാമുദായിക അനുകമ്പയ്ക്കുമുള്ള വേദശാസ്ത്രപരമായ വിശദീകരണ ത്തിലൂടെ പരിശീലനം നല്കുക. പ്രഭാഷണങ്ങൾ, സണ്ടേസ്ക്കൂൾ ക്ലാസ്സുകൾ, അംഗങ്ങൾക്ക് സുവർണാവസരം ഒരുക്കുന്ന വയൽ പ്രദേശ സന്ദർശനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും. സഭക്കാരുടെ ആത്മീയ പ്രാധാന്യത്തെയും ബന്ധുത്വപരമായ ആരോഗ്യനിലയേയും കെട്ടുപണിയുക.

**സഭ അതിന്റെ അഗംങ്ങളുടെ ആവശ്യം മാത്രം മാനിക്കുവാനുള്ളതാണ് എന്നുള്ള ഒരു ചിന്ത മിക്ക സഭകളെയും ഭരിക്കുന്നു. ഇത് പ്രഥമമായി അതിജീവിക്കേണ്ടുന്ന ഒരു പ്രശ്നമാകുന്നു.**

## സാമുദായിക പശ്ചാത്തലത്തെ മനസിലാക്കുക

ഫലപ്രദമായ ശുശ്രൂഷ എന്നത് ശുശ്രൂഷയുടെ പശ്ചാത്തലത്തെക്കുറിച്ചുള്ള വളരെ ശരിയായ വിവരങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഒരു സമുദായത്തെ നാം ആരാഞ്ഞു നോക്കുമ്പോൾ അവിടെ ഏതു പ്രശ്നത്തിലാണ് തീർപ്പു കാണേണ്ടത് എന്ന അറിവു മാത്രമല്ല , ദൈവം ഇതിനു മുമ്പ് ഏതെല്ലാം വഴികളിലൂടെ അവിടെ ക്രിയ ചെയ്തിരുന്നു എന്നതിനെയും മനസിലാക്കുവാൻ കഴിയും. ആദ്യമായി നിങ്ങളുടെ സമുദായം എപ്രകാരം എന്നുള്ളത് വകതിരിച്ച് അറിയുക. അതായത് , ഒരു പ്രത്യേക പ്രവിശ്യയോ , അയൽക്കാരോ, അഥവാ ഒരു പ്രത്യേക ആവശ്യത്തിലായിരിക്കുന്ന ജനതതിയോ എന്നുള്ളത് ആരാഞ്ഞറിയുക. അതിന്റെ ജനവിവരപട്ടിക , സംസ്ക്കാരം, സിദ്ധാന്തം, ആചാരങ്ങൾ , ആവശ്യങ്ങൾ തുടങ്ങിയവ മനസ്സിലാക്കുക. വിവരശേഖരണം, സെൻസസ് ഡാറ്റ, ഡോർ ടു ഡോർ സർവേ ഇന്റർവ്യൂ, തുടങ്ങിയവ നടപ്പിലാക്കുക. മറ്റ് സാമുദായിക നേതാക്കന്മാരൊടൊത്തു ചേർന്നു പ്രവർത്തിക്കുമ്പോൾ ഒരേ തരത്തിലുള്ള സേവനം ചെയ്യുന്നത് തടയുവാൻ കഴിയും. അന്യോന്യം മനസിലാക്കുവാനും ആദരിക്കുവാനും പങ്കാളിത്വത്തിനുള്ള വിത്തു വിതക്കുവാനും അത് ഇടയാക്കും.

## സുവിശേഷീകരണത്തിനുള്ള അർപ്പണം വളർത്തിയെടുക്കുക.

സഭ അതിന്റെ അഗംങ്ങളുടെ ആവശ്യം മാത്രം മാനിക്കുവാനുള്ളതാണ് എന്നുള്ള ഒരു ചിന്ത മിക്ക സഭകളെയും ഭരിക്കുന്നു. ഇത് പ്രഥമമായി അതിജീവിക്കേണ്ടുന്ന ഒരു പ്രശ്നമാകുന്നു. സഭ പ്രേഷിത ദൗത്യ ചിന്തയുള്ളതായി മാറും വിധം നേതാക്കൾ അതിനെ നയിക്കേണം. സഭയുടെ ചുവരുകളിൽ ഒതുങ്ങാതെ അവരുടെ വിശ്വാസത്തെയും ആരാധനയെയും വെളിപ്പെടുത്തതക്ക സമർപ്പണം വളർച്ച പ്രാപിക്കണം. കുലം, നില, കഴിവ് എന്നിങ്ങനെ നിങ്ങളുടെ സഭയെ വേർതിരിക്കുന്ന ഘടകങ്ങളെ അതിജീവിക്കുന്നതിനു സഹായകമാവുവിധം പരിശീലനം നല്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

## ഘട്ടം രണ്ട്

### ദർശനത്തെ തുടർന്നു പ്രകടിപ്പിക്കുക

നിങ്ങളുടെ സഭ ഭാവികാലത്ത് ആത്മാവിന്റെ ശക്തി നിമിത്തം എന്തു ചെയ്യുന്നതിന് വിളിക്കപ്പെട്ടിരിക്കുന്നുവോ അതാണ് ദർശനം. ഈ ഘട്ടത്തിൽ സഭ അനുകമ്പാ ശുശ്രൂഷയെക്കുറിച്ച് ഒരു സ്പഷ്ടമായ ദർശനം പ്രാപിച്ച് അതു നിവർത്തീകരിക്കേണ്ടതിനുള്ള സജ്ജീകരണങ്ങൾ ചെയ്യുന്നു. നിങ്ങളുടെ സമുദായ പശ്ചാത്തലത്തിൽ ആവശ്യങ്ങളുടെയും അവസരങ്ങളുടെയും അടിസ്ഥാനത്തിൽ നിങ്ങളുടെ സഭയുടെ തനിമയ്ക്ക് ഒത്ത ദർശനം കാണുവാൻ കഴിയുന്നു. ദൈവത്തിന്റെ സ്നേഹത്തെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പകർന്നു നല്കേണം എന്ന വാഞ്ഛയുടെ അടിസ്ഥാനത്തിലാണ് ഇത് ഉടലെടുക്കുന്നത്. നിങ്ങളുടെ സഭ ആത്മാവിന്റെ അഭിഷേകം പ്രാപിച്ച് ശുശ്രൂഷാ ദർശനമുള്ളതായിത്തീരുമ്പോൾ അതിനെ നിവർത്തീകരിക്കും വിധം തന്ത്രപ്രധാനമായ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ നിങ്ങൾക്കു കഴിയും.

### ശുശ്രൂഷയ്ക്ക് ആവശ്യമായ ദൈവിക ദർശനം പ്രാപിക്കുക

ഫലപ്രദമായ ശുശ്രൂഷ ചെയ്യുന്നതിന് ആവശ്യമായ ചില ആശയങ്ങൾ കുറിച്ചു വെയ്ക്കുക. ഏതെങ്കിലും ഒരു പ്രത്യേക അംശത്തിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട് എന്ന അവബോധം നിങ്ങളുടെ സഭയ്ക്ക് ഉണ്ടോ? അപര്യാപ്തമായ പാർപ്പിട സൗകര്യം , അപകടഘട്ടത്തിലായിരിക്കുന്ന യുവതീയുവാക്കൾ ആവശ്യത്തിലായിരിക്കുന്ന കുടുംബങ്ങൾ

> **ആരോഗ്യകരമായതും ആധാരകവുമായതായ ഒരു സഭയിൽ രൂഢമൂലമാകാത്ത അനുകമ്പാ ശുശ്രൂഷ ഫലപ്രദമാവുകയോ നിലനിൽക്കുകയോ ചെയ്യുകയില്ല.**

അഥവാ കുടിയേറ്റക്കാർ. എവിടെയാണ് പോരായ്മകൾ കാണപ്പെടുന്നത് ? ഇത്തരുണത്തിൽ എവിടെയാണ് വാതായനങ്ങൾ തുറക്കപ്പെടുന്നത്?

### സഭയിലുള്ളവരുമായി ദർശനം പങ്കുവയ്ക്കുക

ഒരിക്കൽ പോകേണ്ട ദിശ തീരുമാനിച്ചതിനു ശേഷം സഭക്കാർ ആ ദർശനം തങ്ങളുടെ സ്വന്തമാക്കുന്നതിന് അവരെ സഹായിക്കുക. തുടർന്നും തെളിവായും, സൃഷ്ടിപരമായും ആ ദർശനം അവരുമായി വിനിമയം ചെയ്യുക. ഇത് ചെയ്യേടുക്കുന്നതിനുള്ള മാർഗങ്ങൾ- ദർശനത്തെ വിശദീകരിക്കുന്ന ദൗത്യപ്രസ്താവന, നിങ്ങളുടെ ദർശനത്തിന്റെ സാരാംശം എടുത്തുകാട്ടുന്ന ലോഗോ , ആരാധന, പ്രേഷിത സമ്മേളനം, സുവിശേഷ സംബന്ധിയായ സമ്മേളനങ്ങൾ, സണ്ടേസ്ക്കൂൾ പോലെയുള്ള വിദ്യാഭ്യാസ പരിപാടികൾ , സുവിശേഷീകരണത്തെ ആസ്പദമാക്കിയുള്ള ഗാനമേളകൾ , സമകാലീന പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്ന സണ്ടേസ്ക്കൂൾ പഠന പരിപാടികൾ എന്നിത്യാദികൾ അതിൽ ഉൾപ്പെടുന്നു.

### ശുശ്രൂഷയ്ക്കായി ഏർപ്പാടുകൾ ചെയ്യുക

ഒരു വിശദമായ പദ്ധതി ആവിഷ്ക്കരിക്കുകയും (നിങ്ങളുടെ ശുശ്രൂഷയിലൂടെ ചെയ്യേടുക്കുവാൻ പോകുന്ന പ്രവർത്തനങ്ങൾ, സേവനങ്ങൾ അതിനാവശ്യമായ വിഭവങ്ങൾ അഥവാ ആധാരങ്ങൾ , ആവശ്യമായ പങ്കാളികൾ അത് എങ്ങനെ ഏർപ്പാടു ചെയ്ത് മുമ്പോട്ടു കൊണ്ടു പോകാം എന്നിത്യാദി കാര്യങ്ങൾ ) അത് നടപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക. അത് സഭ നേരിട്ടു നടത്തുന്നതോ, അതോ ലാഭോദ്ദേശ്യമില്ലാതെ നടത്തപ്പെടുന്ന സ്ഥാപനങ്ങൾ വഴിയോ , ഇങ്ങനെ ഏതു വിധം ചെയ്യേടുക്കേണമെന്ന് തീരുമാനിക്കുക. നിങ്ങളുടെ പദ്ധതിയ്ക്ക് സഹായകമായിരിക്കുന്ന പ്രത്യേക ദൃഷ്ടാന്തങ്ങളിൽ നിന്നും പഠിക്കുക. കൂടാതെ, ഇപ്പോൾ ഉള്ള സഭയുടെ ഘടന നിങ്ങളുടെ ശുശ്രൂഷാപദ്ധതിയെ സഹായിക്കുമോ അതോ തടസം ചെയ്യുമോ എന്ന് ആരാഞ്ഞു നോക്കുക.

### വിഭവങ്ങളെയും പങ്കാളികളെയും ശേഖരിക്കുക

നിങ്ങളുടെ സ്വയ പഠനം സഭ നിമിത്തം ഒരു കാര്യപരിപാടി ചെയ്യേടുക്കേണ്ടതിന് എന്തെല്ലാം വിഭവങ്ങൾ ആവശ്യമാണെന്ന് വകതിരിച്ചറിയാനിടയാകണം. അതായത്, ഫണ്ട്, സ്ഥലം, സ്വമേധയാ പ്രവർത്തകർ , ശമ്പളത്തിന് പ്രവർത്തിക്കുന്ന പ്രവർത്തകർ, ഏതെങ്കിലും പ്രത്യേക ആവശ്യമുണ്ടെങ്കിൽ അത്, വെളിയിൽ നിന്നുമുള്ള ഉറവിടങ്ങളിൽ നിന്നും ഉപയോഗിക്കുവാൻ കഴിയുന്ന കാര്യങ്ങൾ. ഫണ്ട് ശേഖരിക്കുന്നതിനെക്കുറിച്ച് പ്രവൃത്തിപരിചയമുള്ള കണക്കന്മാരുടെ സഹായം ഈ വിഷയത്തിൽ തേടാവുന്നതാണ്. സ്വമേധാ പ്രവർത്തകരെ തെരഞ്ഞെടുക്കുവാനും അവരുടെ പ്രവർത്തനങ്ങൾക്കു മേൽ നോട്ടം വഹിക്കുവാനും ഒരു സിദ്ധാന്തം ഉണ്ടാക്കുക. ഇതേ ലക്ഷ്യമുള്ള മറ്റു സംഘങ്ങളുമായി ബന്ധം വികസിപ്പിച്ചെടുക്കുക. ഇതിനു മുമ്പ് ഇത്തരം ജീവകാരുണ്യ പ്രവർത്തനം ചെയ്യുകൊണ്ടിരിക്കുന്നവരുമായി നിങ്ങൾക്ക് ഒത്തുചേർന്ന് പ്രവർത്തിക്കാനാവുമോ ?

### സഭയെ സമ്മേളിപ്പിക്കുക

സുവിശേഷീകരണത്തെ അതിന്റെ പ്രായോഗിക വിധത്തിൽ തുടരും വിധം സഭാ ജനങ്ങളെ തെരഞ്ഞെടുത്തു സജ്ജമാക്കുക. ഓരോ വിശ്വാസിയും ശുശ്രൂഷയ്ക്കായി വരം നല്കി വിളിക്കപ്പെട്ടിരിക്കുന്നു എന്ന് ഊന്നിപ്പറയുക. അംഗങ്ങളുടെ ഹൃദയത്തിൽ തട്ടുന്നതുപോലെയുള്ള വിശദാംശങ്ങൾ , കഥകൾ , തിരുവചനങ്ങൾ, തത്വങ്ങൾ എന്നിവ കൂട്ടിച്ചേർക്കുക.നിങ്ങളുടെ സഭാശുശ്രൂഷയുടെ പ്രവർത്തനങ്ങളെ പ്രചോദിപ്പിക്കുന്നതിന് ആത്മീയ വരങ്ങളെക്കുറിച്ചുള്ള ഒരു കണക്കെടുപ്പ് ആവശ്യമാണ്. തങ്ങളുടെ വരങ്ങൾ, താല്പര്യങ്ങൾ, ശുശ്രൂഷകൾ, ജീവിതാനുഭവങ്ങൾ എന്നിത്യാദികൾക്കു പൊരുത്തമായ രീതിയിൽ പങ്കെടുക്കും വിധം വ്യക്തിപരമായ രീതിയിൽ അംഗങ്ങൾക്ക് ആഹ്വാനം നല്കുക. സ്വമേധാ പ്രവർത്തകർക്ക് പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദാംശം വ്യക്തമായി നല്കുക. സ്വമേധാ പ്രവർത്തകരുടെ പരിചയക്കുറവ് , അരക്ഷിതത്വം എന്നിങ്ങനെയുള്ള കാര്യങ്ങൾ പരിശീലനത്തിലൂടെ നമുക്ക് മാറ്റിയെടുക്കാവുന്നതാണ്. സ്വമേധാ പ്രവർത്തകർ തങ്ങളുടെ വിശ്വാസത്തെ ആത്മധര്യത്തോടെ പങ്കിടുന്നതിനുവേണ്ടി സുവിശേഷീകരണ പരിശീലനം നല്കുക.

## ഘട്ടം മൂന്ന്

### ദർശനത്തെ പരിപോഷിപ്പിക്കുക

ഒരു ശുശ്രൂഷയുടെ പ്രവർത്തന പദ്ധതി ആരംഭിച്ചുവെന്നാലും ആ ശുശ്രൂഷയുടെ പ്രവർത്തനം അവിടം കൊണ്ടു തീരുന്നില്ല. ശുശ്രൂഷയെക്കുറിച്ചു ദർശനം സഭയിലേക്കു കടന്നു ചെന്നു മറഞ്ഞു പോകുന്ന ഒന്നായി തീരാതെ അത് പരിപാലിക്കപ്പെടുവാൻ അഥവാ പരിപോഷിക്കപ്പെടുവാൻ ഉള്ള ശ്രമങ്ങൾ ഉണ്ടാകണം. സി. എസ് ലൂയിസിന്റെ *ക്രോണിക്കിൾസ് ഓഫ് നാർണിയ* എന്ന പുസ്തകത്തിൽ അസ്ലാൻ പറയുന്നതുപോലെ ദൈവത്തിന്റെ ശുശ്രൂഷ ഇനിയും അധികമായും ആഴമായും മുന്നേറേണ്ടതിനായി അത് സദാ സഭയ്ക്ക് ആഹ്വാനം നല്കുന്നു. വിശുദ്ധരായി ജീവിപ്പാനുള്ള നമ്മുടെ വിളി ജീവിതം ഉടനീളമുള്ള വിശുദ്ധീകരണത്തിന്റെ പ്രയാണമാകുന്നതുപോലെ, സഭയുടെ പ്രേഷിത ദൗത്യത്തിലേക്കുള്ളവിളി ദൈവം പരിപക്വപ്പെടുത്തുന്നതും പാവനപ്പെടുത്തുന്നതും അവിടുത്തെ ലക്ഷ്യത്തിനൊത്തവിധം ഒരുക്കിയെടുക്കുന്നതുമായ ഒരു രൂപാന്തര പ്രക്രിയയാണ്.

## ഭയത്തെയും ഭിന്നതയെയും ശ്രദ്ധിക്കുക

ദർശനം പ്രാപിച്ച നേതാക്കൾ മാറ്റത്തിനുള്ള പ്രതിരോധത്തെ നേരിടേണ്ടി വരും. പുതയതായി ഒന്ന് ശ്രമിച്ചു നോക്കുന്നത് ഭിന്നതകളെയും അഭിപ്രായവ്യത്യാസങ്ങളെയും ഉണ്ടാക്കിയെടുക്കുന്നു. സഭക്കാർ വിലകളെയും പ്രയോജനങ്ങളെയും ആരാഞ്ഞു നോക്കുന്നതിന് അവരെ സഹായിക്കുന്നു. സുവിശേഷീകരണത്തിനും ആരാധനയ്ക്കും ശിഷ്യത്വത്തിനും കൂട്ടായ്മയ്ക്കും ആരോഗ്യകരമായ ഒരു സന്തുലിതാവസ്ഥ ഉണ്ടാകുംവിധം പ്രവർത്തിക്കുന്നത് പിണക്കങ്ങളെ നന്നേ കുറയ്ക്കുന്നു. സാധാത്മകമായ വഴികളിൽ അഭിപ്രായ ഭിന്നതകൾക്കും ക്ലേശങ്ങൾക്കും മറുപടി നല്കുക. സഭ തങ്ങളുടെ മുൻഗണനകളെയും ക്രമങ്ങളെയും ഒരു പ്രാവശ്യംകൂടെ ആരാഞ്ഞു നോക്കുന്നതിന് ഇടം നല്കുക. ജിം ഹെറിൺഡൺ , മൈക്ക ബോണം, ജെയ്സ് ഫർ എന്നിവർ ചേർന്ന് എഴുതിയ *ɔeading Congregational Change: A Practical Guide For the Transformation Journey* എന്ന പുസ്തകം ഇതിനായി ശുപാർശ ചെയ്യുന്നു. സഭാവിശ്വാസികളെ ശുശ്രൂഷയ്ക്കുവേണ്ടി വഴികാട്ടുന്നതിനുള്ള വിധങ്ങൾ ഈ പുസ്തകത്തിൽ നല്കിയിട്ടുണ്ട്.

## നിരന്തരമായ അന്യോന്യ ഉത്തരവാദിത്വം കെട്ടുപണിയുക

പ്രയത്നങ്ങളെ ആരാഞ്ഞറിയേണ്ടതിന് അളവുകോലുകളുണ്ടാക്കിയെടുക്കുക. ശുശ്രൂഷ അതിന്റെ നിവൃത്തി പഥത്തിലെത്തും വിധം ഫലപ്രദമായി പ്രവർത്തിക്കുന്നുവോ ? ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായ വിധത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ ? സ്വമേധാ പ്രവർത്തകർക്കും സേവനം അനുഭവിക്കുന്നവർക്കും ഇടയിൽ ബന്ധങ്ങൾ വളരുന്നുണ്ടോ ? സഭക്കാർ , സമുദായത്തിലുള്ളവർ, അറിവുപകർന്നു നല്കുന്നവർ എന്നിത്യാദി ആളുകളിൽ നിന്നുമുള്ള അഭിപ്രായ വിമർശനങ്ങളെ കൈക്കൊണ്ട് ശുശ്രൂഷ സമഗളവും ഫലപ്രദവും വിളിച്ച വിളിയോട് വിശ്വസ്തവുമാണോ എന്ന് വിലയിരുത്തുക. നിങ്ങളുടെ സഭക്കാർ യേശുവിന്റെ നാമത്തിൽ ചെയ്ത നല്ല പ്രവൃത്തിയെ അംഗീകരിക്കുക. ( 2 കൊരി.9: 12) നിങ്ങളുടെ സഭയുടെ അനുകമ്പാ ശുശ്രൂഷയുടെ ഫലത്തിനായി ദൈവത്തെ സ്തുതിക്കുന്ന ഒരു വാർഷിക ആരാധന സംഘടിപ്പിക്കുക.

## പുതിയ നേതാക്കളെ ഉരുവാക്കിയെടുക്കുക

പുതിയ നേതാക്കളെ കണ്ടുപിടിച്ച് പരിശീലിപ്പിക്കുന്നതിലൂടെ അധഃപതനം ഒഴിവാക്കുക. പ്രേഷിത ദൗത്യത്തിനു യോജ്യമായ മാനസീക നില ഉണ്ടാക്കിയെടുക്കും വിധം യുവ തലമുറകളോടു ചേർന്ന് പ്രവർത്തിച്ച് അടുത്ത തലമുറയെ നേടുക. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബോർഡ് മെമ്പേഴ്സിനോടും മറ്റുമുള്ള സാധാത്മക ബന്ധം വളർത്തിയെടുക്കുക.

## ഒരു പുതിയ ദർശനത്തെ പരിപാലിക്കുക

മാറിവരുന്ന സഭാസാമുദായിക പശ്ചാത്തലത്തിന് ഒത്തവിധം മുൻഗണനകളും പ്രവർത്തന പദ്ധതികളും മാറ്റിക്കൊണ്ടിരിക്കുക. ശുശ്രൂഷയിൽ ഇടപെടുന്നവർക്ക് ആത്മീക ധ്യാനത്തിനുള്ള അവസരങ്ങൾ ഒരുക്കിക്കൊടുക്കുക. അങ്ങനെ അവർ തങ്ങളുടെ ശുശ്രൂഷയെയും തങ്ങളുടെ വിശ്വാസത്തെയും ഒത്തിണക്കികൊണ്ടു പോകത്തക്കവണ്ണം അവരെ സഹായിക്കുക. തുടർന്നുള്ള ശുശ്രൂഷയ്ക്കു വേണ്ടി പ്രാർത്ഥനയിൽ ഉറ്റിരുന്ന് ആത്മാവിന്റെ നിരന്തര അഭിഷേകത്തെ തേടുക. ബോർഡുമെമ്പേഴ്സ്, പ്രധാന പ്രവർത്തകർ, തുടങ്ങിയവർ നിങ്ങളുടെ സഭയുടെ ദർശനത്തെ കൈക്കൊള്ളും വിധം ദർശനം മങ്ങിപോകാതെ കാത്തുകൊള്ളപ്പെടേണം.

## വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുക

നിങ്ങളുടെ ശുശ്രൂഷയെ അടുത്ത പടിയിലേക്ക് നയിക്കുന്നതിനുള്ള വഴികൾ തേടുക. നിങ്ങളുടെ സഭ ആഹാരം സ്പോൺസർ ചെയ്യുകയാണെങ്കിൽ അതിനെ ഒരു പാചക കല പഠിപ്പിക്കുന്ന പാചക പഠന ശാലയാക്കി മാറ്റുക. വിദ്യാർത്ഥികൾക്ക് ഉപദേശം നല്കുന്ന ഒരു പദ്ധതിയുണ്ടെങ്കിൽ പ്രാദേശിക സ്കൂളുകളുമായി അതിനെ ഒത്തിണക്കി വിശാലപ്പെടുത്തുക. നിങ്ങൾ ആത്മീക അവഗാഹത്തിൽ തുടർന്നും വളർന്നുവരിക. നമ്മുടെ ശുശ്രൂഷ അനുഭവിക്കുന്നവർ ദൈവത്തിന്റെ സ്നേഹത്തെ അറിയുംവിധം അവസരങ്ങൾ വിശാലപ്പെടുത്തിക. അതായത്, വേദപഠന ക്ലാസ്സുകൾ ,പ്രാർത്ഥനാ കൂട്ടങ്ങൾ , സൗഹൃദ സുവിശേഷീകരണം എന്നിത്യാദികൾ ഉദാഹരണങ്ങൾ ആണ്. ഒരേ ദർശനം പ്രാപിച്ച സഭകളോടും പാരാ ചർച്ച് ഓർഗനൈസേഷനുകളോടും ബന്ധം പുലർത്തുന്നതുമൂലം നിങ്ങളുടെ സഭയ്ക്ക് ഉപദേശവും പ്രത്യേക അറിവും പ്രോത്സാഹനവും ലഭ്യമാണ്.

## ഉപസംഹാരം

ചെറിയ രീതിയിലാരംഭിക്കുക , എന്നാൽ ആരംഭിക്കാതിരിക്കരുത്. സഭക്കാരെല്ലാവും ആ ദർശനത്തെ കൈക്കൊള്ളുന്നതുവരെ ശുശ്രൂഷ നിർത്തി വയ്ക്കരുത്. നിങ്ങൾ സഭാമദ്ധ്യെ ഒരു അഗ്നി പടർത്തുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ പ്രവർത്തനമാണ് അതിന്റെ പ്രാണവായുവെന്ന് ഒരു ദൈവദാസൻ പറഞ്ഞിട്ടുണ്ട്. പ്രാർത്ഥനയോടെ പ്രവർത്തനം തുടരുക. ഈ പ്രവർത്തന ശൈലി നിമിത്തം നിങ്ങളുടെ സഭയ്ക്ക് ദൈവത്തിന്റെ കരുണ അനുഭവിക്കുവാൻ ആവശ്യമുള്ളവർക്ക് ജീവചൈതന്യത്തിന്റെ വാക്ക് നല്കുവാൻ കഴിയും. യേശുവിന്റെ നാമത്തിൽ എല്ലാ സഭകളും ഫലപ്രദരാകുവാനും അതിൽ നിലനിൽക്കുവാനും വ്യവസ്ഥാപിക്കപ്പെട്ടിരിക്കുന്നു (യോഹ. 15: 16). നിങ്ങളുടെ സഭ കരുണയുടെ അഥവാ അനുകമ്പയുടെ ചുവടുകൾ മുന്നോട്ടു വയ്ക്കുമ്പോൾ ഈ വാഗ്ദത്തം നിങ്ങളുടെ സഭയെ നിലനിർത്തുമാറാകട്ടെ. ■



**ഹൊയ്തി റോളൻഡ് ആൻറു** പെൻസിൽ വാനിയായിലെ സെന്റ് ഡേവിഡിലുള്ള ഈസ്റ്റേൺ യൂണിവേഴ്സിറ്റിയിലെ സഭാ സമൂദായ നേതൃത്വ വികസന പദ്ധതിയുടെ മുൻ അസോസിയേറ്റ് ഡയറക്ടറാണ്. ഇവാഞ്ജലിക്കൽസ് ഫോർ സോഷ്യൽ ആക്ഷൻസ് എന്ന വിശ്വാസാധിഷ്ഠിത സ്ഥാപനത്തിന്റെ ആലോചനക്കാരിയായി ശുശ്രൂഷ ചെയ്യുന്നു. ജെ.സൈഡർ ഫിലിപ്പ് എൻ. ഓൾസോൺ എന്നിവരോടു ചേർന്ന് *ചർച്ചസ് ദാറ്റ് മെയ്ക്ക് എ ഡിഫറൻണ്ട് റീച്ചിഗ് യുവർ കമ്മ്യൂണിറ്റി വിത്ത് ഗുഡ്ന്യൂസ് ആന്റ് ഗുഡ് വർക്ക്സ്* എന്ന പുസ്തകം എഴുതിയിട്ടുണ്ട്. ഭർത്താവ് പാസ്റ്റർ ജിൻ. കാൺസാസിലെ ഫെയ്ത്ത് മെന്നോനൈറ്റ് ചർച്ചിന്റെ പാസ്റ്ററാണ്.



**ഫിലിപ് എൻ. ഓൾസൺ** ഇവാഞ്ജലിക്കൽ സോഷ്യൽ ആക്ഷൻ എന്ന സംഘടനയുടെ സഭാബന്ധങ്ങളുടെ മുൻ വൈസ് പ്രസിഡന്റാണ്. Network935 എന്ന നെറ്റുവർക്കിംഗ് ശുശ്രൂഷയുടെ ഡയറക്ടറും കൂടെയാണ് ഇദ്ദേഹം. ഇ ദ്ദേഹം പെൻസിൽ വാനിയായിലെ വിന്നേവുഡ്ഡിൽ താമസിക്കുന്നു.

# എന്റെ ഇടയന്മാർ പോകട്ടെ !

## അനുകമ്പാ ശുശ്രൂഷയ്ക്കായി ദൈവസഭയെ കെട്ടുപണിയുകയും സജ്ജമാക്കുകയും ചെയ്യുന്നത്



ബ്രാഡ് സ്മിത്ത്

*ഇടയ ശുശ്രൂഷ ചെയ്യുന്ന ഒരു സുഹൃത്ത് പല വർഷങ്ങളായി തന്റെ സഭയിൽ നടന്ന ഒരു കെട്ടിട നിർമ്മാണത്തെ അപ്പോഴാണ് പൂർത്തീകരിച്ചത്. അദ്ദേഹം വാർദ്ധക്യം ചെന്നവനും ബുദ്ധിയുള്ളവനും തികച്ചും ബഹുമാനിതനുമായിരുന്നു.*

*ഞങ്ങളുടെ കൂട്ടത്തിൽ പലരും “ കെട്ടിടംപണി പൂർത്തീകരിച്ചുവല്ലോ ഇപ്പോൾ നിങ്ങൾ യഥാർത്ഥമായും നിങ്ങളുടെ സഭയെ ആസ്വദിക്കുന്നുണ്ടോ? ” എന്നു ചോദിക്കുന്നു.*

"നാം വിശാലമായി വരുംന്തോറും നമ്മുടെ പ്രവർത്തന പദ്ധതികൾ ഇനിയും അധികമായി മേന്മപ്പെടുന്നു. എന്നാലും എനിക്ക് അതില ധികം സന്തോഷം ഉണ്ട്. ചില സമയങ്ങളിൽ എപ്രകാരമുള്ള ഭൂതത്തെയാണ് ഞാൻ ഉണ്ടാക്കി വിട്ടതെന്ന് അമ്പരന്നു പോകാറുണ്ട് ! ആളുകൾ ഓരോ ഞായറാഴ്ച രാവിലെയും അധിക പ്രതീക്ഷയോടെ കെട്ടിടത്തിനുള്ളിലേക്കു വരുന്നു. എന്നെ ആഹ്ളാദിപ്പിക്കേണമേ, എന്നെ കരയിപ്പിക്കേണമേ, എന്റെ ആത്മീയ വളർച്ചയ്ക്കുതകുന്ന വേദോപദേശം തരേണമേ എന്ന് അവർ പറയുന്നു. മുമ്പ് എനിക്ക് ഒരു സഭയുണ്ടായിരുന്നു. ഇപ്പോൾ എനിക്ക് ഉപഭോക്താക്കളാണുള്ളത്. തികച്ചും പ്രത്യേകമായ മതസംബന്ധ നന്മകളെയും സേവനങ്ങളെയും മാത്രമാണ് അവർ പ്രാപിക്കാനാഗ്രഹിക്കുന്നത്. എന്റെ ആഫീസിൽ ഉള്ള പ്രവർത്തകർ തങ്ങളുടെ കാര്യപരിപാടികൾ വിളിച്ചറിയിക്കുന്നതിനായി മത്സരിക്കുന്നു. എന്നെ അവർ പരസ്യത്തോടുകൂടെ പുറത്താക്കുമോ എന്നു ഞാൻ ഭയപ്പെടുന്ന അവസ്ഥ! ഞങ്ങൾ ചെറിയ ചെറിയ കൂട്ടമായ പട്ടാളക്കാരുടെ സംഘംപോലെ കാണപ്പെടുന്നു. എന്നാൽ അവരോ കൂട്ടം കൂട്ടമായി കൂടിയിരിക്കുന്നു. ഒരിക്കലും പിരിഞ്ഞു പോകുന്നില്ല. സമുദായത്തിന് സേവനം ചെയ്യുന്നത് എപ്രകാരം എന്നതിനെക്കുറിച്ച് പതിമൂന്ന് ആഴ്ചത്തേക്കുള്ള പാഠ്യപദ്ധതി അവർക്കു നല്കിയിട്ടുണ്ട്. അത് അവർക്ക് അധികം ഇഷ്ടമായതുകൊണ്ട് പ്രവർത്തനത്തിലേക്കു പോകുവാൻ തുനിയാതെ അടുത്ത പഠനത്തിലേക്ക് അവർ തുടർന്നു. കൂടുതൽ ആളുകളെ പ്രവർത്തനത്തിൽ പങ്കാളികൾ ആക്കുന്നതിന് ഞങ്ങൾ ആഫീസുകൾ തുടങ്ങും. എന്നാൽ ഓഫീസിലെ പ്രവർത്തകർ തന്നെ അവർക്കുവേണ്ടി കാര്യങ്ങൾ ചെയ്യുമെന്നു അവർ പ്രതീക്ഷിച്ചു." അദ്ദേഹം പ്രതിവചിച്ചു.

അദ്ദേഹം പിന്നെയും തുടർന്നു. "ലക്ഷ്യംകൊണ്ട് പ്രചോദിപ്പിക്കപ്പെടുന്ന സഭ, ചെറിയ സംഘങ്ങൾ ആയ സഭ , ആരോഗ്യകരമായ സഭയ്ക്ക് പത്ത് താക്കോലുകൾ സുവിശേഷ വിഹിതസഭ പണിതെടുക്കുവാൻ അഞ്ചു തടസങ്ങൾ തുടങ്ങിയ പുസ്തകങ്ങൾ എന്റെ പക്കലുണ്ട്. എന്നാൽ ഉല്പാദകരുടെ സഭയ്ക്കുള്ള മറുമരുന്നാണ് എനിക്കിപ്പോൾ ആവശ്യം. ഒരു മഹത്തായ സഭയെ കെട്ടിപ്പടുക്കുന്ന അന്തഃസത്തങ്ങൾക്കു നഷ്ടമായി."

ഈ ഇടയന്റെ സഭ ദർശനവും നേതൃത്വവും പ്രാപിച്ചതായിരുന്നു, എന്നാൽ മറഞ്ഞിരുന്ന അശുദ്ധികൾ അതിന്റെ ആരോഗ്യത്തെ നശിപ്പിച്ചു. അദ്ദേഹം ഓരോ ഞായറാഴ്ചയും സേവനം , ത്യാഗം, അർപ്പണം എന്നിവകളെക്കുറിച്ചു പ്രസംഗിച്ചു. ചില സമയങ്ങളിൽ കണ്ണീരോടെ പ്രസംഗിച്ചു. എന്നാൽ 168 മണിക്കൂറുള്ള ഒരു ആഴ്ചയിൽ സംസ്കാരത്തിൻ കീഴിലുള്ള ഉപഭോക്തൃ പരസ്യങ്ങളിനാൽ അധികമായി സ്വാധീനിക്കപ്പെടുന്നതിനു നടുവിൽ അദ്ദേഹത്തിന്റെ ഒരു മണിക്കൂർ പ്രസംഗം യാതൊരു ഫലവും ചെയ്യാതെ അസാധുവായി പോകുന്നു. സത്യത്തിൽ ഏതൊരു സഭയും ഞായറാഴ്ച രാവിലത്തെ കാര്യപരിപാടികളിൽ മാത്രം കേന്ദ്രീകരിക്കുന്നതായിരുന്നാൽ ഇതുപോലെയുള്ള പ്രശ്നങ്ങൾ നേരിടേണ്ടി വരും.

മിക്കവരും തങ്ങളുടെ സഭയുടെ പരസ്യത്തിനായി ജീവകാരുണ്യ പ്രവർത്തനം അഥവാ അനുകമ്പാ ശുശ്രൂഷ ചെയ്യുന്നു. പാവപ്പെട്ടവർക്ക് ആഹാരം നല്കുന്നതിനും വസ്ത്രമില്ലാത്തവർക്ക് വസ്ത്രം നല്കുന്നതിനും തുറുങ്കലിലടക്കപ്പെട്ടവരെ സന്ദർശിക്കുന്നതിനും അധഃകൃതരായ അയൽക്കാരുടെ ശാരീരിക, വൈകാരിക, ആത്മീക ദിശകൾക്ക് സാരമായ വ്യത്യാസം ഉണ്ടാകുന്നതു കാണുവാനും , ഇങ്ങനെ യേശു കൊടുത്ത കല്പനകൾക്ക് കീഴ്പ്പെടുന്നതിന് അവർ ശുശ്രൂഷ ചെയ്യുന്നു.

മുതിർന്ന ഇടയനും മറ്റ് സഭാനേതാക്കളും അനുകമ്പാ ശുശ്രൂഷ തങ്ങളുടെ രഹസ്യ ആയുധമാക്കാമെന്ന് മനസിലാക്കുമ്പോൾ , അതായത് , ആഴ്ചയുടെ ഏഴു ദിവസങ്ങളും അതിന്റെ 24 മണിക്കൂറുകളും ശിഷ്യത്വത്തിൽ പ്രവർത്തനോന്മുഖരാകുന്നതിനുള്ള രഹസ്യ ആയുധമായി അനുകമ്പാ ശുശ്രൂഷ തീരുമ്പോൾ ഉപഭോക്തൃ മനോഭാവമുള്ളവർക്ക് അതിനോടുള്ള സമീപിന മുറ വ്യത്യാസപ്പെടുന്നു.

അനുകമ്പാ ശുശ്രൂഷ നിമിത്തം ഉപഭോക്തൃ മനോഭാവത്തിനു വിരോധമായി ശക്തമായ പോരാട്ടമുണ്ടാകണം. അതിനായി ആത്മീയ വരങ്ങളെക്കുറിച്ചുള്ള പ്രസംഗങ്ങളും ശുശ്രൂഷയെക്കുറിച്ചുള്ള പ്രഖ്യാപനങ്ങളും മാത്രം മതിയാകയില്ല. കഴിഞ്ഞുപോയ പല ദശകങ്ങളായി ആത്മീയ വരങ്ങളെ മനസ്സിലാക്കി അവ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രസംഗങ്ങൾ അധികരിച്ചു വന്നിട്ടുണ്ട്. എന്നാലും പല സഭകളിലും ഇത്തരം പ്രസംഗങ്ങൾ കേൾക്കുന്നവരിൽ പത്തു ശതമാനത്തിലും കുറച്ചുപേർ മാത്രമേ സ്വമേധാ പ്രവർത്തനങ്ങൾക്കായി മുന്നോട്ടു വരുന്നുള്ളൂ.

ഇതിന് ഇടയന്മാർ തങ്ങളെത്തന്നെ കുറ്റം പറയുകയാണ്. മറ്റ് 90 ശതമാനം ആളുകളെ പ്രചോദിപ്പിക്കുംവിധം പ്രഭാഷണം നന്നായിരിക്കുന്നില്ല എന്നു കാണുമ്പോൾ അവർ എഫെസ്യർ.4 , റോമർ.12, 1 കൊരി. 12, എന്നീ വേദഭാഗങ്ങളിൽ നിന്നും കൂടുതൽ പ്രഭാഷണങ്ങൾ ചേർക്കുന്നു. സേവനത്തിന് പൊതുജനങ്ങളെ ആഹ്വാനം ചെയ്തുകൊണ്ട് ശുശ്രൂഷയുടെ പ്രഖ്യാപനം നടത്തുന്നത് ഈയിടെ പതിവായിരിക്കുന്നു. എന്നാൽ ഇത്തരത്തിലുള്ള പ്രഖ്യാപനങ്ങൾക്ക് 50 ശതമാനത്തോളം പ്രതികരണം ഉണ്ടായെന്നാലും പത്തു ശതമാനത്തോളം മാത്രമേ വ്യത്യസ്ത ജീവിതശൈലി പ്രാപിച്ചു പ്രയോജനപ്പെടുന്നുള്ളൂ.

നൂറു കണക്കിന് ഫലപ്രദമായ സഭകളെക്കുറിച്ച് ഞാൻ പഠിച്ചതിൽ നിന്ന് മൂന്ന് തത്വങ്ങൾ അവരെ സജ്ജമാക്കുകയും പ്രവർത്തനക്ഷമരാക്കുകയും ചെയ്യുന്നത് എനിക്ക് കാണുവാൻ കഴിഞ്ഞു.

## സഭാവിശ്വാസികളെ സേവനത്തിനായി പ്രചോദിപ്പിക്കുന്ന സഭാനേതൃത്വത്തിന്റെ വ്യക്തമായ സഹായം

സേവനത്തിന്റെ പ്രവർത്തനങ്ങളില്ലാതെ പക്വത പ്രാപിക്കുവാൻ കഴിയുകയില്ലായെന്ന് പ്രഭാഷണം നമ്മെ ഓർമ്മിപ്പിക്കുന്നു. വിളി, വരം, സേവനം എന്നിത്യാദികളെക്കുറിച്ചുള്ള പ്രഭാഷണവും ഇതിലുൾപ്പെടുന്നു. ഒരു ഞായറാഴ്ച മാത്രം സഭയിൽ വന്നതുകൊണ്ടായില്ലയെന്നും ഒരാഴ്ച മുഴുവനും സേവന പ്രവൃത്തികൾ കൂടെ ചെയ്യണമെന്നും അപ്രകാരം ആത്മീയ പക്വതയിലേക്കും ശിഷ്യത്വത്തിലേക്കും വളർന്ന് ഫലപ്രദരാകുവാൻ കഴിയുമെന്നും വല്ലപ്പോഴും ഇത്തരം പ്രഭാഷണം കേൾക്കുന്നവർക്കുപോലും മനസിലാക്കുവാൻ കഴിയും.

സേവനമെന്നത് സഭാവിശ്വാസികളിൽ നിന്നും സാധാരണമായി ഉണ്ടാകേണ്ട ഒന്നാണ് എന്നുള്ള ധാരണ വളർത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സഭാനേതാക്കൾ സേവനത്തിനായുള്ള പ്രഭാഷണങ്ങൾ നല്കുന്നതിൽ മാത്രമല്ല, സമുദായത്തിന് തങ്ങൾ തന്നെ സേവനം ചെയ്ത് മറ്റുള്ളവർക്ക് ദൃഷ്ടാന്തം കാട്ടേണ്ടതാണ്. സേവനം ചെയ്യുന്ന ആളുകളെ പക്വതയുള്ള ക്രിസ്ത്യാനികളായി അവർ എടുത്തുകാട്ടുന്നു. ഉദാഹരണങ്ങളിലൂടെയും കഥകളിലൂടെയും അവർ അത് ചെയ്തെടുക്കുന്നു.

ലിറ്റിൽ റോക്കിലുള്ള ഒരു സഭ അതിലെ അംഗങ്ങൾ സ്റ്റേപ്സ് ട്രസ്റ്റ് ഇട്ടുകൊണ്ട് "***ഞങ്ങൾ നിങ്ങളുടെ ശുശ്രൂഷയിൽ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു***" എന്ന എഴുത്തോടുകൂടിയ ബാനർ പിടിച്ചുകൊണ്ടു നിൽക്കുന്ന ചിത്രമുള്ള ക്രിസ്തുമസ് കാർഡ് പുറത്തിറക്കി. ചില സഭകൾ പുതിയ അംഗങ്ങളെ വന്ദനം ചെയ്യുകയും ആത്മായ

ശുശ്രൂഷകരാൽ കരുതപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ പുതിയ ആളുകളെ സ്വീകരിക്കുന്ന ഈ ആത്മായ സഭാ ശുശ്രൂഷകനോട് കടപ്പാടുള്ളവരായിരുന്നുകൊണ്ട് സഭയുടെ ദർശനത്തേയും ദൗത്യത്തേയും വ്യക്തമാക്കുമ്പോൾ അകത്തേക്കു വരുന്ന അഗംങ്ങൾക്ക് ഒരു വ്യക്തമായ സൂചനയാണ് അവർ നല്കുന്നത്. അതായത് ഇവിടെയുള്ള സഭാശുശ്രൂഷകൻ അധികാരം സ്വേച്ഛപ്രകാരം പിടിച്ചടക്കുന്നവനല്ല, പിന്നെയോ വികേന്ദ്രീകരണം നടത്തുന്നവനാണ് എന്ന് അവർ മനസ്സിലാക്കും.

## ആളുകളെ ശുശ്രൂഷയ്ക്കായി പ്രചോദിപ്പിക്കുന്ന കലർത്തൽ ഇല്ലാത്ത സിദ്ധാന്തം

ഒരു ഇടയനെക്കാൾ മറ്റ് തൊഴിലുകൾ ചെയ്യുന്ന മിക്കവരും അതിന്റേതായ സിദ്ധാന്തങ്ങളിൽ പരിശീലനം പ്രാപിച്ചിട്ടുള്ളവരാണ്. നടുന്നതിനും വിളവെടുക്കുന്നതിലുമുള്ള വിജയത്തിന്റെ താക്കോലെന്തെന്ന് കൃഷിക്കാർ മനസിലാക്കി വെച്ചിട്ടുണ്ട്. എന്നാൽ അതിനുവേണ്ടി നിലമൊരുക്കുകയും നല്ല വിത്തുകളെ തെരഞ്ഞെടുക്കുകയും കീട നാശിനികൾ പ്രയോഗിക്കുകയും പരിസ്ഥിതികൾ സംരക്ഷിക്കപ്പെടുകയും വിളവെടുപ്പിനുശേഷം വിത്തുവിതരണത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ഒക്കെ ചെയ്യുമ്പോഴാണ് കൃഷി എന്ന സിദ്ധാന്തം അതിന്റെ പൂർണതയിലെത്തുന്നത്. ഏതെങ്കിലും ഒരു കാര്യത്തിൽ വളരെ സവിശേഷമാംവിധം പ്രവർത്തിക്കുകയും മറ്റു ചില കാര്യങ്ങളെ അവഗണിക്കുകയും ചെയ്യുന്നതിനെക്കാൾ എല്ലാ കാര്യങ്ങളും ചൊവ്വായി ചെയ്യുന്നതാണ് നല്ലതെന്ന് ഒരു കൃഷിക്കാരൻ മനസിലാക്കി വെച്ചിരിക്കുന്നു. ഇത് വിജയത്തെ കൊണ്ടു വരുന്ന കലർപ്പില്ലാത്ത സിദ്ധാന്തമാകുന്നു.

സഭയെ സജ്ജീകരിക്കുന്ന വിഷയത്തിലും ഇത് ശരിയാണ്. ഈ സിദ്ധാന്തത്തിന് നിലവാരമുള്ള ചില ഘടകങ്ങളുണ്ട്. അവ ഒന്നും തന്നെ ഒഴിവാക്കാവുന്നതല്ല. The Purpose Driven Church എന്ന പുസ്തകത്തിൽ റിക്ക് വാറന്റ് ഓരോ ഘട്ടത്തിലും അടിസ്ഥാന വഴികളെയും അതൃപ്തികളെയും ഒത്തുചേർത്ത് സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തന മുറകളെക്കുറിച്ച് എഴുതിയിട്ടുണ്ട്. വിനിമയത്തിനാവാശ്യമായ ഓരോ ചട്ടക്കൂടിലും അത് പ്രവർത്തിക്കുന്നതിനാവശ്യമായ അംശങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു.

**സാംശീകരണം.** സഭയിലേക്ക് വരുന്നവർ സഭയെപ്പറ്റിയുള്ള വിവരങ്ങൾ മനസ്സിലാക്കി അതിൽ പങ്കുചേരുവാൻ തീരുമാനിക്കുംവിധം ഈ പ്രവർത്തനരീതി സഹായകമാകുന്നു. ഇതിൽ പുതുതായി വരുന്നവരെ കണ്ട് അവരെ കൈക്കൊള്ളുന്നത്, സഭയെ പരിചയപ്പെടുത്തുന്ന സി ഡി കളും കാസറ്റുകളും പുറത്തിറക്കുന്നത് എന്നിത്യാദി കാര്യങ്ങൾ ഇതിൽപെടും.

**വേദപുസ്തകപരമായ അടിസ്ഥാനങ്ങൾ.** പുതിയ അംഗങ്ങൾക്ക് വരങ്ങൾ, വിളി, സേവനം ഇവകളെക്കുറിച്ചുള്ള പ്രബോധനം നല്കപ്പെടുന്നു. സേവനം ചെയ്യുന്നത് *എനിക്ക് താല്പര്യമായാൽ ആവാം* എന്നുള്ളത് തിരുവചനത്തിന് യോജ്യമായ ചിന്താഗതിയല്ലയെന്ന് അവർ മനസിലാക്കുന്നു. നാം സേവനത്തിനായിത്തന്നെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു . റോമ.12: 3-8, എഫെ.4: 11-16, 1 കൊരി.12 , യാക്കോ. 12: 22-27 എന്നീ വേദഭാഗങ്ങൾ ഈ വിഷയത്തിലെ അടിസ്ഥാന ധാരണ വളർത്തുന്നവകളാണ്. ഇതോടൊപ്പം ശിഷ്യത്വത്തിന്റെ ഉപദേശം വളർച്ച സഭയിലെ കാര്യപരിപാടികളുടെ അടിസ്ഥാന തത്വങ്ങൾ എന്നിവയും ചേർത്ത് പഠിപ്പിക്കുന്നു.

**കണ്ടുപിടുത്തം.** ആളുകൾ തങ്ങളുടെ ആത്മീയ വരങ്ങളെക്കുറിച്ചും വിളിയെക്കുറിച്ചും മനസിലാക്കുന്നു. ഓരോ വർഷവും വെവ്വേറെ തലങ്ങളിൽ ഇതിനെക്കുറിച്ച് ആവർത്തിച്ച് പ്രബോധിപ്പിക്കുന്നതിനാൽ വരങ്ങളെക്കുറിച്ചുള്ള ആദ്യപാഠങ്ങളിൽ മിക്കവാറും ശുശ്രൂഷയെക്കുറിച്ചുള്ള അഥവാ സേവനത്തെക്കുറിച്ചുള്ള വാഞ്ഛയ്ക്കാണ് അധികമായും ഊന്നൽ നല്കുന്നത്. ആരാഞ്ഞു നോക്കുന്നതിന് ഏത് ഉപകരണം ഉപയോഗിച്ചു എന്നത് പ്രാധാന്യം അർഹിക്കുന്ന കാര്യമല്ല. എന്നാൽ ഏത് ചെറിയ സംഘം അഥവാ ഏത് ബന്ധത്തിന്റെ പശ്ചാത്തലം ഈ കണ്ടു പിടുത്തത്തിന് ഹേതുകമായി തീർന്നു എന്നതാണ് മുഖ്യം. ഇത് ദൈവത്തിന്റെ സഭയെ സംബന്ധിച്ചതാണ്. മറ്റുള്ളവർക്ക് സഹായം ചെയ്യേണ്ടതിന് എന്റെ കഴിവുകൾ ഘടനപ്പെടുത്തിയിരിക്കുന്നു എന്നായിരിക്കണം നമ്മുടെ ചിന്താഗതി.

**പൊരുത്തവും ഇടം നല്കലും.** ഈ പ്രവർത്തന രീതി വ്യക്തിപരമായ വരങ്ങളെയും വിളിയെയും എവിടെ അവർ ശുശ്രൂഷ ചെയ്യുവാനാകും എന്നതിനുള്ള സാധ്യതയെയും ഒത്തിണക്കുന്നു. ഇതാണ് ഏറ്റവും കഠിനമായ പ്രവർത്തന ഘടകം. ഓരോ ശുശ്രൂഷാ മണ്ഡലത്തിലും സേവനത്തിന് തയ്യാറാകുന്ന അളുകളുമായി ബന്ധപ്പെടുന്ന ചില വ്യക്തികൾ നിയമിക്കപ്പെടുന്നു. അവർ പരിശീലനങ്ങളും അനുധാവന പ്രവർത്തനങ്ങളും നടത്തുന്നു. സമയാനുസൃതമായി ഇത്തരക്കാർ ഒരുമിച്ചു കൂടുകയും ചെയ്യുന്നു.

**പരിശീലനം നല്കലും അംഗീകരിക്കലും.** ഒരു ക്ലാസ്സു മുറിയിലുള്ള പഠനത്തെക്കാൾ പുറത്തുള്ള സേവനമാണ് ഒരുവനെ ശിഷ്യത്വഭാവമുള്ളവനാക്കി മാറ്റുന്നത്. എന്നിരുന്നാലും പരിശീലനം നല്കുവാനുള്ള സമയം കണ്ടെത്തേണ്ടതുണ്ട്. തങ്ങൾ അംഗീകരിക്കപ്പെടേണം എന്നുള്ള ഒരു ചിന്ത ദൈവം മനുഷ്യരുടെ മനസ്സിൽ കയറ്റിയിട്ടുണ്ട്. നേതാക്കൾ അത് മനസിലാക്കി പ്രായോഗികമാക്കിയാൽ വലിയ അത്ഭുതങ്ങളെ നമുക്ക് കൊയ്തെടുക്കുവാൻ കഴിയും. ചെറിയ ഗ്രൂപ്പുകക്കുള്ളിലുള്ള പ്രത്യേക ആവശ്യങ്ങളുടെ മേൽ ശ്രദ്ധ ചെലുത്തി അവയുടെ ആരോഗ്യത്തെ നശിപ്പിക്കുന്ന രീതിയ്ക്കുള്ള ഒരു മറുമരുന്നാണിത്. അനുകമ്പാശുശ്രൂഷയ്ക്കായുള്ള സജ്ജമാകൽ ഒരു ചെറുസംഘത്തിന്റെ കേന്ദ്ര ഉദ്ദേശ്യമാകുമ്പോൾ അത് ശക്തമായും നിരന്തരമായതും ശിഷ്യത്വ കേന്ദ്രമായി പ്രവർത്തിക്കുന്നു. ത്യാഗമനസ്സോടുകൂടിയതും ജീവിത വ്യത്യാസമുണ്ടാക്കുന്നതുമായ സേവനത്തിന്റെ കൂട്ടായ്മ , വേദപുസ്തക പഠനം എന്നിവ ഇതു നിമിത്തം പ്രവർത്തനോന്മുഖമായിത്തീരുന്നു. ഉദ്ദേശ്യ പുർവമായ നേതൃത്വ പരിശീലനവും ഉത്തരവാദിത്വവും നല്കുന്ന സജ്ജമാക്കൽ സിദ്ധാന്തം ഇല്ലായെങ്കിൽ ഈ ചെറിയ സംഘങ്ങൾ തങ്ങളുടെ ആവശ്യങ്ങൾക്കപ്പുറത്തേക്ക് കണ്ണോടിക്കുകയില്ല.

**അണിനിരത്തിലും രൂപാന്തരവും.** മിക്കവരും സഭയ്ക്കുള്ളിൽ തങ്ങൾ അണിനിരത്തപ്പെടേണം എന്നു വാഞ്ഛിക്കുന്നതുകൊണ്ട് സഭയ്ക്കു പുറത്തുള്ള ഉത്തരവാദിത്വങ്ങളിലും അവരെ ഉൾപ്പെടുത്തേണ്ടതിനുള്ള പ്രവർത്തന രീതികൾ നാം പിൻപറ്റേണം. പുറത്തുള്ള മറ്റ് സേവന ഏജൻസികളോട് ബന്ധപ്പെട്ട് ഇവർക്കും സേവനത്തിനുള്ള അവസരങ്ങൾ ഒരുക്കി കൊടുക്കുക.

ഈ ആറാമത്തെ ഘടകം മതപരമായ ഉപഭോക്താക്കൾക്ക് വെറും മതപരമായ നന്മകൾ മാത്രം കൊടുക്കുന്ന മറ്റൊരു സിദ്ധാന്തമായിത്തീരാതെ കാക്കപ്പെടുന്നു. സഭയെ മുഴുവനും സജ്ജമാക്കുന്ന ഒരു പ്രവർത്തന രീതി ഉണ്ടാക്കിയെടുക്കുകയും അതുമൂലം നാലോ അഞ്ചോ ആണ്ടുകൾക്കു ശേഷം വിവിധ വിധത്തിൽ സമുദായത്തോടെ ബന്ധപ്പെടുന്നതിനുള്ള അവസരം ഉണ്ടാകുകയും ചെയ്യുന്നു. ഓരോ പുതിയ അംഗങ്ങളെയും പതിവായി കാണുകയും അവരെ അടുത്തറിയുകയും ചെയ്യുന്നതിലൂടെ സഭയ്ക്കു പുറത്തുള്ള അനുകമ്പാശുശ്രൂഷയ്ക്ക് വിളിക്കപ്പെട്ട അനേകരെ നമുക്ക് കണ്ടെടുക്കുവാൻ കഴിയും. ഈ സജ്ജീകരണ പ്രക്രിയ നന്നായി നടക്കുകയാണെങ്കിൽ സേവനത്തിന് കൊള്ളാവുന്നവരെന്നു കണ്ടുപിടിക്കുന്നവരെ മറ്റു സേവനം നടത്തുന്നവരുമായി ബന്ധപ്പെടുത്തി വിടുന്നു. പരിശീലനവും നിയോഗിക്കലും ഉദ്ദേശ്യപരമായതാണ്. ശിഷ്യത്വം പെരുമാറ്റരീതിയാണ്. പ്രതീക്ഷകളും പങ്കാളിത്വവും സ്പഷ്ടമായതാണ്.

എന്നിരുന്നാലും നിങ്ങൾ ഒരു ചെറിയ സ ഭയിലെ അംഗമായിരുന്നാൽ ഈ അണിനിരത്തൽ പ്രക്രിയ എങ്ങനെ നടപ്പാക്കുവാൻ കഴിയും? നിങ്ങളുടെ സഭയിൽ 15 അംഗങ്ങളുണ്ടെങ്കിൽ അവർ 15 തരത്തിലുള്ള അനുകമ്പാ ശുശ്രൂഷ ചെയ്താൽ അത് യാതൊരു തരത്തിലും സഭയിൽ സ്വാധീനം ചെലുത്തുകയില്ല. അവർ ഒന്നായി ചേർന്ന് തങ്ങളുടെ ശുശ്രൂഷയെ ആരാഞ്ഞു നോക്കുന്ന ശിഷ്യത്വ അവസരങ്ങൾ അവർക്കില്ലാതെ പോകുന്നു. തുടങ്ങുവാനുള്ള ഏറ്റവും നന്നായ വഴി ഏതെന്നാൽ ചില സാമൂഹിക പ്രവർത്തനങ്ങളിൽ സഭ പങ്കാളികളായിത്തീർന്ന് വ്യക്തിപരമായ വരങ്ങളെ പ്രയോജനപ്പെടുത്തി സഭയുടെ വിളിയ്ക്ക് താങ്ങായി നില്ക്കുകയും മറ്റ് അനേകരോട് അങ്ങനെ ചെയ്യുവാൻ ആഹ്വാനം ചെയ്യുകയുമാണ്. അനുകമ്പാശുശ്രൂഷയിൽ ഒരു സഭ ഇടപെടുമ്പോൾ അതിന്റെ ആദ്യ വർഷങ്ങളിൽ ഒരേ ലക്ഷ്യത്തെ നോക്കി പ്രവർത്തിക്കുന്ന ഒരു സംഘം ഉണ്ടാകണം. അവർ താഴെ പറയുന്ന 8 കാര്യങ്ങൾക്ക് അവർ സാരമായ പരിഗണന നല്കണം.

1. ഇത് അനുകമ്പാ ശുശ്രൂഷയിൽ ഇടപെടുന്ന നവാഗതർക്ക് അനായാസേന ചെയ്തെടുക്കുവാൻ പറ്റിയ കാര്യമാണോ ? ചെറിയ കുട്ടികൾക്ക് ക്ലാസ്സുകൾ എടുക്കുക എന്നത് ഇത്തരം സേവനങ്ങളിലേക്ക് കടക്കുവാനുള്ള വാതായനമാണ്. പ്രായപൂർത്തിയായവർക്ക് ഇത്തരം ക്ലാസ്സുകൾ എടുക്കുന്നത് അത്ര എളുപ്പമുള്ള കാര്യമ ല്ല.

2. പ്രത്യേക കഴിവുകളില്ലാത്ത കൂടുതൽ ആളുകളെ ചേർക്കുവാൻ പറ്റിയ ഒന്നാണോ ഇത് ? ഉപയോഗിക്കപ്പെട്ട വീട്ടു സാമാനങ്ങൾ വില്ക്കുന്ന സ്ഥലത്ത് സാമാന്യമായ കഴിവുകൾ മതിയായതാണ്. എന്നാൽ ഒരാശുപത്രിയിൽ കുറവായതും എന്നാൽ സവിശേഷമായതുമായ കഴിവുകൾ ആവശ്യമാണ്.

3. ആ പ്രദേശം നമ്മുടെ സഭയ്ക്കു യോജ്യമായതാണോ? മിക്ക നഗരങ്ങളിലും ധനപരമായി പിന്നാക്കം നില്ക്കുന്ന ആളുകൾ ചേരികളിൽ തിങ്ങി പാർക്കുന്നു. ആദ്യഘട്ടത്തിൽ സമീപത്തുള്ള ഒരു പ്രദേശത്തെ അനുകമ്പാശുശ്രൂഷയ്ക്കുള്ള ഇടമായി തെരഞ്ഞെടുക്കുമ്പോൾ നിങ്ങളുടെ സഭയിലുള്ള മറ്റുള്ളവർക്കും അതിൽ പങ്കെടുക്കുവാൻ കഴിയും.

4. സംസ്ക്കാരങ്ങൾക്കും ബന്ധങ്ങൾക്കും അതീതമയി പ്രവർത്തിക്കുന്ന അനുഭവ ജ്ഞാനമുള്ള നേതാക്കളെ ഇതിനു മുമ്പ് ഇവിടെ ദൈവം എഴുന്നേല്പിച്ചിട്ടുണ്ടോ ? സംസ്ക്കാരത്തിനധീനമായ ശുശ്രൂഷ ചെയ്യുമ്പോൾ ഒത്തു ചേർന്നുള്ള പദ്ധതികൾ ഉരുവാക്കുന്നതിന് മുമ്പ് പരസ്പര വിശ്വാസം കെട്ടുപണിയേണം. അതിനു കുറഞ്ഞത് അഞ്ചു വർഷമെങ്കിലുമെടുക്കും. അനുകമ്പാ ശുശ്രൂഷയുടെ ഫലം അനുഭവിക്കുന്നവർ നേരത്തെതന്നെ അഭ്യുദയ കാംക്ഷികളായ ആളുകളുടെ സഹായം പ്രാപിക്കുന്നവരാണ്. എന്നാൽ ഇക്കൂട്ടർ അവരുടെ വിലയോ വരങ്ങളോ സേവന പദ്ധതികളോ അംഗീകരിക്കുന്നില്ല. വറുതെ വിഭവങ്ങൾ മാത്രം കൊടുക്കാതെ ആളുകൾ തങ്ങളുടെ വരങ്ങളെയും ദർശനത്തെയും തങ്ങൾ കരഗതമാക്കിയ വിഭവങ്ങളെയും പ്രയോജനപ്പെടുത്തുവാൻ അവരെ സഹായിക്കുക. ഒന്നോ രണ്ടോ വിശ്വസ്തരിലൂടെ ദൈവം പ്രകടമാക്കിയ ദിശാബോധവും അനുകമ്പാ ശുശ്രൂഷയെക്കുറിച്ച് അവർക്കു ദൈവം കൊടുത്ത സ്പഷ്ടമായ ദർശനത്തെയും അവഗണിക്കാതിരിക്കുക.

5. നാം എന്ത് ആവശ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നുവോ അതു നിമിത്തം എടുത്തു പറയതക്ക വ്യത്യാസങ്ങൾ നമുക്ക് ഉണ്ടാക്കിയെടുക്കുവാൻ കഴിയുമോ ? ഒരു നഗരത്തിലെ കുറ്റവാളികളെക്കുറിച്ചുള്ള വിവരം ശേഖരിച്ച് മനസിലാക്കുന്നത് ഒരു വലിയ സഭയെ സംബന്ധിച്ചിടത്തോളം പോലും ഭഗീരഥ പ്രയത്നമാണ്. മൂന്നാം ക്ലാസിലെ കുട്ടികളുടെ വായനാ പാടവത്തെ പരിശോധിക്കുക എന്നത് നമ്മുടെ ലക്ഷ്യമാകുമ്പോൾ നമുക്കു കാണുവാൻ കഴിയുന്ന ഫലങ്ങൾ ഉണ്ടാകുന്നു.

6. നാം ഏത് ആവശ്യത്തിനുവേണ്ടിയുള്ള സേവനമാണോ ചെയ്യുന്നത് അത് നമ്മുടെ സമുദായത്തിൽ തികച്ചും അത്യാവശ്യമായതും മുമ്പു പരിഗണിക്കപ്പെടാതെ പോയതുമാണോ? മാനിക്കപ്പെടാത്ത ആവശ്യങ്ങളെയും തുടങ്ങിവെച്ച പ്രയത്നങ്ങളെയും കണ്ടറിഞ്ഞ് അതിൽ പങ്കാളികളായിത്തീരുക.

7. നമ്മുടെ സഭയുടെ ഉൾ സംസ്ക്കാരത്തിൽ തുടർന്നും സ്വാധീനം ചെലുത്തും വിധം ഈ അനുകമ്പാശുശ്രൂഷയെ കുറിച്ച വിവരങ്ങ ൾ നമുക്ക് പറയാനാവുമോ ? ഒരു സഭയുടെ അനുകമ്പാ ശുശ്രൂഷ അതിന്റെ തുടക്ക ഘട്ടത്തിൽ ഏതു തരമാളുകൾക്കുവേണ്ടി സേവനം ചെയ്യുന്നുവോ അവരുടെ ആവശ്യങ്ങളെ സഭമുഴുവനും അറിഞ്ഞ് മാനിക്കുന്നത് അതിപ്രധാനമായ കാര്യമാണ്. ലഹരി മരുന്നുകൾക്ക് അടിമയായവർക്കോ അഥവാ വേശ്യകൾക്കോ ചെയ്യപ്പെടുന്ന സേവനം ഫലപ്രദമായിത്തീരേണമെങ്കിൽ അത് പരോക്ഷമായ പ്രവർത്തനം ആയിരിക്കേണം. ചെറിയ കുട്ടികൾക്കോ അഥവാ മുതിർന്നവർക്കോവേണ്ടി നടത്തപ്പെടുന്ന സേവനത്തോട് ആളുകൾക്ക് വേഗത്തിൽ വൈകാരിക പങ്കാളിത്വം നല്കുവാൻ കഴിയും.

8. നാം തെരഞ്ഞെടുക്കുന്ന അനുകമ്പാശുശ്രൂഷ മറ്റു സഭകൾക്കും പങ്കാളിത്വം നല്കത്തക്കതാണോ ? അനുകമ്പാശുശ്രൂഷയിൽ ഐകരൂപ്യമുള്ള സഭകളോടു ചേർന്ന് പ്രവർത്തിക്കുന്നതു നിമിത്തം സമയത്തെയും വിഭവങ്ങളെയും മിച്ചപ്പെടുത്തുവാൻ കഴിയും. ധനപരമായ രീതിയിൽ ഞെരുക്കം അനുഭവിക്കുന്ന ഇടങ്ങളിലുള്ള സഭകളുടെ പ്രവർത്തനങ്ങൾക്ക് ഇത്തരം പങ്കാളിത്വം ആവശ്യമാണ്.

സഭയുടെ പ്രവർത്തന സിദ്ധാന്തങ്ങളെ സജ്ജമാക്കുന്ന, സാംശീകരണം, അടിസ്ഥാനം, കണ്ടുപിടുത്തം, ഇടംനല്കൽ, പരിശീലനം നല്കൽ, അണിനിരത്തൽ എന്നിവ കാര്യവാഹകരും നേതാക്കളും നേതൃത്വ വികസന സംഘവും ചേർന്ന് നടപ്പാക്കും. ഇതിൽ ഓരോ ഘടകത്തിനും ഒരു പ്രത്യേക സംഘം പ്രവർത്തന നിരതമായിരിക്കും. ഇവയെല്ലാം ഒരുമിച്ചു സജ്ജമാക്കുന്ന ഒരു പൊതു ക്രമീകരണവും ഉണ്ടായിരിക്കേണം.

## ഈ പ്രവർത്തന സിദ്ധാന്തങ്ങളെ പ്രാബല്യപ്പെടുത്തുവാൻ ഉത്തരവാദിത്വപ്പെട്ട ഒരാളെ നിയോഗിക്കുക.

സജ്ജമാക്കുക എന്ന ഉത്തരവാദിത്വത്തെ ഏറ്റെടുക്കുന്ന വ്യക്തി നേതൃത്വ വരങ്ങൾ പ്രാപിച്ചവനായിരിക്കണം. ഒരു കർത്തവ്യം ചെയ്തു തീർക്കേണ്ടി വരുമ്പോൾ അദ്ദേഹം യോജ്യമായ വരങ്ങൾ പ്രാപിച്ച ഒരു കൂട്ടരെ തെരഞ്ഞെടുത്ത് പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. ഈ വ്യക്തി നിരന്തരം സംഘങ്ങളെ ഉണ്ടാക്കിയെടുക്കുകയും വ്യക്തമായ ലക്ഷ്യത്തോടും പ്രതീക്ഷയോടും അവരെ അയക്കുകയും ചെയ്യും. അവരുടെ വിജയത്തിനാവശ്യമായ സകലവിധ പിൻതാങ്ങലുകളും നൽകുകയും ചെയ്യുന്നു. അൻപതുപേരു മാത്രമുള്ള ഒരു സഭയിൽ വ്യക്തമായ അധികാരത്തെയും ഉത്തരവാദിത്വത്തെയും വരങ്ങളെയും പ്രാപിച്ച ഒരുവൻ ആളുകളോട് അവരുടെ വരങ്ങളെയും വിളിയെയും സേവനത്തിൽ പങ്കാളിത്വം വഹിക്കാവുന്ന മണ്ഡലത്തെയും അന്വേഷിച്ച് അവരെ സേവനത്തിൽ പങ്കാളികലാക്കുംവിധം പ്രോത്സാഹിപ്പിക്കുവാൻ കഴിയും. അവർ ആളുകളുടെ വരങ്ങളെ ആവശ്യങ്ങളോടും പ്രഭാഷണങ്ങളെ തക്കയോഗ്യമായ ജീവിതശൈലിയോടും ഇണക്കുന്നവരാകുന്നു.

സജ്ജമാക്കുന്ന ഈ മൂന്ന് പൊതു ഘടകങ്ങളും ഒരുമിച്ച് പ്രവൃത്തിക്കുമ്പോൾ അനുകമ്പാശുശ്രൂഷയെന്ന കർത്തവ്യം പ്രസംഗത്തിലൊതുങ്ങാതെ ജനങ്ങളുടെ ജീവിതശൈലിയിലും പ്രായോഗികമായിത്തീരുന്ന സ്വാധീനം ചെലുത്തുന്നു. അനുകമ്പാ ശുശ്രൂഷ നിമിത്തം സഭയ്ക്ക് സമുദായത്തിൽ ഒരു വലിയ മാറ്റം ഉണ്ടാക്കിയെടുക്കുവാൻ കഴിയും. സഭാജനങ്ങൾ സഭയ്ക്ക് പുറത്തിറങ്ങി പ്രവർത്തിക്കുന്നതുമൂലം അവരിലും ധാരാളം മാറ്റങ്ങൾ ഉണ്ടാകുവാനിടയാകുന്നു. ഞായറാഴ്ച രാവിലെയുള്ള കാര്യപരിപാടിയിൽ ഇതു തുടങ്ങുന്നുവെങ്കിലും അതുകൊണ്ടു മാത്രം അത് പരിപാലിക്കപ്പെട്ടുകൊണ്ടുപോകുവാൻ കഴിയുകയില്ല. അതിന് സജ്ജമാക്കുന്ന മാനസികനില ,സിദ്ധാന്തം, പ്രചോദിപ്പിക്കുന്ന നേതൃത്വം, ശിഷ്യന്മാരുടെ അണിനിരക്കൽ എന്നിവ ആവശ്യമാണ്. അത് സഭയുടെ ഉള്ളിലും പുറത്തും മാറ്റങ്ങൾ ഉണ്ടാക്കും.



ഡാളസ് തിയോളജിക്കൽ സെമിനാരിയിൽ നിന്നും ബിരുദമെടുത്ത **ബ്രാഡ് സ്മിത്ത്** ഡാളസ് ലീഡർഷിപ്പ് നെറ്റു വർക്കിന്റെ പ്രസിഡന്റാണ്. അദ്ദേഹം അനുഭവ സമ്പന്നനായ ഒരു പാസ്റ്ററും സഭാ സ്ഥാപകനുമാണ്.



## സുവിശേഷീകരണത്തിന്റെയും ശിഷ്യത്വത്തിന്റെയും പരാവൃത്തി:

# ഒരു നിരന്തര പ്രക്രിയ

**റാൻഡി ഹസ്റ്റ്**

യേശു അവിടുത്തെ ശിഷ്യന്മാർക്ക് ശ്രേഷ്ഠ കല്പന നല്കിയപ്പോൾ അത് അവർക്ക് പുതുതായ ഒന്നായിരുന്നില്ല. തന്റെ ദൃഷ്ടാന്തത്തിലൂടെയും ഉപദേശത്തിലൂടെയും അവിടുന്ന് അവിടുത്തെ ശിഷ്യന്മാരെ സജ്ജരാക്കുകയായിരുന്നു.

അവർക്കു മുമ്പിലുണ്ടായിരുന്ന ദൗത്യം മറ്റൊരു മത സാമൂഹിക സ്ഥാപനം ഉണ്ടാക്കുകയായിരുന്നില്ല. നശിച്ചു പോകുന്ന മനുഷ്യകുലത്തെ വീണ്ടെടുക്കുക എന്ന ദൈവത്തിന്റെ ദൈവിക ക്രിയയുടെ പങ്കാളികളായിത്തീരുവാനാണ് അവർ വിളിക്കപ്പെട്ടിരിക്കുന്നത്. അപ്പത്തെയും മീനിനെയും വർദ്ധിപ്പിക്കുന്നത് ശിഷ്യന്മാർ കണ്ടതുപോലെ, ഇപ്പോൾ യേശു അവർക്ക് നല്കിയ ദൈവ സന്ദേശത്തെ നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി പങ്കാളികളാകുന്നു.

നാലു സുവിശേഷങ്ങളുടെയും ഉപസംഹാര ഭാഗങ്ങളിൽ യേശു തന്റെ ഇഹലോക ശുശ്രൂഷയുടെ അവസാന ഘട്ടത്തിൽ തന്റെ ശിഷ്യന്മാർക്കു ഭരമേല്പിച്ച ദൗത്യത്തെക്കുറിച്ച് ഊന്നിപ്പഞ്ഞിരിക്കുന്നു. മൂന്നു പൊതുവായ സുവിശേഷങ്ങളിലും യോഹന്നാന്റെ സുവിശേഷത്തിലും പ്രധാന കല്പനകളെ രേഖപ്പെടുത്തുന്ന ഭാഗത്ത് സുവിശേഷീകരണത്തെയും ശിഷ്യത്വത്തെയും ഉള്ളടക്കിയ ഒരു വിശാലമായ ശുശ്രൂഷയെക്കുറിച്ചു പറഞ്ഞിരിക്കുന്നു.

ക്യാൻഡൺ ബെറിയിലെ ആർച്ച് ബിഷപ്പായ വില്യം ടെമ്പിൾ (1942-1944) ഇങ്ങനെ പറഞ്ഞു: "സുവിശേഷം എന്നു പറയുന്നത് ജനങ്ങൾ യേശുവിനെ രക്ഷകനായി സ്വീകരിക്കുകയും അവിടുത്തെ സഭയുടെ കൂട്ടായ്മയിൽ കർത്താവായ അവിടുത്തേക്ക് ശുശ്രൂഷ ചെയ്യുന്നതിന് ഇടയാകും വിധം പരിശുദ്ധാത്മാവിന്റെ ശക്തിയോടെ യേശുക്രിസ്തുവിനെ അറിയിക്കുന്നതുമാണ്" സുവിശേഷീക രണത്തെയും ശിഷ്യത്വത്തെയും തനിത്തനിയായി കരുതുന്നത് ഒരു ക്രിതൃമ വേർതിരിക്കലായിരിക്കും. ഒരു മഴവില്ലിന്റെ നിറങ്ങൾക്കു നടുവിൽ ഒരു വരയിട്ടു വേർതിരിക്കുവാൻ കഴിയാത്തതുപോലെ തിരുവചനത്തിൽ സുവിശേഷീകരണത്തെയും ശിഷ്യത്വത്തെയും വേർതിരിക്കുവാൻ കഴിയുകയില്ല. സുവിശേഷീകരണവും ശിഷ്യത്വവും സുവിശേഷീകരണത്തിൽ തുടങ്ങി ശിഷ്യത്വത്തിൽ അവസാനിക്കുന്ന ഒരു വളർച്ചയുടെ രണ്ടു വശങ്ങളല്ല. പിന്നെയോ അവ ഒരു പരാവൃത്തിയുടെ ഭാഗമാണ്. ശിഷ്യത്വ ലക്ഷ്യത്തോടെ സുവിശേഷീകരണം നടത്തേണം. ശിഷ്യത്വം ശിഷ്യന്മാരെ സുവിശേഷീകരണത്തിനായി സജ്ജമാക്കുകയുംവേണം.

## ശിഷ്യത്വത്തിനു മുമ്പുള്ള സുവിശേഷീകരണം

വിതക്കുന്നവനെക്കുറിച്ചുള്ള ഉപമയിൽ യേശു ദൈവത്തിന്റെ വചനമാകുന്ന അഥവാ ദൂതാകുന്ന വിത്ത് വിവിധ തരം ഇടങ്ങളിൽ വീഴുന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു.ദൂതു കേൾക്കുന്ന ചില ആളുകൾ പ്രതികരിക്കയില്ല. പ്രതികരിക്കുന്ന ചിലർ നിലനിൽക്കുകയുമില്ല.

ചിലർ വിതക്കുന്നതിനെക്കുറിച്ചുള്ള ഉപമയെ ഒരു നിഷേധാത്മക വീക്ഷണത്തിൽ കാണുന്നു. എന്തെന്നാൽ മൂന്നോ അഥവാ നാലോ തരത്തിലുള്ള നിലങ്ങളാൽ നിലനിൽക്കുന്ന ജീവനെ ഉരുവാക്കാൻ കഴിയുകയില്ല. എന്നാൽ ഈ ഉപമ പ്രസ്തുത തടസങ്ങൾക്കപ്പുറമായി ദൈവരാജ്യത്തെ ഉരുവാക്കുന്നതിൽ, ദൈവവചനത്തിലുള്ള വിജയത്തിന്റെമേൽ ഊന്നൽ നല്കുന്നു. ഈ ഉപമയിൽ ഫലം നല്കാത്ത മൂന്നുതരം നിലത്തെ കുറിച്ച് വിവരിക്കുന്നതിന് അധികം സ്ഥലം ചെലവഴിച്ചിരിക്കുന്നുവെങ്കിലും വളരെക്കുറച്ചു വിത്തുകൾ മാത്രമേ യഥാർത്ഥ വയലിനു വെളിയിലുള്ള ഇത്തരം സ്ഥലങ്ങളിലേക്കു പോകുകയുള്ളൂ. വിതക്കുന്നവിന്റെ വിത്തിൽ മിക്കതും വൃഥാവായിപ്പോകുമെന്നല്ല ഈ ഉപമ അർത്ഥമാക്കുന്നത്.

വിതയ്ക്കുന്ന വനെക്കുറിച്ചുള്ള മിക്ക വ്യാഖ്യാനങ്ങളിലും വിതക്കാരന് വിതയ്ക്കുവാൻ നാലുതരം നിലങ്ങളുള്ളതായി കാണുന്നു. പാറസ്ഥലം, മണ്ണിന് ആഴമില്ലാത്ത സ്ഥലം, മുള്ളുനിറഞ്ഞസ്ഥലം, നല്ലനിലം എന്നിവയാണ് അവ. എന്നാൽ ഈ ഉപമയിൽ രണ്ടു തരം സ്ഥലങ്ങൾ മാത്രമുള്ളതായി നമുക്ക് വീക്ഷിക്കാവുന്നതാണ്. അതായത് വിളവ് തരുന്നതും തരാത്തതുമായ നിലങ്ങൾ. ഈ രണ്ടു തരത്തിലുള്ള നിലത്തിന് മൂന്ന് ഉദാഹരണങ്ങൾ എഴുതിയിട്ടുണ്ട്. ഓരോ മനുഷ്യരും ഈ രണ്ടിൽ ഏതെങ്കിലും ഒരു ലക്ഷ്യത്തിൽ എത്തിച്ചേരുന്നവരാണ്. സുവിശേഷത്തിന്റെ ഫലം എന്നു പറയുന്നത് നല്ല നിലത്തെ സംബന്ധിച്ച കാര്യങ്ങളാണ്. അതായത് ഒരുവനിൽ ജീവന്റെ തുടക്കം മാത്രമല്ല, അതിന്റെ വളർച്ചയും വർദ്ധനവും കാണുന്ന അവസ്ഥ.

ചില ആളുകൾ അവിശ്വാസിയായ ഒരുവൻ ഒരു പാപിയുടെ പ്രാർത്ഥന കേൾക്കുവാനുള്ള ആഗ്രഹത്തോടെ സുവിശേഷീകരണത്തെ സമീപിക്കുന്നു. എന്നാൽ സുവിശേഷീകരണത്തിന്റെ ലക്ഷ്യമെന്നുള്ളത് രക്ഷയ്ക്കുവേണ്ടിയുള്ള തീരുമാനമെടുക്കുക എന്നുള്ളതിലുപരിയാണ്. സുവിശേഷത്തിന്റെ ഉദ്ദേശ്യം വ്യത്യസ്തമായ ഒരു ജീവിത ശൈലിയാണ്. അതായത് ഒരു വ്യക്തി യേശുക്രിസ്തുവിന്റെ ഉപദേശത്തെയും കല്പനകളെയും അനുസരിച്ച് ക്രിസ്തുവിനെ പിൻതുടരുന്ന അവസ്ഥ. ആത്യന്തികമായി , അർപ്പിതനും വിശ്വസ്തനുമായ ഒരു ക്രിസ്ത്യാനിയെ അഥവാ ശിഷ്യനെ ഉരുവാക്കുക എന്നതാണ് ഉദ്ദേശ്യം.

നിർഭാഗ്യകരമെന്നു പറയട്ടെ, ക്രിസ്തുവിനെ അനുഗമിക്കേണ്ടതിന് ചെലുത്തേണ്ട വില എന്തെന്നു മനസിലാക്കാതെ ഒരുവൻ രക്ഷികകെപ്പടുന്നതിനുള്ള തീരുമാനമെടുത്താൽ അവന് നന്നായി തുടങ്ങുവാൻ കഴിയുമെങ്കിലും അവിടുത്തെ തുടർന്നു സേവിക്കുന്നതിലും അനുഗമിക്കുന്നതിലും അവൻ പരാജയപ്പെടുന്നു. വിതക്കാരനെക്കുറിച്ചുള്ള ഉപമയിലെ ആദ്യത്തെ മൂന്നു നിലങ്ങൾ ഈ സ്ഥിതിവിശേഷത്തെയാണ് ദൃഷ്ടാന്തീകരിക്കുന്നത്. ആളുകൾ സന്ദേശം സ്വീകരിക്കുന്നുവെങ്കിലും പക്ഷികൾ ആ വിത്തുകളെ കൊത്തി എടുത്തുകൊണ്ടു പോകുന്നു, സൂര്യൻ അതിനെ ഉണക്കിക്കളയുന്നു. മുള്ളുകൾ

അതിനെ ഞെരുക്കുന്നു. ഈ പക്ഷികളും സൂര്യനും മുള്ളുകളുമൊക്കെ ആളുകളുടെ ആത്മീക ജീവിതത്തിന്റെ വിഘ്നങ്ങളായി യേശു വിശദീകരിച്ചു.

ഉപദ്രവവും ദ്രവ്യാഗ്രഹവും ഇതിൽ ഉൾപ്പെടും . ദൈവത്തിന്റെ ദൂത് ദൂരെവ്യാപകമായ ഫലമുളവാക്കുന്നതിന് ഇവ തടസമായി നില്ക്കുന്നു.

ആളുകൾ യേശു ക്രിസ്തുവിനുവേണ്ടി തീരുമാനമെടുക്കുന്നതിനുള്ള അതിവാഞ്ഛ നിമിത്തം പക്വമാകാത്ത തീരുമാനങ്ങൾ എടുക്കുവാൻ നാം അവരെ നിർബന്ധിക്കാറുണ്ട്. എന്നാൽ പരിശുദ്ധാത്മാവ് അവരെ നയിക്കുവാനും അങ്ങനെ അവർ തീരുമാനത്തിലെത്തുവാനും തുടർന്ന് ശിഷ്യത്വത്തിലേക്കു വളരുവാനും നാം പരിശുദ്ധാത്മാവിനെ അനുവദിക്കുകയാണു വേണ്ടത്.

സുവിശേഷത്തിന്റെ ആത്യന്തിക ലക്ഷ്യം ശിഷ്യത്വം ആണെന്നു നാം മനസിലാക്കുമ്പോൾ നാം നല്കുന്ന സന്ദേശത്തിന്റെ സ്വാധീനശക്തി വർദ്ധിപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ ശിഷ്യനായിതീരുന്നതിനുള്ള വിലയെന്താണെന്ന് അവിടുത്തെ അനുഗാമികൾ അറിയേണമെന്ന് യേശു പഠിപ്പിച്ചു. “തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കാത്തവനും എന്റെ ശിഷ്യനായിരിക്കുവാനും സാദ്ധ്യമല്ല. നിങ്ങളിൽ ഒരാൾ ഒരു ഗോപുരം പണിയുവാൻ ആഗ്രഹിക്കുന്നു എന്നിരിക്കട്ടെ. അവൻ ആദ്യം ഇരുന്ന് അതു പൂർത്തിയാക്കുവാൻ വേണ്ടപണം ഉണ്ടോ എന്ന് കണക്കുകൂട്ടുകയില്ലേ?” ലൂക്കൊ. 14: 27,28)

ക്രിസ്തുവിൽക്കൂടെയുള്ള പാപക്ഷമ പ്രാപിക്കുകയും അവിടുത്തെ അനുഗിക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യത ഒരു അവിശ്വാസി ഗ്രഹിക്കേണം. ആളുകൾ മനസിലാക്കാതെയും തയ്യാറല്ലാതെയും ഇരിക്കുമ്പോൾ വൈകാരികമായ കൗശലത്തിലൂടെ ആളുകളെ തീരുമാനമെടുപ്പിക്കാതിരിക്കുവാൻ വിശ്വാസികൾ ശ്രദ്ധിക്കേണം. ഒരു വ്യക്തിയോടൊപ്പം ക്രിസ്തുവിനെ സ്വീകരിക്കുന്നതിനുള്ള പ്രാർത്ഥന നാം പ്രാർത്ഥിക്കുമ്പോൾ അയാൾ എന്താണ് ചെയ്യുന്നത് എന്നുള്ളത് അയാൾ മനസിലാക്കുന്നുണ്ടോ എന്ന് നാം ഉറപ്പാക്കണം. ഇതിന് ജ്ഞാനവും ചില സമയങ്ങളിൽ വിലക്കുകൾ പോലും ആവശ്യമായി വരുന്നു.

ജനങ്ങൾ തങ്ങളുടെ ജീവിതത്തെ ക്രിസ്തുവിന് സമർപ്പിക്കേണമെന്ന് അവരെ വിശ്വസിപ്പിക്കുക എന്ന ഉത്തരവാദിത്വം നമുക്കില്ല. സുിശേഷ വേല എന്നത് കേവലം മനുഷ്യമറ്റുള്ളവരെ സമ്മതിപ്പിക്കുന്നതല്ല, അതു പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. പരിശുദ്ധാത്മാവ് പാപത്തെയും നീതിയേയും ന്യായതീർപ്പിനെയുംകുറിച്ച് ബോധം വരുത്തുമെന്ന് യേശു വാഗ്ദത്തം ചെയ്തു. ( യോഹ.16: 8). സുവിശേഷ സന്ദേശം വ്യക്തമായി പങ്കിടുക എന്നുള്ളതാണ് നമ്മുടെ ഉത്തരവാദിത്വം. ശ്രവിക്കുന്ന ആളുകൾക്ക് ബോധോദയം ഉണ്ടാക്കി പ്രചോദിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. നാം ക്ഷമയോടെ അവിടുത്തെ സമയത്തിനു വേണ്ടി കാത്തിരിക്കണം. പക്വമാകാത്ത തീരുമാനമെടുക്കുവാൻ നാം മനുഷ്യരെ ഒരിക്കലും നിർബന്ധിക്കരുത്. ഇതു നമ്മെ നമ്മുടെ സാക്ഷ്യ ശുശ്രൂഷയിൽ മടിയില്ലാത്തവരും അപ്പോൾതന്നെ തിടുക്കമില്ലാത്തവരുമാക്കിത്തീർക്കുന്നു.

## സുവിശേഷീകരണത്തിനു മുമ്പുള്ള ശിഷ്യത്വം

ശിഷ്യന്മാർ സുവിശേഷത്തിന്റെ ദൂതുവാഹികളും കൂടുതൽ ശിഷ്യന്മാരെ ഉരുവാക്കുന്നവരുമായിത്തീരുമ്പോൾ സുവിശേഷീകരണത്തിന്റെയും ശിഷ്യത്വത്തിന്റെയും പരാവൃത്തി പൂർണമാകുന്നു.

അമേരിക്കയിലുള്ള ചർച്ചുകളെക്കാൾ , ആഫ്രിക്ക, ഏഷ്യയുടെ വിവിധ ഭാഗങ്ങൾ എന്നിവിടങ്ങളിലുള്ള സഭകൾ വളർച്ച പ്രാപിക്കുന്നു. അതിനു കാരണം അവിടെയുള്ള വിശ്വാസികൾ സുവിശേഷീകരണത്തെക്കുറിച്ച് പഠിക്കുകയും ആത്മാക്കളെ നേടുവാൻ പ്രചോദിപ്പിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ അമേരിക്കയിലും മറ്റും സുവിശേഷീകരണത്തിന് ശമ്പള വ്യവസ്ഥയിൽ ആളുകളെ വയ്ക്കുകയാണ് പതിവ്. ചുരുക്കത്തിൽ ശമ്പള വ്യവസ്ഥയിൽ പ്രവർത്തിക്കാത്ത സുവിശേഷ തല്പരരായ ആളുകളുള്ള രാജ്യത്തെ സഭകൾ വളർച്ച പ്രാപിക്കുന്നത് നമുക്ക് കാണുവാൻ കഴിയുന്നു.

ഫലപ്രദനായ സാക്ഷിയായി തീരുന്നതിന് ഒരുവന് ക്രിസ്തുവിനെ അനുഗമിച്ചുള്ള അനുഭവ പരിചയം അധികം വേണമെന്നോ അവൻ ആത്മീകമായി അധികം വളർച്ച പ്രാപിച്ചിരിക്കണമെന്നോ ഇല്ല. സഭകളിൽ നടത്തിയ അന്വേഷണത്തിന്റെ ഫലമായി നവാഗതരാണ് വ്യക്തിഗത സുവിശേഷീകരണത്തിൽ കൂടുതൽ തൽപ്പരരെന്നു മനസിലാക്കുവാൻ കഴിയുന്നു.

വ്യക്തിഗത സുവിശേഷീകരണം അഥവാ ആളാം പ്രതിവേല എന്നത് ക്രിസ്തുവിനെ അനുഗമിക്കുന്നതിൽ ഒഴിവാക്കാനാകാത്ത കാര്യമാണ്. ചുറ്റുമുള്ള അവിശ്വാസികളിൽ ക്രിസ്തു സ്വാധീനം ചെലുത്തുന്ന ഒരു ജീവിത ശൈലി ഓരോ വിശ്വാസികൾക്കും ഉണ്ടാകേണ്ടത് ആശ്യമാണ്.

## ലക്ഷ്യം

സുവിശേഷീകരണത്തിന്റെയും ശിഷ്യത്വത്തിന്റെയും ലക്ഷ്യമെന്താണെന്നുള്ളത് അപ്പൊസ്തോലനായ പൗലൊസ് കൊലോസ്യർക്ക് എഴുതിയ ലേഖനത്തിൽ വളരെ വിശദീകരിച്ചിട്ടുണ്ട്. “മുമ്പെ ദുഷ്പ്രവൃത്തികളാൽ ദൈവത്തിൽ നിന്ന് അകന്നു പോയവരും ശത്രുക്കളുമായിരുന്ന നിങ്ങളെ ഇപ്പോൾ വിശുദ്ധരും നിഷ്ക്കളങ്കരും അനന്യരുമായി തന്റെ മുമ്പിൽ നിർത്തേണ്ടതിന് അവിടുന്ന് ക്രിസ്തുവിന്റെ ജഡശരീരത്തിൽ, ക്രിസ്തുവിന്റെ മരണത്തിലൂടെ നിരപ്പിച്ചെടുക്കുന്നു. ആകാശത്തിൻരെ കീഴിൽ സകല സൃഷ്ടിയോടും ഘോഷിച്ചും നിങ്ങൾ കേട്ടും പൗലൊസ് എന്ന ഞാൻ ശുശ്രൂഷകനുമായും ഇരിക്കുന്ന സുവിശേഷത്തിന്റെ പ്രത്യാശയിൽ നിന്ന് ഇളകിപ്പോകാതെ, നിങ്ങൾ വിശ്വാസത്തിൽ വേരൂന്നിയവരും അടിസ്ഥാനപ്പെട്ടവരുമായ തുടരുമെങ്കിൽ അങ്ങനെ അവിടുത്തെ മുമ്പിൽ നിൽക്കും” (കൊലൊ.1: 21 -23). സുവിശേഷമറിയിക്കുന്നതിന്റെ ഉദ്ദേശ്യമെന്തെന്ന് പൗലൊസ് പിന്നെയും പ്രഘോഷിക്കുന്നു. “ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിർത്തേണ്ടതിന് ഏതു മനുഷ്യനോടും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനേയും ഉപദേശിക്കുകയും ചെയ്തുകൊണ്ട് ഞങ്ങൾ ക്രിസ്തുവിനെ പ്രസംഗിക്കുന്നു.” ലോകാവസാനിത്തങ്കൽ നിരപവാദ്യനും നിഷ്ക്കളങ്കനുമായി, അതായത് ക്രിസ്തുവിൽ തികഞ്ഞവനായി, ദൈവസന്നിധിയിൽ സമർപ്പിക്കപ്പെടുക എന്നുള്ളതാണ് ഓരോ ശിഷ്യനെയും കുറിച്ചുള്ള ഉദ്ദേശ്യം.

പ്രാദേശിക സഭ സുവിശേഷീകരണത്തിൽ കർമ്മരഹിതരായി എത്രത്തോളം സമയവും വിഭവങ്ങളും എപ്രകാരം ചെലവഴിക്കുമെന്ന് സഭാശുശ്രൂഷകന്മാർ ശ്രദ്ധിക്കേണം. പൗലൊസിനെപ്പോലെ നാമും ഏതെങ്കിലും വിധത്തിൽ ചിലരെ രക്ഷിക്കാനുള്ള തുനിച്ചിലുള്ളവരായിത്തീരേണം( 1കൊരി.9 :22). എന്നാൽ നാം പ്രയോഗിക്കുന്ന വിധങ്ങൾ ഒരുവനെ ക്രിസ്തുവിൽ തികഞ്ഞവനാക്കുന്ന തരത്തിലായിരിക്കേണം(കൊലൊ.1: 28). അധിക തീരുമാനങ്ങളെക്കാൾ അധികം ശിഷ്യന്മാരെ ഉണ്ടാക്കുന്ന പദ്ധതികളെയും തീരുമാനങ്ങളെയും ആവിഷ്ക്കരിക്കുക.

യേശുവിന്റെ ഉത്കണ്ഠ മുഴുവനും പാപത്തിന്റെ ഭവിഷ്യത്വത്തിലേക്കും ഓരോ മനുഷ്യന്റെയും നിത്യതയിലേക്കും കേന്ദ്രീകരിച്ചുള്ളതാണ്. ദൈവവചനത്തിന്റെ പ്രഘോഷണത്തോട് ഓരോരുത്തരും പ്രതികരിക്കുവാനും സുവിശേഷം അതിന്റെ ഓരോ ശ്രോതാക്കളെയും ആഹ്വാനം ചെയ്യുന്നു. ക്രിസ്തുവിന്റെ മണവാട്ടിയാകുവാൻ പോകുന്ന വ്യക്തികളുടെ രക്ഷയിലാണ് സുവിശേഷത്തിന്റെ ശ്രദ്ധ. അനേക പുത്രന്മാരെ തേജസിലേക്ക് എത്തിക്കുക എന്ന ക്രിസ്തുവിന്റെ ദൗത്യത്തിന് പങ്കാളികളാവുകയാണ് തിരുസഭയുടെ ദൗത്യം. (എബ്രാ. 2 :10). സുവിശേഷീകരണത്തിന്റെയും ശിഷ്യത്വത്തിന്റെയും പരാവൃത്തി ക്രിസ്തുവിന്റെ നിത്യരാജ്യത്തിന് അവകാശികളാക്കുവാനായി ആളുകളെ നേടുകയും നിലനിർത്തുകയും ചെയ്യുക എന്ന അനന്തമായ പ്രക്രിയയാണ്. ■

> **അപ്പത്തെയും മീനിനെയും വർദ്ധിപ്പിക്കുന്നത് ശിഷ്യന്മാർ കണ്ടതുപോലെ, ഇപ്പോൾ യേശു അവർക്ക് നല്കിയ ദൈവ സന്ദേശത്തെ നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി പങ്കാളികളാകുന്നു.**



**റാൻഡി ഹസ്റ്റ്** സ്പ്രിംഗ് ഫീൽഡ് അസംബ്ലീസ് ഓഫ്ഗോഡ് വേൾഡ് വിഷൻ കമ്മ്യൂണിക്കേഷൻസിന്റെ ഡയറക്ടറാണ്.

# അനുകമ്പാപൂർവമായ സുവിശേഷീകരണം



*ആളുകളെ രക്ഷയുടെ ശക്തിയെക്കുറിച്ചുണർത്തുന്നതിന് ആത്മാവിന്റെ അഭിഷേകം പ്രാപിച്ച അനുകമ്പ അതിശക്തിയുള്ള ഉപകരണമാണ്.*

**ജോൺ ലിന്റൽ**

ആരോ ഒരു സുഗന്ധ ദ്രവ്യം എന്റെ ഓഫീസിൽ വെച്ചേച്ചുപോയി. ആ സുഗന്ധദ്രവ്യത്തിന്റെ പായ്ക്കറ്റിലെ പരസ്യത്തിൽ ഇപ്രകാരം എഴുതിയിരുന്നു. "ഉടൻതന്നെ ദൈവത്തിങ്കൽ വിശ്വാസം വയ്ക്കുക ദൈവത്തിങ്കലുള്ള വിശ്വാസത്തെ വർദ്ധിപ്പിക്കുന്ന ശ്വാസത്തെ അധികരിപ്പിക്കുന്ന സുഗന്ധദ്രവ്യം." ആളുകളോട് സുവിശേഷം അറിയിക്കുന്നത് ഇത്രകണ്ട് എളുപ്പമായിരുന്നാൽ നന്നായിരിക്കുമെന്ന് നിങ്ങൾ വിചാരിച്ചിട്ടുണ്ടോ ?

ജീവിത വ്യതിയാനമുണ്ടാക്കുന്ന യേശുക്രിസ്തുവിന്റെ സന്ദേശം പകർന്നുകൊണ്ട് ശിഷ്യന്മാരെ ഉരുവാക്കുവാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു. ഇന്നത്തെ നമ്മുടെ അത്യന്താധുനീക ലോകത്തിൽ വാക്കുകൾ കൊണ്ടു മാത്രം നമുക്ക് ആരേയും ശ്രദ്ധിപ്പിക്കുവാൻ കഴിയുകയില്ല. നിങ്ങൾ എത്രത്തോളം കരുതുന്നു എന്ന് അറിയുന്നതുവരെ നിങ്ങൾ എത്രത്തോളം അറിയുന്നു എന്ന് ജനങ്ങൾ ശ്രദ്ധിക്കാറില്ല എന്ന പഴമൊഴി ഇവിടെ അന്വർത്ഥമാകുകയാണ്.

സുവിശേഷത്തോടും നമ്മുടെ ആരാധനാമുറകളോടും പരിചിതരായ ആളുകൾ മിക്കപ്പോഴും നമ്മുടെ സന്ദേശങ്ങൾ വന്നുകേൾക്കുവാനിടയുണ്ട്. എന്നാൽ ആഴുകൾ നമ്മുടെ സന്ദേശത്തോട് പ്രതികരിക്കണമെങ്കിൽ നമ്മുടെ സന്ദേശം ദൈവവചനത്തിന്റെ വ്യക്തമായ അവതരണമായിരിക്കണം. അതുവരെ ഞാനെന്റെ വേദപുസ്തക പ്രസംഗവും ആഹ്വാനവും നിർത്തുകയില്ല. എന്നാൽ ലക്ഷക്കണക്കിനാളുകൾ അടുത്തകാലകത്തൊന്നും സഭയിലെത്തുവാനുള്ള പദ്ധതിയുള്ളവരല്ല. സുവിശേഷത്തിന്റെ ശക്തിയുടെ ആവശ്യം അവർ ഇതുവരെയും അറിഞ്ഞിട്ടില്ല, എന്തുകൊണ്ടെന്നാൽ സുവിശേഷം ഇതുവരെയും പ്രവൃത്തിപഥത്തിലെത്തുന്നത് അവർ കണ്ടിട്ടില്ല. നമ്മുടെ ആധുനീക ലോകം ഏതു പ്രാവർത്തികമാകുന്നുവോ അതിൽ താല്പര്യം കാണിക്കുന്നു. അതായത് പ്രയോജനകരമായതിൽ മാത്രം ലക്ഷ്യം വയ്ക്കുന്നു. എന്നിരുന്നാലും ഓരോ കാലഘട്ടത്തിലുള്ള ആളുകളും രണ്ടു കാര്യങ്ങൾക്കുവേണ്ടി അതിവാഞ്ഛയുള്ളവരായിരിക്കുന്നു. അതായത് യഥാർത്ഥ അനുകമ്പയും ദയയും. ഈ രണ്ടു പദങ്ങളെയും നമുക്ക് ഒരുമിച്ചു ചേർത്ത് ജനങ്ങൾക്കുവേണ്ടിയുള്ള ഒരു ഹൃദയം എന്നു പറയാം. ജനങ്ങളുടെ ജീവിതത്തിന്റെ ആവശ്യങ്ങളെ മാനിച്ചുകൊണ്ട് അവരോടുള്ള ഉത്കണ്ഠ നാം പ്രവർത്തന പഥത്തിലാക്കണം. ആദിമ സഭ അനുകമ്പയുള്ളതും ദയയുള്ളതുമായിരുന്നു. ആളുകളുടെ ജീവിതത്തെ സ്പർശിക്കുവാനുള്ള ദയയുടെ ശക്തിയെക്കുറിച്ച് അവർ മനസിലാക്കി. നമ്മെപ്പോലെതന്നെ ജീവിതത്തിനു വില കൊടുക്കാത്ത ഒരു സമുദായത്തിലാണ് അവരും ജീവിച്ചിരുന്നത്. അംഗവൈകല്യമുള്ള കുഞ്ഞുങ്ങളെ ആളുകൾ ഉപേക്ഷിച്ചുകളഞ്ഞു. പെൺകുഞ്ഞുങ്ങളെ അവർ ചവറ്റു കൂനയിലേക്ക് എറിഞ്ഞു കളഞ്ഞു. എന്നാൽ ക്രിസ്ത്യാനികൾ ആ പിഞ്ചു കുഞ്ഞുങ്ങളെ രക്ഷിക്കുകയും അവർക്ക് ആഹാരം നല്കി അവർക്ക് വേണ്ടതൊക്കെയും ചെയ്യുകയും ചെയ്തു.

എളിയവരോടും ആവശ്യത്തിലായിരിക്കുന്നവരോടുമുള്ള സ്നേഹാധിക്യം നിമിത്തം സഭ പലപ്പോഴും ഉപവാസം ഇരുന്നു. ഉപവാസമിരിക്കുന്ന ദിനങ്ങളിൽ അവർ പ്രാർത്ഥിക്കുക മാത്രമായിരുന്നില്ല ആ ദിവസങ്ങളിലുള്ള അവരുടെ ആഹാര ചെലവിനെ അവർ മാറ്റിവെച്ച് ദരിദ്രർക്കും ആവശ്യത്തിലായിരിക്കുന്നവർക്കും നല്കുമായിരുന്നു. ദരിദ്രരെയും ആവശ്യത്തിലായിരിക്കുന്നവരെയും പരിഗണിക്കാത്ത ഒരു സംസ്ക്കാരത്തിൽ ക്രിസ്ത്യാനികൾ തെരുവുതെരുവാന്തരം ചെന്ന് അത്തരക്കാരെ കരുതുകയും സംരക്ഷിക്കുകയും ചെയ്തു. റോമൻ സാമ്രാജ്യം രണ്ടുപ്രാവശ്യം പകർച്ച വ്യാധിയാൽ ബാധിക്കപ്പെട്ടു. (164 എ ഡി.251 എ ഡി) മൂന്നിലൊന്ന് ആളുകൾ മരണമടഞ്ഞു. പകർച്ചവ്യാധിയെ ഭയന്ന് ആളുകൾ പട്ടണം വിട്ടോടി. ഈ പകർച്ചവ്യാധിയുടെ കാലത്ത് ക്രിസ്ത്യാനികൾ ആ പട്ടണത്തിൽ തന്നെ താമസിക്കുകയും വ്യാധിസ്ഥരെ ശുശ്രൂഷിക്കുകയും ചെയ്തു. പലപ്പോഴും അവരും പകർച്ച വ്യാധിയാൽ ബാധിതരായിത്തീർന്നു. ക്രിസ്ത്യാനികൾ അക്കാലത്തു കാണിച്ച അനുകമ്പയും ദയയും നിമിത്തം അന്നത്തെ സംസ്ക്കാരത്തിനുതന്നെ വലിയ വ്യത്യാസമുണ്ടായി.

കൊലോസ്യക്കാർ അനുകമ്പയുടെ ഹൃദയത്തെയും അനുകമ്പയെയും ദയയെയും ധരിച്ചുകൊള്ളേണമെന്നു പൗലൊസ് അപ്പൊസ്തോലർ അവർക്ക് ഉത്ബോധനം നല്കുന്നു. ഇത് സുവിശേഷീകരണത്തിനു മുമ്പുള്ള ഒരു ആഹ്വാനമാണ്. ഇതു നിമിത്തം സഭ ആളുകളുടെ ജീവിതാവശ്യങ്ങളെ സന്ധിക്കുകയും സുവിശേഷം ശ്രവിക്കുമാറ് അവരുടെ ഹൃദയത്തെ ഒരുക്കുകയും ചെയ്തു. ആളുകളെ രക്ഷയുടെ ശക്തിയെക്കുറിച്ചുണർത്തുന്നതിന് ആത്മാവിന്റെ അഭിഷേകം പ്രാപിച്ച അനുകമ്പ അതിശക്തിയുള്ള ഉപകരണമാണ്. അങ്ങനെയാണ് ദൈവം നമ്മെ നേടിയത്. ദൈവത്തിന്റെ ദയ നമ്മെ മാനസാന്തരത്തിലേക്ക് നടത്തിയെന്നാണ് പൗലോസ് റോമാ ലേഖനം 2:4-ൽ നമ്മെ ഓർമ്മിപ്പിക്കുന്നത്.

ചില നേരങ്ങളിൽ നാം സുവിശേഷീകരണത്തെ കൂടുതൽ കഠിനമായ ഒന്നായി ആക്കിത്തീർക്കുന്നതായി തോന്നും . മിക്ക ക്രിസ്ത്യാനികളും ഫലപ്രദരല്ലാത്ത സുവുശേഷകരായിത്തീർന്നിരിക്കുകയാണ്. എന്തുകൊണ്ടെന്നാൽ സകലത്തിനും പരിഹാരം അവരാണുണ്ടാക്കുന്നതെന്ന ചിന്തയാണ് അവരെ ഭരിക്കുന്നത്. അവർ അനാവശ്യമായി ഭാരപ്പെടുന്നു. ദൈവത്തോടുള്ള ഒരു വാഞ്ഛയും ജനങ്ങളോടുള്ള അനുകമ്പയും ഒത്തു ചേരുമ്പോൾ അത്യന്തം പ്രകാശിതമായ ഒരു വെളിച്ചം ഇരുട്ടിൽ ഉദിക്കുവാനിടയാവുകയും ആളുകൾ ശരിയായ വഴി തെരഞ്ഞെടുക്കുവാനിടയാവുകയും ചെയ്യും. ■



**ജോൺ ലിന്റൺ**,
മിസോറി ജെയിംസ് റിവർ
അസംബ്ലീസ് ഓഫ് ഗോഡിലെ
പാസ്റ്ററാണ്.

# കൂടിക്കലർന്നുള്ള ജീവിതം:

## സമ്മിശ്ര കുടുംബത്തിന്റെ ആവശ്യങ്ങൾക്കു ശുശ്രൂഷ ചെയ്യുന്നത്



***നാം സജ്ജമായിരുന്നാലും ഇല്ലെങ്കിലും രണ്ടാനമ്മ അല്ലെങ്കിൽ രണ്ടാനപ്പൻ , അഥവാ ഏക മാതാവോ പിതാവോ ഉള്ള കുടുംബങ്ങളെ നേരിടേണ്ട സാഹചര്യം നമുക്കു മുമ്പിലുണ്ട്. ഈ കുടുംബങ്ങൾ ഇന്ന് നിങ്ങളുടെ സഭയിൽ കാണുന്ന വലിയ സാംസ്ക്കാരിക വ്യത്യാസത്തിന്റെ പ്രതിനിധികളാണ്. ഇപ്പോൾ നിങ്ങൾ ഈ വിഷയത്തിൽ അതീവ ശ്രദ്ധ ചെലുത്തേണ്ടത് ആവശ്യമാണ്.***

ഡോൺ ആർ പാട്രിജ്

അവർ നിങ്ങളുടെ ശുശ്രൂഷയിലെ നിർണായകമായ ഉത്കണ്ഠയാണ്. ഈ വ്യവസ്ഥകൾ നിങ്ങൾക്കറിയാവുന്ന എല്ലാവരിലും നിങ്ങളുടെ കുടുംബത്തെപ്പോലും സ്വാധീനം ചെലുത്തീട്ടുള്ളതാണ്.

ഇത്തരം കുടുംബങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ അനേകമാണ്. ഈ ലേഖനത്തിൽ വളരെ സാരവത്തായ പ്രശ്നങ്ങളെയും അതിനുള്ള പരിഹാരങ്ങളെയുമാണ് ചർച്ച ചെയ്യുവാൻ പോകുന്നത്. നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത ചില കാര്യങ്ങളെക്കുറിച്ച് ഇവിടെ മനസിലാക്കുന്നതാണ്. വേദപുസ്തകപരമായ പ്രായോഗിക രീതിയെക്കുറിച്ച് ഞാൻ എടുത്തു പറയുന്നതാണ്. എന്നാൽ ഈ ലേഖനം നമുക്കൊരു ആഹ്വാനവും നല്കുന്നുണ്ട്. ഒരു വ്യത്യാസത്തിന് നിങ്ങൾ തയ്യാറാണോ ?

പ്രായപൂർത്തിയായവരിൽ പലരും ഇപ്പോൾ ഏകരാണ്. മറ്റു ചിലർ ഏകരായ മാതാവോ പിതാവോ ആണ്. മറ്റ് പകുതി പേർ വിവാഹിതരാണ്. എന്നാൽ വിവാഹിതരിൽ പകുതിപേർ വേറെ വിവാഹം കഴിച്ചവരാണ്. ആദ്യവിവാഹിതരിൽ 43 ശതമാനവും രണ്ടാം വിവാഹിതരിൽ 60 ശതമാനവും പരാജയപ്പെടുന്നു എന്നാണ് വിവാഹമോചന കണക്കുകൾ പറയുന്നത്. ഏങ്ങനെയായാലും പുനർ വിവാഹിതരുടെയും ഏകാന്തരുടെയും കണക്കുകൾ ഏറുകയാണ്.

പുനർ വിവാഹിതരോടും ഏകരായ മാതാപിതാക്കളോടും ഉള്ള ശുശ്രൂഷയ്ക്ക് എന്തുകൊണ്ട് നിങ്ങളുടെ സഭ പ്രാധാന്യം കൊടുക്കേണം? നിങ്ങളുടെ സമുദായത്തിൽ നിങ്ങൾ ശുശ്രൂഷിക്കുമ്പോൾ അത്തരക്കാരെ നിങ്ങൾ കണ്ടുമുട്ടുവാനിടയാകും.

സഭയുടെ നാഥൻ ഇപ്രകാരം പറഞ്ഞു. "എളിയവരോടു സുവാർത്ത അറിയിക്കുവാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കയാൽ അവിടുത്തെ ആത്മാവ് എന്റെമേലുണ്ട്. ഹൃദയം തകർന്നവർക്ക് മുറിവു കെട്ടുവാനും തടവുകാർക്ക് സ്വാതന്ത്ര്യവും ബദ്ധന്മാർക്ക് വിടുതലും പ്രഖ്യാപിക്കുവാനും കർത്താവിന്റെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാര ദിവസവും പ്രസംഗിക്കുവാനും ... അവിടുന്ന് എന്നെ അയച്ചിരിക്കുന്നു." മേൽപറയപ്പെട്ടവർ ഇപ്രകാരം ഹൃദയവേദന അനുഭവിക്കുന്നവരാണ്.

അതുകൊണ്ട് നിങ്ങളുടെ സഭയിൽ വരുന്ന ഒരു ദമ്പതിയെ സന്ധിക്കുക. തുടർന്നു പറയുന്നത് സത്യമാണ്. പേരുകളിലും സ്ഥലങ്ങളിലും വ്യത്യാസം വരുത്തിയിട്ടുണ്ടെന്നു മാത്രം. അമേരിക്കയിലെ ക്യാൻസാസിലുള്ള വിസിറ്റാ എന്ന സ്ഥലത്ത് താമസിച്ചിരുന്ന ബർബാറാ തികച്ചും വേദനാജനകമായ ഒരു വിവാഹമോചനത്തിന് ഇരയായിത്തീർന്നു. അവൾ തന്റെ രണ്ടു മക്കളെയും കൂട്ടിക്കൊണ്ട് തന്നാലാവുന്നത്ര ദൂരത്തേക്കു പോകുവാൻ പദ്ധതിയിട്ടു. അവർ സിയാറ്റ് എന്നു പറയുന്ന സ്ഥലത്ത് ഒരു ജോലി കോൺട്രാക്റ്റ് എടു

ത്തു. എന്നാൽ അവൾ കുഞ്ഞുങ്ങളെയും കൂട്ടി സംസ്ഥാനം വിട്ടു പോകാൻ പാടില്ല എന്ന് അവളുടെ മുൻ ഭർത്താവ് കേസുകൊടുത്തു. അതുകൊണ്ടു ബർബാര തനിയെ പുറപ്പെട്ടു പോകേണ്ടി വന്നു. അവളുടെ ജോലി ഉടമ്പടി തീർന്ന ശേഷം വിച്ചിറ്റാ എന്നു പറയുന്ന സ്ഥല ത്തേക്കു മടങ്ങിവന്നു.

അവൾ അവിടെ ഇല്ലാതിരുന്നതു കൊണ്ട് അവളുടെ പുത്രിമാരുമായുള്ള ബന്ധ ത്തിന് ഉലച്ചിലുണ്ടായി. എന്തുകൊണ്ടെന്നാൽ അവളുടെ ഉപേക്ഷിക്കപ്പെട്ട ഭർത്താവ് അവ ൾക്കു വിരോധമായി കുഞ്ഞുങ്ങളോടു സംസാ രിക്കുമായിരുന്നു. എന്നാൽ തന്റെ മക്കളോ ടൊപ്പം താമസിക്കുവാൻ തക്കവണ്ണം അവൾ തീരമാനിക്കുകയും അതിനുള്ള നടപടികൾ എടുക്കുകയും ചെയ്തു. പ്രസ്തുത കേസ് അങ്ങനെ നീണ്ടു പൊയ്ക്കൊണ്ടിരുന്നു.

അവൾ സിയാറ്റിൽ ആയിരിക്കു മ്പോൾ ജേക്കബ് എന്ന ആളുമായി പരിചയ പ്പെട്ട് വിവാഹം കഴിക്കുകയും അദ്ദേഹവു മായി വിസിറ്റായിലേക്ക് താമസം മാറ്റുകയും ചെയ്തു. ബർബറായുടെ മക്കളെച്ചൊല്ലി ജേക്കബും ബർബറായും തമ്മിൽ പ്രശ്നങ്ങൾ ഉടലെടുക്കുവാൻ തുടങ്ങി. കുഞ്ഞുങ്ങളോട് കർശന രീതിയിൽ ഇടപെടണമെന്ന് ജേക്കബ് അവളോടു പറഞ്ഞു. അവൾ അതിന് തയ്യാറാ യില്ല. കുഞ്ഞുങ്ങളുമായി പൂർണമായി വിട്ടക ലുവാൻ അവൾക്ക് മനസില്ലായിരുന്നു.

ജേക്കബ് ഇതിനു മുമ്പ് രണ്ടു വിവാഹം കഴിഞ്ഞതാണ്. അയാൾക്ക് മൂന്നു മക്കളുമുണ്ട്. ആദ്യത്തെ ഭാര്യ രണ്ടു മക്കളു മായി ന്യൂയോർക്കിൽ താമസിക്കുന്നു. രണ്ടാ മത്തെ ഭാര്യ ഒരു കുട്ടിയുമായി സിയാറ്റിൽ താമ സിക്കുന്നു. മാസങ്ങളോളം ജേക്കബ് തന്റെ കുഞ്ഞുങ്ങളോട് സംസാരിച്ചിട്ടില്ല. അയാളുടെ രണ്ടു മുൻഭാര്യമാരും കുഞ്ഞുങ്ങളെ അയാ ൾക്കു വിരോധമായി തിരിച്ചു. ന്യൂയോർക്കിലുള്ള തന്റെ മക്കളെ വിളിക്കുമ്പോൾ അവർ വേണ്ട തുപോലെ പ്രതികരിച്ചിരുന്നില്ല. ഇപ്പോഴിതാ സിയാറ്റിലുള്ള മകനെയും വിട്ട് വിസിറ്റായി ലേക്കു വന്നിരിക്കുകയാണ്.

ബർബാരായും ജേക്കബും നിങ്ങ ളുടെ സഭയിൽ ഞായറാഴ്ച ആരാധനയ്ക്കു

> **വിവിധ ബന്ധങ്ങളുടെ സങ്കീർണത ഒരുവനെ വളരെ മാനസിക കുഴപ്പത്തിലാക്കുന്നു. നന്നാ യിരിക്കുന്ന കുടുംബങ്ങളെപ്പോലും ഇത് വഷ ളാക്കികളയുന്നു.**

വന്നു എന്നിരിക്കട്ടെ. അവർ യാതൊരു കുഴ പ്പമില്ലാത്തവരെപ്പോലെ കാണുകയും നന്നായി സംസാരിക്കുകയും ചെയ്യുന്നു. എന്നാൽ അവ രുടെ ജീവിതത്തിന്റെ അന്തരംഗത്തിൽ നോക്കു മ്പോൾ വലിയ കുഴപ്പങ്ങളും ഹൃദയവേദന കളും നമുക്കു മനസിലാക്കുവാൻ കഴിയും. അവർക്ക് നിങ്ങളുടെ സഹായം അത്യാവശ്യ മാണ്. എന്നാൽ നിങ്ങൾക്ക് അവരെ എങ്ങനെ സഹായിക്കുവാൻ കഴിയും?

ഒന്നാമതായി ഞായറാഴ്ച രാവിലെ നിങ്ങൾ പറയുന്ന കാര്യങ്ങളിലൂടെ ഈ ദമ്പ തികൾക്ക് സഹായം ചെയ്യുവാൻ കഴിയും. നിങ്ങൾ അവരെ മനസിലാക്കുന്നതും അവരെ ക്കുറിച്ച് ഉത്ക്കണ്ഠ ഉള്ളവനുമാണെന്ന് അവ ർക്ക് മനസിലാക്കികൊടുക്കുവാൻ കഴിയും. നിങ്ങളുടെ സഭയിൽ അവർക്ക് ആവശ്യമായ ആലോചനയും വഴിനടത്തലും ലഭ്യമാണെന്ന് അവരെ അറിയിക്കേണം. അവർ തങ്ങൾക്കും തങ്ങളുടെ കുഞ്ഞുങ്ങൾക്കും ഇതുപോലെ യുള്ള മറ്റു മിശ്രകുടുംബങ്ങൾക്കും ആരോ ഗ്യവും സ്ഥിരതയും നല്കുന്ന കേന്ദ്രങ്ങളായി മാറുന്നു. യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിൽ യേശു പറഞ്ഞിരിക്കുന്ന ശുശ്രൂഷ ഇതാ ണ്. ജേക്കബിനേയും ബർബരായേയും പോ ലെയുള്ള ദമ്പതികൾക്ക് നിങ്ങളുടെ സഭ ഒരു വഴികാട്ടിയായി തീർന്ന് നിങ്ങളുടെ സഭ വള രുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ ?

## പെട്ടന്നുള്ള വിടുതലിന്റെ അപകടം

ഏകരായിത്തീരുന്ന മാതാവോ പിതാവോ പുനർ വിവാഹം ചെയ്യുന്നതിന് തിടുക്കം കാട്ടു ന്നത് എന്തുകൊണ്ടാണെന്ന് നാം മനസിലാ ക്കണം. ബർബറായും ജേക്കബും വിവാഹ മോചിതരും സിയാറ്റിൽ അവ ഏകരുമായിരു ന്നു. അവർ വിവാഹം കഴിക്കേണം എന്നുള്ള തീരുമാനം എടുക്കും വിധം നടത്തപ്പെട്ട കണ്ടു മുട്ടലുകളെക്കുറിച്ച് ശ്രദ്ധിക്കാം. അവരുടെ ബന്ധത്തിന്റെ തുടക്കത്തിൽ എന്താണ് സംഭ വിച്ചത് എന്നുള്ളത് മനസിലാക്കുവാൻ ഇത് നിങ്ങളെ സഹായിക്കും.

വേദപുസ്തകം വിവാഹമോചന ത്തെക്കുറിച്ച് വളരെ ഘോരമായി വിശദീകരി ച്ചിരിക്കുന്നു. വിവാഹ ബന്ധത്തിലൂടെ ദമ്പ തികൾ ഒരേ ശരീരമായിത്തീരുന്നതുകൊണ്ട് വിവാഹമോചനം അങ്ങനെയുള്ള ഒരു ശരീര ത്തിന്റെ പിളർപ്പാണ്. അതുകൊണ്ട് ശരീര ത്തിന്റെ അവയവങ്ങൾ ചിതറിപ്പോകുവാനിട യായിത്തീരുന്നു. വിവാഹ മോചനം എന്നത് ഇരുവരിൽ ഒരുവരോ അഥവാ ഇരുവരുമോ അന്യോന്യം ദ്രോഹം ചെയ്ത് ശരീര പ്രകാരം ആപത്ത് ഉണ്ടാക്കിയെടുക്കുന്ന അക്രമപര മായ കാര്യമാണ്.

ഇതോടുകൂടെ കോടതി വ്യവഹാര ത്തേയും ചേർക്കുക. അതായത് കുഞ്ഞു ങ്ങളുടെ പരിപാലന പ്രശ്നങ്ങൾ, ധനപരമായ പ്രശ്നങ്ങൾ, കുഞ്ഞുങ്ങളുമായി അകന്നു ജീവി ക്കുവാൻ നിർബന്ധിക്കുന്ന നില, ജീവിത പങ്കാളി ഇന്ന് ജീവിത വൈരിയായി മാറിയിരി ക്കുന്ന അവസ്ഥ, പണ്ടത്തെ മിത്രങ്ങൾ ഇന്ന് ശത്രുക്കളായി മാറിയിരിക്കുന്നു, സ്വന്തക്കാരും ബന്ധക്കാരും നിങ്ങൾക്കു വിരോധമായിത്തീരു ന്നു. ഇവകളൊക്കെ ഒരു ഏകനായ വ്യക്തിയെ അത്യധികം ബലഹീനപ്പെടുത്തുന്ന കാര്യമാണ്. ബർബാരയും ജേക്കബും തന മ്മിൽ കണ്ടു മുട്ടിയപ്പോൾ അവർ ദയയും പങ്കാളിത്വവും അനുഭവവേദ്യമാക്കി. ഞെരു ക്കപ്പെട്ടിരുന്ന അവരുടെ വൈകാരിക മേഘല പെട്ടെന്നുണർന്നു. ആ വികാരങ്ങൾ ബർബാ രയെയും ജേക്കബിനേയും വീഴ്ത്തുവാനിട യായി. സാഹചര്യങ്ങളിലുള്ള ഈ സത്വരമാറ്റം ഒരുവനെ ബുദ്ധിമുട്ടിക്കുന്ന ഒന്നായിത്തീരും. ഈ പെട്ടെന്നുള്ള മാറ്റമാണ് ഇവരുടെ അന്യോ ന്യമുള്ള വൈകാരിക ബന്ധത്തിന് തീവ്രത നല്കുന്നത് എന്ന് ബർബാരയും ജേക്കബും മനസിലാക്കിയില്ല. അവരുടെ വികാര ലഹരി നിയന്ത്രിക്കുവാൻ കഴിയാത്തതായിരുന്നു.

മാതാപിതാക്കളല്ലാത്തവരും ബന്ധ ങ്ങളിലേക്ക് വലിച്ചിഴക്കപ്പെടുന്നു. ഏകരായ മാതാവോ പിതാവോ ബന്ധങ്ങളിലേക്ക് ചെന്ന് അകപ്പെടുന്നു. തങ്ങളെക്കുറിച്ച് അറി യേണ്ടതൊക്കെയും തങ്ങൾക്ക് അന്യോന്യം അറിയാമെന്നാണ് ബർബാരയും ജേക്കബും വിശ്വസിച്ചിരുന്നത്. പ്രശ്നങ്ങളുണ്ടെന്നു മനസി ലാക്കിയിട്ടും അവരുടെ ഒത്തൊരുമിച്ചുള്ള ജീവിതത്തിൽ അത് വലിയകാര്യമാക്കാനില്ലെന്ന് അവർ കരുതി. സദൃശവാക്യങ്ങൾ 27: 7-ൽ ഇങ്ങനെ പറയുന്നു. "തിന്നു തൃപ്തനായവൻ തേനും വെറുക്കുന്നു. വിശപ്പുള്ളവനോ കൈപ്പുപോലും മധുരമായിത്തീരുന്നു." ജേക്കബ് രണ്ടു വിവാഹം കഴിച്ചതാണെന്നും തന്റെ മക്കളുമായി പിണക്കത്തിലാണെന്നും ബർബാര തന്റെ മക്കളുമായി അകന്നു ജീവി ക്കുകയാണെന്നും ഉള്ള വിഷയങ്ങളെ അവർ മനഃപൂർവം മറന്നു കളഞ്ഞു. അവരുടെ ബന്ധത്തിൽ എല്ലാം മധുരതരമായിരുന്നു. ഒരു പാസ്റ്റർ എന്ന നിലയിൽ നിങ്ങൾക്ക് അവരെ എങ്ങനെ സഹായിക്കാനാകും. പുനർ വിവാ ഹം ചെയ്യുവാനാഗ്രഹിക്കുന്ന മാതാപിതാക്ക ൾക്ക് ഇപ്രകാരമുള്ള ബന്ധങ്ങൾ മൂലം ഏർ പ്പെടുന്ന ശക്തമായ വികാരങ്ങളെക്കുറിച്ച് വിശദീകരിക്കേണം. വികാരങ്ങൾ നിയന്ത്രണാ

തീതമായി തീരാനിടയുണ്ടെന്ന് അവരോടു വിശദീകരിച്ചു. തങ്ങളുടെ ബന്ധം മിന്നൽ വേഗത്തിൽ മുന്നേറണമെന്ന് അവർ ആഗ്രഹിക്കുന്നതായി അവർക്ക് മനസിലാക്കി കൊടുക്കുക. ദൈവം സ്വപ്നങ്ങളിലും ദർശനങ്ങളിലും മറ്റ് ഉറപ്പുകളിനാലും അവരെ വഴി നടത്തും. എന്തുകൊണ്ടെന്നാൽ അവർ ന്യായവിധിയെയും തങ്ങൾ ആരെന്നുള്ളതിനെയും മറന്ന് സന്മാർഗ സീമകളെയും മറികടന്ന് തങ്ങളുടെ കുഞ്ഞുങ്ങളെപ്പോലും അവർ മറന്നു.

സ്ഥിരതയുള്ളവരും കരുതലോടെ കാര്യങ്ങൾ ചെയ്യുന്നവരും ബുദ്ധിപൂർവമായ ഒരുക്കങ്ങൾ നടത്തുന്നവർക്കും മാത്രമേ വിവാഹം നിലനിൽക്കുന്ന ഒന്നായിത്തീരും എന്ന് അവരോടു പറയുക.

## കുടുംബ ബന്ധങ്ങൾ

പുനർ വിവാഹം ചെയ്യപ്പെട്ട് ഒരുമിക്കുന്ന കുടുംബങ്ങൾ അവർ ഒരുമിക്കുന്ന അതേ വേഗത്തിൽ തന്നെ പിരിയുകയും ചെയ്യുന്നു. ഉല്പ. 2: 24 ഇങ്ങനെ പറയുന്നു. "ഈ കാരണത്താൽ മനുഷ്യൻ തന്റെ പിതാവിനെയും മാതാവിനെയും വിട്ടു പിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരുന്നു. അവർ ഏക ശരീരമായിത്തീരുന്നു."

വിവാഹിതരായ ദമ്പതികൾ അവർ സ്വതന്ത്രരായി തങ്ങളുടെ കുടുംബത്തെ തങ്ങൾ തന്നെ നിയന്ത്രിച്ചു നടത്തണമെന്നു പ്രതീക്ഷിക്കുന്നു. മാതാപിതാക്കളുടെ അധികാരം കുടുംബത്തിൽ സ്വാധീനം ചെലുത്തുമ്പോൾ അത് പ്രശ്നങ്ങൾക്ക് ആക്കം കൂട്ടുന്നു. ഒന്ന് മറ്റൊന്നിനു വഴങ്ങാത്ത അധികാരങ്ങളും ബന്ധങ്ങളും കുഴപ്പങ്ങളുണ്ടാക്കുന്നു. എന്നാ ൽ ഒരു ആദ്യ വിവാഹത്തെയും പുനർ വിവാഹത്തെയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുക.

ഒരു ആദ്യവിവാഹത്തിൽ ദമ്പതികൾ പുറത്തുനിന്നുള്ള ബന്ധങ്ങൾ , അധികാരങ്ങൾ എന്നിവയോട് മനഃപൂർവമായി തങ്ങളെതന്നെ അകറ്റി നിർത്തുന്നു. എന്നാൽ പുനർ വിവാഹിതരായി കുടുംബങ്ങളിൽ പുറത്തുനിന്നുള്ള ബന്ധങ്ങളും അധികാരങ്ങളും മനഃപൂർവമായി സ്വാധീനം ചെലുത്തുന്നു. ആദ്യ വിവാഹത്തിലെ പങ്കാളികൾ സ്വതന്ത്രരും മുറ്റുമായി അന്യോന്യം സമർപ്പിക്കപ്പെട്ടവരുമാണ്. വിവാഹത്തിന്റെ നാൾ മുതൽ തന്നെ പുനർ വിവാഹിതരായ കുടുംബക്കാർ തങ്ങളുടെ കുഞ്ഞുങ്ങളിൽ നിന്നും സ്വതന്ത്രരല്ലാത്തതുകൊണ്ട് ഇപ്പോഴുള്ള തങ്ങളുടെ പങ്കാളികളോട് വേണ്ട വിധത്തിൽ ഒത്തു ചേരുവാൻ അവർക്ക് കഴിയാതെ പോകുന്നു. പുറത്തുനിന്നുള്ള സകല ബന്ധങ്ങളും വേർപെടുന്നത് സമാധാനം നല്കുന്ന കാര്യമാണ്. ബന്ധങ്ങൾ ഒന്നിനോടൊന്നു ഏറ്റുമുട്ടുന്ന തരമായാൽ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും അവിടെ ഉളവാകുന്നു.

അദ്യവിവാഹത്തിൽ ഭർത്താവും ഭാര്യയും ഒരേ ദേഹമായിരിക്കുന്നു. അവരുടെ കുഞ്ഞുങ്ങളോടും ഇതേ രക്ത ബന്ധം പങ്കിടുന്നു. മാതാപിതാക്കളും കുഞ്ഞുങ്ങളും ഒരേ കുടുംബമായിരിക്കുന്നു.

ഇതിനു വിരോധമായി, പുനർ വിവാഹിതരുടെ കുടുംബത്തിലെ ജീവശാസ്ത്രപരമായും അല്ലാത്തതുമായ ബന്ധങ്ങൾ ഉള്ളവരാണ്. രണ്ടുപേരുടെയും കുടുംബങ്ങളിലെ മറ്റുള്ളവർക്ക് ഈ പുനർ വിവാഹ കുടുംബത്തോട് വിവിധ വിധത്തിലുള്ള ബന്ധങ്ങൾ ഉണ്ട്. ഇത്തരം വിവിധ ബന്ധങ്ങളുടെ സങ്കീർണത ഒരുവനെ വളരെ മാനസീക കുഴപ്പത്തിലാക്കുന്നു. നന്നായിരിക്കുന്ന കുടുംബങ്ങളെപ്പോലും ഇത് വഷളാക്കികളയുന്നു.

ബഹുഭാര്യമാരുടെയും വെവ്വേറെ മാതാപിതാക്കളുടെയും കുഞ്ഞുങ്ങൾ തമ്മിൽ കുടിപ്പകയുണ്ടായി തീരാത്ത പ്രശ്നങ്ങൾക്കിടയായിട്ടുള്ളത് ചരിത്രത്തിലും വേദപുസ്തകത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. - സാറയും ഹാഗാറും, യിസ്ഹാക്കും യിശ്മായേലും ലേയയും റാഹേലും യാക്കോബും അവരുടെ അർദ്ധ സഹോദരനായ യോസേഫും, ദാവീദുരാജാവിന്റെ മക്കൾക്കിടയിലുണ്ടായ പ്രശ്നങ്ങൾ ,ഗിതയോന്റെ 70 പുതന്മാർ, യിപ്ത്താഹിന്റെ അർദ്ധ സഹോദരന്മാർ, ഹന്നയും പെനീനയും തമ്മിലുള്ള പ്രശ്നങ്ങൾ എന്നിവ ചി ല ഉദാഹരണങ്ങളാണ്. അർദ്ധ സഹോദരന്മാരും സഹോദരിമാർക്കും ഇടയിലുള്ള ബന്ധങ്ങൾപോലും ശരിയാംവിധം പ്രവർത്തനക്ഷമമാകാത്തപ്പോൾ പുനർ വിവാഹത്തിലുള്ള കുടുംബങ്ങളിൽ ശാരീരിക രീതിയിലുള്ള ബന്ധങ്ങൾ എങ്ങനെ നന്നാക്കി എടുക്കുവാൻ കഴിയും ?

ബർബറായും ജേക്കബും ഇത്തരത്തിലുള്ള ഒരു പ്രശ്നത്തിലാണ്. ബർബറാ കുഞ്ഞുളെ വളർത്തുന്ന രീതിയെക്കുറിച്ച് ജേക്കബ് കുറ്റം ചാർത്തുന്നു. തങ്ങളുടെ ജീവിതത്തിലേക്ക് ജേക്കബ് ഇടപെടുന്നത് തങ്ങൾക്കിഷ്ടമല്ലെന്ന് അവളുടെ പുത്രിമാർ വെളിപ്പെടുത്തി. ബർബാരയും ബർബാരയുടെ പുത്രിമാരുടെ പിതാവും തമ്മിൽ പുത്രിമാർ എവിടെ വസിക്കേണമെന്നുള്ളതിനെക്കുറിച്ച് തർക്കത്തിലാണ്. നാളുകളായി ജേക്കബ് മുൻഭാര്യമാരോടൊപ്പം ഇല്ലാത്തതുകൊണ്ട് അവർ ജേക്കബിന്റെ മക്കളുടെ ഹൃദയത്തെ അവനു വിരോധമായിത്തിരിച്ചു. ഏകരായ മാതാവോ പിതാവോ ഉള്ള കുടുംബങ്ങളിലും പുനർ വിവാഹത്തിലൂടെയുള്ള കുടുംബങ്ങളിലും ഒത്തിണക്കം നമുക്കു കാണുവാൻ കഴിയുന്നു. ജേക്കബിന്റെയും ബർബരായുടെയും പുത്രന്മാർക്ക് ദയയും കരുതലുമുള്ള ഒരു ബന്ധം വളർത്തിയെടുക്കാൻ കഴിയുമോ ? നിശ്ചമായും അതിനു കഴിയും അത് എങ്ങയെന്ന് നമുക്കു നോക്കാം.

> **മാതാപിതാക്കളല്ലാത്തവരും ബന്ധങ്ങളിലേക്ക് വലിച്ചിഴക്കപ്പെടുന്നു. ഏകരായ മാതാവോ പിതാവോ ബന്ധങ്ങളിലേക്ക് ചെന്ന് അകപ്പെടുന്നു.**

മക്കൾ അമ്മയപ്പന്മാരെ ബഹുമാനിക്കേണമെന്ന് വേദപുസ്തകം നമ്മോടു പറയുന്നു. നാം നമ്മുടെ ശത്രുക്കളെ സ്നേഹിക്കുകയും ഇടത്തെ ചെകിട്ടത്തടിക്കുന്നവന് വലത്തേതും കാണിച്ചു കൊടുക്കുകയും ഒരു നാഴികനമ്മോടു കൂടെ നടക്കുവാൻ വിളിക്കുന്നവനോടുകൂടെ - നമ്മുടെ സമയത്തേയും ഊർജ്ജത്തെയും നിയന്ത്രണാധീനമാക്കുവാൻ വരുന്നവനോടുകൂടെ - രണ്ടു നാഴികനടക്കുക . ആയതുകൊണ്ട് താഴെ പറയുന്ന ചില കാര്യങ്ങൾ നമുക്കു ചെയ്യുവാൻ കഴിയും, നാം അങ്ങനെ ചെയ്യേണം.

ഏക മാതാപിതാക്കളുള്ള കുടുംബത്തിന്റെയോ അഥവാ പുനർ വിവാഹത്തിലുള്ള കുടുംബങ്ങളുടെ ഓരോ ബന്ധങ്ങളെയും മാതാപിതാക്കൾ വ്യക്തമായി തിരിച്ചറിയേണം. പ്രഥമ വിവാഹത്തിലുള്ളതുപോലെ ഒരേ ശാരീരിക രീതിയിലുള്ള ബന്ധങ്ങൾ ഇത്തരം പുനർ വിവാഹ കുടുംബങ്ങളിലും ഏകമാതാപിതാക്കൾ കുടുംബങ്ങളിലും ഇല്ലാത്തതുകൊണ്ട് ഇവിടുത്തെ സകലവിധ ബന്ധങ്ങളും വ്യക്തമായി തിരച്ചറിയപ്പെടേണ്ടതുണ്ട്. ബർബാരയെയും ജേക്കബിനേയും നോക്കുക. അവരെ സംബന്ധിച്ചിടത്തോളം 9 പ്രധാന ബന്ധങ്ങളുണ്ട്. 1- ബർബാരയുടെ കുട്ടികളും അവരുടെ പിതാവും തമ്മിലുള്ള ബന്ധം. 2- ബർബാരയും അവരുടെ കുട്ടികളും തമ്മിലുള്ള ബന്ധം. 3- ബർബാരയും ജേക്കബും തമ്മിലുള്ള ബന്ധം. 4- ജേക്കബും അവന്റെ കുഞ്ഞുളും തമ്മിലുള്ള ബന്ധം. 5- ജേക്കബിന്റെ രണ്ടു മക്കളും ന്യൂയോർക്കിലുള്ള അവരുടെ മാതാവും തമ്മിലുള്ള ബന്ധം. 6- ജേക്കബിന്റെ മൂന്നാമത്തെ കുട്ടിയും സിയാറ്റിലുള്ള അവളുടെ അമ്മയും തമ്മിലുള്ള ബന്ധം. തുടർന്ന് ശാരീരികമല്ലാത്ത ചിലബന്ധങ്ങളും അവർക്കുണ്ട്. അതായത്, 7- ബർബാരയും ജേക്കബിന്റെ

3കുഞ്ഞുങ്ങളും തമ്മിലുള്ള ബന്ധം. 8- ജേക്കബും ബർബാരയുടെ മക്കളും തമ്മിലുള്ള ബന്ധം. ഒടുവിലായി, 9- ഇതുവരെ തമ്മിൽ കണ്ടിട്ടില്ലാത്ത ഇവരുടെ കുഞ്ഞുങ്ങൾ തമ്മിലുള്ള ബന്ധം. ഈ വ്യത്യസ്തമായ ബന്ധങ്ങളൊരോന്നും ബർബാരയുടെയും ജേക്കബിന്റെയും ബന്ധത്തിന്റെ സ്ഥിരതയ്ക്ക് ഭീഷണിയായി നിലകൊള്ളുന്നു. ബർബാരയും ജേക്കബും ഓരോരുത്തരുടെയും ബന്ധങ്ങളെ മനസിലാക്കി അംഗീകരിച്ച് അതിൽ തൃപ്തരായിരുന്നാൽ മാത്രമേ അവരുടെ വിവാഹ ജീവിതം സമാധാനത്തോടെ മുമ്പോട്ടു കൊണ്ടുപോകുവാൻ കഴിയു.

രണ്ടാമതായി, ബർബരായും ജേക്കബും കുടുംബ ബന്ധങ്ങളെ വകതിരിച്ചറിഞ്ഞശേഷം ബർബരായും ജേക്കബും ഈ ബന്ധങ്ങളെ എതിർക്കാതെ വ്യക്തിപരമായ നിലയിൽ ഓരോന്നിനെയും അംഗീകരിക്കേണം. ബർബരായും ജേക്കബും ഈ ബന്ധങ്ങളിൽ ഒന്നിനേയും എതിർത്ത് വഴക്കുണ്ടാക്കുവാൻ പാടില്ല. പുനർ വിവാഹ കുടുംബത്തിലും അതിനോടു ചേർന്നുമുള്ള ഓരോ ബന്ധത്തെയും ബഹുമാനിച്ച് അതിന് പിൻതാങ്ങൽ നല്കി അവർ മുൻമാതൃകയായിത്തീരേണം.

ചാർച്ചകളെയും ഇത്തരം പുനർ വിവാഹ ബന്ധങ്ങളെയും അംഗീകരിക്കുമ്പോൾ മാതാപിതാക്കളും പുനർ വിവാഹിതാരായ മതാപിതാക്കളും മറ്റ് മാതാപിതാക്കളോടും പുനർവിവാഹിതായ മാതാപിതാക്കളോടും അവരുടെ സകല അവകാശങ്ങളുടെയും ഭാഗ്യം അനുഭവിക്കുവാൻ അനുവദിക്കുകയാണു ചെയ്യുന്നത്. അംഗീകരിക്കുക എന്നു വെച്ചാൽ പ്രായപൂർത്തിയായവർ തങ്ങൾക്ക് യോജ്യമെന്നു തോന്നുന്ന വഴിയിൽ തങ്ങളുടെ ജീവിതത്തെ അനുവദിക്കുന്നതാണ്. അംഗീകരിക്കുക എന്നു വെച്ചാൽ എല്ലാറ്റിനെയും ശരിവെയ്ക്കുക എന്ന് അർത്ഥമാകുന്നില്ല. ഏതെങ്കിലും ഒരു മാതാപിതാക്കളുടെ രീതികളെയും ജീവിതശൈലികളെയും മറ്റെ മാതാപിതാക്കൾ അങ്ങനെതന്നെ അംഗീകരിക്കണമെന്നർത്ഥമില്ല. എന്നാൽ അവരും അവരുടെ കുഞ്ഞുങ്ങളും രക്തബന്ധത്തിലുള്ള മാതാപിതാക്കളെയും പുനർ വിവാഹിതരായ മാതാപിതാക്കളെയും അവരുടെ കുഞ്ഞുങ്ങളെയും ബഹുമാനിക്കേണം. ഒരോ മാതാപിതാക്കളും പുനർ വിവാഹിതരായ മാതാപിതാക്കളും കുഞ്ഞുങ്ങളുടെ വൈകാരിക ക്ഷേമത്തെ പ്രാധാന്യമുള്ളതായി പരിഗണിക്കേണം. നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും ഓരോ ചാർച്ചകളും പുനർ വിവാഹ ബന്ധത്തിലെ ഓരോ ബന്ധങ്ങളും നിങ്ങളുടെ പുനർ വിവാഹത്തിലുള്ള കുടുംബത്തിന്റെ സന്തോഷവും നിങ്ങളുടെ കുഞ്ഞുങ്ങളുടെ ക്ഷേമവും പരിപോഷിപ്പിക്കുന്ന ഒന്നാണ്.

പത്രൊസ് ഇപ്രകാരം എഴുതുന്നു. "നിങ്ങൾ എല്ലാവരും ഏക ഭാവത്തോടെ ജീവിക്കുവിൻ. അന്യോന്യം സഹതാപവും സഹോദര സ്നേഹവും കരുണയും വിനയവും ഉള്ളവരായിരിപ്പിൻ. ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ അനുഗ്രഹിക്കുന്നവരായിരിപ്പിൻ. ഇങ്ങനെ അനുഗ്രഹം അവകാശമാക്കുവാനാണല്ലോ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്" (1പത്രൊ. 1: 8,9). ബർബാരയും ജേക്കബും കരുണയുള്ളവരും വിനയമുള്ളവരും സഹോദര സ്നേഹമുള്ളവരും സഹായ മനഃസ്ഥിതിയുള്ള വരുമായിരുന്നുകൊണ്ട് തങ്ങളുടെ കുഞ്ഞുങ്ങളെയും ആ വഴിയിൽ നടത്തണമെന്നാണ് വേദപുസ്തകം പറയുന്നത്.

## മാനസിക അവസ്ഥ

ആദ്യവിവാഹത്തിലെ അംഗങ്ങൾ ഒരേ മാനസിക നിലയെ പങ്കിടുന്നു. അവർ എല്ലാവരും ഒരേ കുടുംബത്തിലെ അംഗങ്ങളാണല്ലോ. ഏക മാതാപിതാക്കളുടെ വീടുകളിലും പുനർ പവിവാഹിതരുടെ കുടുംബങ്ങളിലും എല്ലാവരും ഒരേ മനഃസ്ഥിതി ഉള്ളവരായിരിക്കുകയില്ല. മാതാപിതാക്കളും അവരുടെ കുഞ്ഞുങ്ങളുംപോലും വ്യത്യസ്തമായ രീതിയിൽ ചിന്തിക്കുന്നു. ഭർത്താവുമായി വേർപിരിഞ്ഞ മാതാവ് തന്റെ മുൻ ഭർത്താവിനെ ജീവിതത്തിലെ ആരുമല്ലാതായി കാണുമ്പോൾ അവളുടെ മകൻ അയാളെ തന്റെ പിതാവായി മുറ്റുമായി അംഗീകരിക്കുന്നു. പുതുതായി വിവാഹം കഴിച്ച പിതാവ് തന്റെ പുതിയ ഭാര്യയെ അംഗീകരിക്കുമ്പോൾ ഇത് എന്റെ അമ്മയല്ല എന്ന ചിന്ത അയാളുടെ മകളെ ഭരിക്കുന്നു.

ഈ മാനസീക അവസ്ഥ അവരുടെ സ്വഭാവത്തെ നിർവചിക്കുന്നു ( സദൃശ .23 7). കുട്ടികളായാലും മാതാപിതാക്കളായാലും അവർ ചിന്തിക്കുന്നതെങ്ങനെയോ അങ്ങനെയാണ് അവർ പെരുമാറുന്നത്. എന്നാൽ മാതാപിതാക്കളായ നാം നമ്മുടെ കുഞ്ഞുങ്ങൾ നമ്മളിൽ നിന്നും വ്യത്യസ്തമായി ചിന്തിക്കുവാൻ നാം ആഗ്രഹിക്കുന്നില്ല. നമ്മുടെ വിശ്വാസങ്ങളെയും മതിപ്പുകളെയും കുഞ്ഞുങ്ങൾ പങ്കിടേണമെന്ന് നാം ആഗ്രഹിക്കുന്നു. അവർ അങ്ങനെ ചെയ്യാത്തപ്പോൾ നാം അതിനെ എതിർക്കുന്നു. പൗലൊസ് അപ്പൊസ്തലൊൻ തന്റെ സഭകളിലൊന്നിന് ഇങ്ങനെ എഴുതി. "നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം രക്ഷാകർത്താക്കൾ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല. സുവിശേഷം മുഖേന ക്രിസ്തുയേശുവിൽ ഞാൻ നിങ്ങൾക്കു പിതാവായി തീർന്നിരിക്കുന്നു. ആകയാൽ എന്നെ അനുകരിപ്പാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു" (1 കൊരി. 4: 15,16)

ലൂക്കൊസിന്റെ സുവിശേഷം 2-ാം അദ്ധ്യായത്തിൽ യേശുവും തന്റെ മാതാപിതാക്കളും തമ്മിൽ ഇതേ പ്രശ്നമ ുണ്ടാകുന്നതായി കാണാം. മറിയയുടെയും യോസേഫിന്റേയും അറിവുകൂടാതെ തന്നെ യേശു യെരുശലേമിൽ ദിവസങ്ങളോളം തങ്ങി. യേശുവിനെ വന്നു കണ്ടപ്പോൾ യേശുവിന്റെ മാതാപിതാക്കളും യേശുവും തമ്മിൽ നടത്തിയ സംഭാഷണം ശ്രദ്ധേയമാണ്. "മകനേ നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത് ? നിന്റെ അപ്പനും ഞാനും ഉൽകണ്ഠയോടെ നിന്നെ തെരയുകയായിരുന്നു...." യേശു അവരോട്, " നിങ്ങൾ എന്നെ തെരഞ്ഞതെന്തിന് ഞാൻ എന്റെ പിതാവിനുള്ളതിൽ ഇരിക്കേണ്ടതാണെന്ന് നിങ്ങൾക്കറിഞ്ഞു കൂടെ?" എന്നു പറഞ്ഞു.

ആ മാനസീക അവസ്ഥയുടെ വ്യത്യാസം ശ്രദ്ധിക്കുക ? മറിയ പറഞ്ഞു "നിന്റെ പിതാവും ഞാനും" എന്നാൽ യേശു പറഞ്ഞു "ഞാൻ എന്റെ പിതാവിനുള്ളതിൽ ഇരിക്കേണ്ടതല്ലയോ ? " യേശുവിന്റെയും മറിയയുടെയും സംഭാഷണത്തിൽ പിതാവ് എന്ന പദം വെവ്വേറെ വിവക്ഷയിലാണ് ഉപയോഗിച്ചിരിക്കുന്നത്. മറിയ യോസേഫിനെക്കുറിച്ചു പറയുമ്പോൾ യേശു സ്വർഗസ്ഥനായ പിതാവിനെക്കുറിച്ചാണ് പറഞ്ഞത്. യേശുവിന്റെ ഈ വാക്കുകൾ അവിടുത്തെ കുടുംബത്തിനുള്ളിലെ വ്യത്യസ്ത മാനസീക അവസ്ഥകൾ നിമിത്തം അലോരസമുണ്ടാക്കിയെങ്കിൽ ഏക മാതാപിതാക്കളുടെയും പുനർ വിവാഹിതരായ മാതാപിതാക്കളുടെയും കാര്യം ചിന്തിക്കാവുന്നതേയുള്ളൂ.

ഇത്തരം മാനസീക അവസ്ഥയുടെ വ്യത്യാസം ബർബാരുടെയും ജേക്കബിന്റെയും രണ്ടാം കുടുംബത്തെ സാരമായി ബാധിക്കുന്നു. മാതാപിതാക്കൾ അന്യോന്യവും ജീവിത പങ്കാളികൾ അന്യോന്യവും കുഞ്ഞുങ്ങളന്യോന്യവും എതിർക്കുന്നു. ഇത്തരം ക്ഷോഭകരമായ അവസ്ഥ സകലരുടെയും മാനസീക അവസ്ഥയെ വികലമാക്കുന്നു.

ഇതിനു പരിഹാരമെന്താണ്? മാനസീക അവസ്ഥകളെ മനസിലാക്കുകയും ആദരിക്കുകയും ചെയ്യു. ഓരോരുത്തരം അന്യോന്യം എങ്ങനെ ഇടപെടണമെന്നുള്ളത് കണക്കു കൂട്ടുക. പ്രായപൂർത്തിയായവർ ഈ മാനസീക അവസ്ഥയോടെ കാര്യങ്ങൾ ചെയ്യേടുക്കുകയും ആദരിക്കുകയും ചെയ്യണം. ഇത് ചിന്തിക്കുന്നതുപോലെ അത്ര എളുപ്പമുള്ള കാര്യമല്ല.

ഉദാഹരണത്തിന് ബർബാരയും ജേക്കബും ബർബാരായുടെ കുഞ്ഞങ്ങൾ അവരുടെ മാതാപിതാക്കളെ സ്നേഹിക്കണമെന്നുള്ളത് അംഗീകരിക്കുമ്പോൾ തന്നെ അവർ ജേക്കബിനേയും അംഗീകരിക്കുവാനും ആദരിക്കുവാനും തയ്യാറാകണം. എന്തുവിലകൊടുത്തും അവർ അത് ചെയ്യേടുക്കേണം. ബർബാര തന്റെ പുത്രിമാരുടെ ക്ഷേമത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ തന്നെ ജേക്കബിന്റെ കുഞ്ഞുങ്ങളെക്കുറിച്ചും അവൾ ചിന്തയുള്ളവളായിരിക്കണം. അതുപോലെ ജേക്കബും ബർബാരയുടെ പുത്രിമാരുടെ സ്നേഹം പിടിച്ചു പറ്റുവാൻ വേണ്ടതൊക്കെയും ചെയ്യണം. അതുപോലെതന്നെ ബർബാരയുടെ പുത്രിമാരുടെ പിതാവുമായി നല്ല ബന്ധം പുലർത്തി, ആ വിധത്തിൽ അവരുമായി ഒരു നല്ല ബന്ധം സ്ഥാപിക്കുവാൻ ജേക്കബിനു കഴിയും.

അതുപോലെ തന്നെ ബർബാര ജേക്കബിനും കുഞ്ഞുങ്ങൾക്കുമിടയിലുള്ള വൈരം തീർക്കുവാൻ വേണ്ടതൊക്കെയും ചെയ്യണം. ന്യൂയോർക്കിലും സിയാറ്റിലും പോ യി

Resources for Ministering to Blended Families

The following Web sites provide ministry and resources for blended families:

*InStep Ministries*
http://www.instepministries.com/
*Successful Stepfamilies*
http://www.successfulstepfamilies.com/
*Designing Dynamic Stepfamilies*
http://designingdynamicstepfamilies.com/

തന്റെ കുഞ്ഞുങ്ങളെ കാണുവാൻ അവൻ അവളെ അനുവദിക്കണം.

## കുഞ്ഞുങ്ങളെ വളർത്തലും വിട്ടുകൊടുത്തുള്ള വളർത്തലും

വളരെ ശ്രേഷ്ഠരായ മാതാപിതാക്കൾക്കു പോലും പുനർ വിവാഹ കുടുംബത്തെ നശിപ്പിക്കുവാൻ കഴിയും. കുഞ്ഞുങ്ങളെ എങ്ങനെ വളർത്തണം എന്നുള്ളതിനെക്കുറിച്ച് ജീവിത പങ്കാളികൾക്കിടയിൽ അഭിപ്രായ ഐക്യം ഇല്ലായെങ്കിൽ നല്ല പുനർ വിവാഹ കുടുംബത്തെപ്പോലും അത് നശിപ്പിച്ചു കളയും.

മാതാപിതാക്കൾ ശിക്ഷണം നൽകുന്നതിൽ കുറവുള്ളവരായിത്തീരുന്നു. പുനർ വിവാഹിതരായ മാതാപിതാക്കൾ വേണ്ടതിലധികം കർശനക്കാരായിരിക്കുന്നു. ശരിയോ തെറ്റോ, തന്റെ കുഞ്ഞുങ്ങളെ എങ്ങനെ വളർത്തേണമെന്നുള്ളതിന്റെ നിയന്ത്രണം ആത്യന്തികമായി മാതാപിതാക്കൾക്കുണ്ടായിരിക്കണം. ഒരു മാതാവിന്റെയോ പിതാവിന്റെയോ മക്കളെ വളർത്തലിൽ കുറവുക ണ്ടാൽ ആ മാതാവോ പിതാവോ ഒരു മാറ്റത്തിനു തയ്യാറല്ലായെങ്കിൽ രണ്ടാം കുടുംബത്തിലെ അഥവാ പുനർ വിവാഹ കുടുംബത്തിലെ മാറ്റത്തിനൊത്ത വണ്ണം കുഞ്ഞുങ്ങളെ വളർത്തുവാൻ വിട്ടു കൊടുക്കണം. വിട്ടുകൊടുത്തുള്ള വളർത്തലെന്നാൽ കുഞ്ഞിന്റെ മാതാവോ പിതാവോ അവരുടെ കുഞ്ഞുങ്ങളെ നിയന്ത്രിച്ചു വളർത്തുവാൻ അനുവദിക്കുന്നതത്രെ.

ഇത്തരം വിട്ടുവീഴ്ചകൾക്ക് യേശു ഒരു നല്ല ദൃഷ്ടാന്തമായിരുന്നു. അവിടുന്ന് മശിഹയും രാജാവുമാണ്. എന്നാൽ അവിടുന്ന് ലോകത്തിലേക്കു വന്നപ്പോൾ മശിഹയെന്നും രാജാവെന്നുമുള്ള തന്റെ അവകാശങ്ങളെ പ്രയോഗപ്പെടുത്തിയില്ല. എന്നാൽ അവിടുന്ന് അതിന് വിപരീതമായാണ് പ്രവർത്തിച്ചത്. അവിടുന്ന് തന്റെ സകല ബഹുമാനാദരങ്ങളും വിട്ട് ഒരു ദാസന്റെ വേഷമെടുക്കുകയും ഭൂമിയിലേക്ക് വരികയും ചെയ്തു. അവിടുന്ന് ചതഞ്ഞ ഓട ഒടിച്ചു കളയുകയോ പുകയുന്ന തിരി കെടുത്തി കളയുകയോ ചെയ്തില്ല ( മത്താ. 12: 20, ഫിലി. 2: 7).

പുനർ വിവാഹിതരായ മാതാപിതാക്കൾക്ക് ഈ ദൃഷ്ടാന്തം പിൻപറ്റുവാൻ കഴിയുമോ ? ത്യാഗമനോഭാവത്തോടെ ബലപ്രയോഗങ്ങളില്ലാതെ പുനർ വിവാഹിതരായ മാതാപിതാക്കൾക്ക് അവരുടെ സ്വന്തമല്ലാത്ത മക്കളെ വളർത്തിയെടുക്കുവാൻ കഴിയുമോ?

ബർബാരയും ജേക്കബും ഈ ധർമ്മസങ്കട നിലയിലായിരുന്നു. ബർബരാ മക്കളെ വളർത്തുന്നതിന് ഒരു നിലവാരം സ്ഥാപിച്ചു. അവളുടെ നിലവാരത്തിലേക്ക് തന്റെ വളർത്തു രീതിയെ വിട്ടുകൊടുക്കുവാൻ ജേക്കബ് തയ്യാറാകുമോ ? ജേക്കബിനുള്ള പരിഹാരം എന്താണ്?

ജേക്കബ് ഒരു മുത്തച്ഛനെപ്പോലെ പെരുമാറണം. അതായത് മാതാപിതാക്കൾ കാര്യങ്ങളൊക്കെയും ചെയ്യുമ്പോൾ മുത്തച്ഛന്മാർ കുഞ്ഞുങ്ങളെ ലാളിച്ചു സന്തോഷിക്കുന്നു. ഇങ്ങനെ ജേക്കബിനു മക്കളെ വളർത്തലിന്റെ ഭാരത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കാവുന്നതാണ്. ഇങ്ങനെ ആയാൽ ബർബരായ്ക്ക് തന്റെ കുഞ്ഞുങ്ങളെ യാതൊരു ശല്യവുമില്ലാതെ വളർത്തുവാൻ കഴിയും. കുഞ്ഞുങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പ്രയാസമുണ്ടായാൽ അതിനുത്തരവാദി ബർബരാതന്നെയായിരിക്കും. മറുവശത്ത് ജേക്കബിന് ബർബരായുടെ കുഞ്ഞുങ്ങളോട് സ്നേഹപൂർവം ഇടപെട്ട് സന്തോഷമുള്ളവനായിരിക്കുവാൻ കഴിയും. അങ്ങനെ ബർബരായ്ക്ക് ആവശ്യമായ പ്രോത്സാഹനം നല്കുവാൻ ജേക്കബിനു കഴിയും.

യേശുവിന്റെ മാതൃക കൈക്കൊള്ളുകയും ഒരു മ ുത്തച്ഛന്റെ ദൃഷ്ടാന്തം ഏറ്റെടുത്തുകൊണ്ട് വളരെ ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ച് ആ പുതിയ കുടുംബത്തിൽ സൗഖ്യവും കൃപയും കൊണ്ടു വരുവാൻ ജേക്കബിനു കഴിയണം.

## ഉപസംഹാരം

പാപം നമ്മുടെ കുടുംബങ്ങളെ പാഴാക്കിക്കൊണ്ടിരിക്കുന്നു. ഇന്ന് പുനർ വിവാഹിതരുടെ കുടുംബങ്ങളും ഏകാന്തരായ മാതാപിതാക്കളുടെ കുടുംബങ്ങളും സഭയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള കുടുംബങ്ങളെ സഹായിക്കുവാനും അവരോടിപെടുവാനും നാം പ്രത്യേകം കാര്യങ്ങളെ പഠിച്ചു മനസിലാക്കേണ്ടതുണ്ട്.

അറിവോടുകൂടിയ പരിചരണവും ജ്ഞാനപൂർവമായ പിൻതാങ്ങലും തികച്ചും അവശ്യമായ കാര്യമാണ്. ഈ കുടുംബങ്ങൾ ഹൃദയം തകർന്ന കുടുംബങ്ങളാണ്. അവർ അനുദിനം മുറിവേൽക്കപ്പെട്ടുകൊണ്ടിരിക്കുന്നവരാണ്. ഇവരോടു കരുണകാണിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. കൊയ്ത്തിനു പരുവമായ വയലാണിത്. എന്നാൽ വേലക്കാരോ ചുരുക്കം!

നമുക്ക് വീഥികളിലേക്കും വഴിയോരങ്ങളിലേക്കും ചെന്ന് ആത്മാക്കളെ നേടാം. അങ്ങനെ ദൈവസഭ നിറയുവാനിടയാകട്ടെ ■



**ഡൊണാൾഡ് ആർ.പാട്രിജ്**

**പി എച്ച് ഡി കാലിഫോർണിയായിലെ** Insitute For Family Reasearch and Education **ന്റെ ഫൗണ്ടർ ഡയറക്ടറാണ്. അദ്ദേഹവും അദ്ദേഹത്തിന്റെ ഭാര്യ ജനതായും വളരെ വിജയകരമായ പുനർ വിവാഹ കുടുംബത്തിന് ദൃഷ്ടാന്തങ്ങളാണ്. ഈ മിശ്രകുടുംബത്തിൽ ഏഴ് മക്കൾ ഉണ്ട്** Loving your Step-family: The Art of making your Blending Family Work **എന്ന പുസ്തകം അവർ എഴുതിയതാണ്. ഏകരായ മാതാപിതാക്കളും മിശ്രകുടുംബങ്ങളിലെ മാതാപിതാക്കളും എങ്ങനെയാണ് കുടുംബം കെട്ടുപണിയേണ്ടത് എന്നുള്ള ഉപദേശം ഇതിലുണ്ട്. മിശ്രകുടുംബത്തെക്കുറിച്ച് കൂടുതലായി അറിയുവാൻ** www.blendingfamily.com **സന്ദർശിക്കുക.**

# ഒരു ബർന്നബാസായിരിക്കുക , ഒരു പൗലൊസിനെ പിൻതുടരുക, ഒരു തിമൊഥെയൊസിനെ പരിശീലിപ്പിക്കുക

– **പോൾ ആർ. മാർട്ടിൻ**



ബന്ധങ്ങൾ അറ്റു പൊയ്ക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിൽ ശുശ്രൂഷയ്ക്കായി മുൻ വരുന്നവർ കുറഞ്ഞു വരികയാണ്. ഈ അവസ്ഥയിൽ ശുശ്രൂഷ വളർച്ചയുടെ ബന്ധുത്വപരമായ ശക്തിയെക്കുറിച്ച് നാം ചിന്തിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. അർത്ഥവത്തായ ബന്ധങ്ങൾ കുറഞ്ഞു വരുന്നതുകൊണ്ട് അറിവു പകർന്നു തരുന്നവർ, ചെറിയ കൂട്ടങ്ങൾ , ഒത്തൊരുമിച്ചുള്ള കൂട്ടങ്ങൾ, അന്യോന്യം ഉത്തരവാദിത്വമുള്ള കൂട്ടങ്ങൾ എന്നി പദങ്ങൾ ഇന്ന് കൂടുതൽ പ്രാധാന്യം നേടിവരുകയാണ്.

ശുശ്രൂഷയ്ക്ക് തുറന്നതും വിശ്വാസയോഗ്യവുമായ ബന്ധങ്ങൾ ആവശ്യമായിരിക്കുന്നു. രഹസ്യങ്ങളുടെ പുതപ്പിനാൽ മൂടപ്പെടുമ്പോൾ യോജ്യമല്ലാത്ത വികാരങ്ങളും സ്വഭാവങ്ങളും മനോഭാവങ്ങളും വർധിച്ച് വളരുവാനിടയാകും .നിർഭാഗ്യകരമെന്നു പറയട്ടെ നാം മനസിലാക്കുന്നതിലും അധികമായി ഇത് ദൈവദാസന്മാരെ ആത്മീയമായും വൈകാരികമായും വൈകല്യപ്പെടുത്തുന്നു.

കർത്താവിന്റെ സഭയിലെ എല്ലാ നേതാക്കളെ സംബന്ധിച്ചിടത്തോളവും അറിയുക, അറിയിക്കുക എന്നുള്ളത് കാലയോജ്യമായ വിളിയായിരിക്കാം. യേശുക്രിസ്തുവിന് ഏറ്റവും അടുത്ത മൂന്നു സുഹൃത്തുക്കളുണ്ടായിരുന്നു. അപ്പൊ.പ്രവൃത്തികൾ ഉടനീളം പൗലൊസ് തന്നോടൊപ്പം വിശ്വാസയോഗ്യരായ ശുശ്രൂഷകരെ കൂട്ടിക്കൊണ്ടു പോകുന്നതായി നാം വായിക്കുന്നു. ജോൺ വെസ്ലി ഹോളിക്ലബ് എന്നു പറയുന്ന ഒരു സംഘത്തെ ഉരുവാക്കി. ആഴവും സ്വാർത്ഥകവുമായ ചോദ്യങ്ങൾക്ക് അവിടെ ഉത്തരം ലഭിച്ചു.

പലപ്പോഴും എന്നെ യഥാർത്ഥമായും അറിയുന്നു, എന്റെ വികാരങ്ങളും എന്റെ ക്ലേശങ്ങളും എന്റെ പരാജയങ്ങളും ആരറിയുന്നു? എന്ന് ഞാൻ വിസ്മയിക്കാറുണ്ട്. ചില പാസ്റ്റർമാർ തങ്ങൾ അന്യോന്യ ഉത്തവാദിത്വമുള്ള അകന്ന ബന്ധങ്ങളിലാണെന്നു കരുതുന്നു. എന്നാൽ യഥാർത്ഥത്തിൽ ഇഷ്ടത്തോടെ എന്തെല്ലാം കാര്യങ്ങൾ പങ്കിടുന്നുവോ അവകൾ മാത്രമാണ് നാം അറിയുന്നത്. ഒരു ചിലർ വലിയ വേദികളിൽ അഭയം കാണുമ്പോൾ മറ്റു ചിലർ ചെറിയ സംഘങ്ങളിൽ ചേർന്നു പ്രവർത്തിക്കുന്നു.

ബന്ധങ്ങൾക്ക് അതിൽ തന്നെ നമ്മെ ഉത്തരവാദിത്വമുള്ളവരായി പിടിച്ചു നിർത്തുവാനുള്ള ശേഷിയില്ലായെങ്കിൽ യാതൊരു ബന്ധങ്ങൾക്കും നമ്മുടെ ഉത്തരവാദിത്വത്തെ ഉറപ്പിക്കുവാൻ കഴിയുകയില്ല. നാം നമ്മെത്തന്നെ ഉത്തരവാദിത്വമുള്ളവരാക്കി തീർക്കേണം. ഒരുവൻ മനഃപൂർവം മറ്റുള്ളവർക്ക് തന്നെതന്നെ സമർപ്പിച്ചു കൊടുക്കാതിരുന്നാൽ വ്യാജമായ ജീവിതരീതിയുടെ ബലഹീനതകൾ അവിടെ കാണാൻ കഴിയും. സുതാര്യത , തുറന്ന മനഃസ്ഥിതി, സത്യസന്ധത, എന്നിത്യാദികൾ ഒരിക്കലും അടിച്ചേൽപ്പിക്കാവതല്ല. പിന്നെയോ ദൈവഭയത്തിൽ നിന്നും തനിയെ ഉരുത്തിരിഞ്ഞു വരുന്നതാണ്.

ക്രിസ്തീയ ശുശ്രൂഷകരുടെ എണ്ണം വളരെ കുറഞ്ഞുവരുന്ന ഇക്കാലത്ത് ശുശ്രൂഷാസംബന്ധമായ ചിലബന്ധങ്ങളെക്കുറിച്ച് അടിസ്ഥാനപരമായ ചില കാര്യങ്ങൾ നാം മനസിലാക്കുന്നത് നന്നായിരിക്കും. അപ്പൊ.പ്രൃത്തികളിലുള്ള ശുശ്രൂഷാരീതികളെ നോക്കുമ്പോൾ കുറഞ്ഞ പക്ഷം മൂന്നുതരം ബന്ധങ്ങൾ നമുക്കവിടെ കാണുവാൻ കഴിയും. ഈ ദൃഷ്ടാന്തങ്ങളെ പ്രാർത്ഥനയോടെ പ്രയോഗപ്പെടുത്തി നമ്മുടെ സ്വന്ത ശുശ്രൂഷാ ബന്ധങ്ങളെ അവലോകനം ചെയ്തു നോക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ യഥാർത്ഥ നില വെളിപ്പെടുത്തും. ദൈവകൃപയാൽ ക്രിസ്തീയ നേതാക്കൾക്കിടയിൽ കാണുന്ന അകാരണ സംഭവങ്ങളെ അകറ്റുവാൻ കഴിയും.

## ഒരു ബർന്നബാസായിരിക്കുക

ബർന്നബാസില്ലായിരുന്നുവെങ്കിൽ പൗലൊസിന് ഇത്രത്തോളം വിജയകരമായി മുന്നേറുവാൻ കഴിയുമായിരുന്നുവോ എന്ന് നാം ചിന്തിക്കുന്നു. ദമസ്ക്കോസിലെ പൂഴി ഇപ്പോഴും പൗലൊസിന്റെ പാദരക്ഷകളിലുണ്ട്. ദൈവവഴിയിലേക്കു വന്നവർക്ക് പൗലൊസ് കൊടുത്ത മരണഭീഷണിയെക്കുറിച്ചുള്ള ഭയം വ്യാപിച്ചുകൊണ്ടിരിക്കുന്ന കാലത്താണ്

ബർന്നബാസ് പൗലോസിനെ അപ്പൊസ്തൊലന്മാരുടെ അടുക്കൽ വിളിച്ചുകൊണ്ടു ചെന്ന് പൗലൊസിന്റെ സാക്ഷിയ്ക്ക് ഉത്തരവാദിയായിത്തീർന്നത് (അപ്പൊസ്തൊല പ്രവൃത്തികൾ 9: 26,27) ബർന്നബാസ് ഇതു ചെയ്യേണ്ട ആവശ്യമില്ല എന്നാൽ ഉത്സാഹപ്പെടുത്തുന്ന ഈ പ്രവർത്തി പൗലോസിനും അദദേ്ഹത്തിന്റെ വിളിയുടെ നിറവേറ്റലിനും ഇടയിൽ അവശ്യമായ ഒരു ബന്ധം ഉണ്ടാക്കിയെടുത്തു. വളരെ വർഷങ്ങൾക്കുശേഷം പൗലൊസിനെ തേടുവാൻ ബർന്നബാസിനെ പരിശുദ്ധാത്മാവ് പ്രചോദിപ്പിക്കയുണ്ടായി( അപ്പൊ.പ്ര.11: 25) . മിക്കവരും ദമസ്ക്കോസ് റോഡിലെ ആ സാക്ഷ്യം മറന്നു പോയിട്ടുണ്ടാവാം എന്നാൽ ബർന്നബാസ് അത് മറന്നിട്ടില്ല എന്നുള്ളതിന് സംശയം ഇല്ല.

ബർന്നബാസ് , തന്റെ പേരുപോലെ തന്നെ ശുശ്രൂഷയിൽ പ്രോത്സാഹിപ്പിക്കും വണ്ണം എപ്പോഴും ആരെയെങ്കിലും തേടിക്കൊണ്ടിരുന്നു. സ്ഥാപിതമായ സഭ തർസോസുകാരനായ ഈ കൂടാരപണിക്കാരനെ പരിഗണിക്കാതിരിക്കുകയും അർത്ഥവത്തായ ശുശ്രൂഷയ്ക്ക് അദ്ദേഹം കൊള്ളാകുന്നവനെന്ന ചിന്ത ഇല്ലാതിരിക്കുകയും ചെയ്തു. എന്നാൽ ബർന്നബാസ് അദ്ദേഹത്തെ മറന്നില്ല. ബർന്നബാസിന്റെ സ്വാധീനം നിമിത്തം അന്ത്യോക്യസഭ പൗഹലാസിന് ഒരു അവസരം നല്കി. അദ്ദേഹം വിശ്വസനീയമായ ബന്ധങ്ങളും വിലയേറപ്പെട്ട ഉപദേശ ശുശ്രൂഷയും വളർത്തിയെടുക്കുന്നതിന് അത് സഹായകമായിത്തീർന്നു (അപ്പൊ.പ്ര. 11: 26, 13 :1,2) .

ഈ സമയത്തുമാത്രമാണ് ബർന്നബാസ് മുൻകൈയെടുത്ത് പ്രവർത്തിച്ചത് എന്നു പറയാനാവില്ല. യോഹന്നാൻ മർക്കോസിനെ ഓർമ്മയുണ്ടോ (അപ്പൊ.പ്ര. 15 :37) ? കഴിഞ്ഞ കാലങ്ങളിലെ പരാജയങ്ങൾ കണക്കാക്കാതെ ബർന്നബാസ് അവനെ ഏറ്റുകൊണ്ടു.

ഇന്ന് തങ്ങൾക്ക് ശുശ്രൂഷയ്ക്കുള്ള കൈതാങ്ങൾ നല്കി അവസരങ്ങൾ ഉണ്ടാക്കി കൊടുക്കേണ്ടതിന് ആധുനീക ബർന്നബാസുമാരെ ആവശ്യമായിരിക്കുന്ന എത്രയോ പേരുണ്ട്. ഒരു പരാജയം നമിത്തം എത്രയോ ശുശ്രൂഷകർ ജീവിതത്തിന്റെ കോണുകളിലേക്ക് തള്ളപ്പെടുന്നു ? അവരുടെ സഭ വളരുന്നില്ല. അവരുടെ കാര്യപരിപാടികൾ നടപ്പാകാതെ പോകുന്നു. അവരുടെ കുടുംബ ജീവിതം അഥവാ വിവാഹ ജീവിതം ഛിദ്രമായി പോകുന്നു. മറക്കപ്പെട്ടുപോയവരെ തേടി , ദൈവിക വിളിയിൽ വിശ്വാസംവെച്ച് നല്ലതുമാത്രമേ സംഭവിക്കൂ എന്ന് വിശ്വാസം വെച്ച് ആദ്യ നൂറ്റാണ്ടിലെ ബർന്നബാസിനെപോലെ പെരുമാറുന്ന സഹോദരീസഹോദരന്മാരുണ്ടോ ?

ബർന്നബാസിന്റെ മനോഭാവമുള്ള ശുശ്രൂഷകർ ഇന്ന് അധികം ആവശ്യമായിരിക്കുന്നു. തങ്ങളുടെ വിളിയെ വിട്ടു മാറുന്നത് ഇന്ന് പതിവായിരിക്കുന്നു. ഒരു ബർന്നബാസായിരിക്കുക. മൗനമായി കഷ്ടമനുഭവിക്കുന്നവർ മറ്റുള്ളവരുടെ വിജയത്തിന്റെ നിഴലിൽ തണൽ തേടുന്നു. ഒരു ബർന്നബാസായിരിക്കുക. നമുക്കു മുമ്പാകെ ഒരു വെല്ലുവിളിയുണ്ട്. ഒതുക്കപ്പെട്ടവരെയും അവഗണിക്കപ്പെട്ടവരെയും തേടുക. ഒരു ബർന്നബാസായിരിക്കുക. തോൽവിയടഞ്ഞ് ഉത്സാഹം നശിച്ചുപോയവരെ തേടുക. ഒരു ബർന്നബാസായിരിക്കുക. നമ്മുടെ ശുശ്രൂഷകളെ വിട്ടുകളയാതെ നിലനിർത്തുന്നതു നിമിത്തം ശുശ്രൂഷയിൽ ഏർപ്പെട്ടിട്ടുള്ള താഴ്ചകളെ മാറ്റുവാൻ കഴിയും.

## ഒരു പൗലോസിനെ പിൻതുടരുക

അറിവു പകർന്നു കൊടുക്കുന്നതിനെക്കുറിച്ച് ഇന്ന് അത്യധികം ആളുകൾ പറയാറുണ്ട്. 21-ാം നൂറ്റാണ്ടിന്റെ സാമൂഹ്യ വാസ്തവങ്ങൾ നിമിത്തം ഈ ആവശ്യം പിന്നെയും അധികരിച്ചിട്ടുണ്ട് എന്നുള്ളതിൽ രണ്ടു പക്ഷമില്ല. കുടുംബത്തിലുണ്ടായിട്ടുള്ള ഭിന്നതകൾ നിമിത്തം ആൺമക്കളും പെൺമക്കളും അപ്പനെ വിട്ട് അകന്നിരിക്കുന്നു, അഥവാ അപ്രകാരമുള്ള ബന്ധങ്ങളില്ലാതെ ജീവിക്കുന്നു. ഇത് നേതൃത്വ വളർച്ചയിൽ അപ്രതീക്ഷിതമായ മാറ്റങ്ങൾ ഉളവാക്കിയെടുത്തിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ പുത്രന്മാർ തങ്ങളുടെ പിതാക്കന്മാരുടെ അരികിലിരുന്ന് ജോലി ചെയ്തു. കഴിവുകളും താലന്തുകളും മാത്രമല്ല അവർ പഠിച്ചെടുത്തത്. അവർ പെരുമാറ്റങ്ങളെയും മതിപ്പുകളെയും സായത്തമാക്കി. എന്നാൽ ഇന്നത്തെ അവസ്ഥ എന്താണ്? സഹപാഠികളിൽ നിന്നുള്ള പാഠങ്ങളല്ലെ ഇന്നു കൂടുതലായുള്ളത് ?

വാസ്തവത്തിലുള്ള ജീവിതം എന്നത് ഒരു പരീക്ഷണ ശാലയിലെ തീയറികളിൽ നിന്നും വ്യത്യസ്തമാണ്. ഒരുവന്റെ ജീവിതത്തെ ഒരുക്കിയെടുക്കുന്നത് വിദ്യാഭ്യാസം മാത്രമല്ല. ഒരു വി മാനത്തിനു രണ്ടു ചിറകുകളുള്ളതുപോലെ ഇതിനെ വേണ്ടുംവിധം പ്രയോഗപ്പെടുത്തുമ്പോൾ സന്തുലിതാവസ്ഥ കൈവരിക്കുവാൻ കഴിയുന്നു.

പൗലൊസ് അപ്പൊസ്തലനാൽ സ്വാധീനിക്കപ്പെട്ട പുതിയ നിയമ എഴുത്തുകാരെ നോക്കുക. തീത്തൊസ്, ഒനെസിമോസ്, ലൂക്കോസ്, ശീലാസ് ഇവരൊക്കെ ഏതു ക്ലാസ് മുറിയിലാണ് പഠിച്ചത് ? അവർ പട്ടണങ്ങൾതോറും അപ്പൊസ്തല സംഘമായി ചെന്ന് പ്രേഷിത പ്രവൃത്തി ചെയ്കയും അത് പ്രായോഗിക മാക്കുകയും ചെയ്തതിലൂടെ അവർക്ക് ദൈവവചനത്തിലുള്ള അടിസ്ഥാനം ലഭിച്ചു.

21-ാം നൂറ്റാണ്ടിൽ ഏതു പൗലൊസിനെയാണ് നിങ്ങൾ പിൻതുടരുന്നത് ? ഒരു സ്ഥാപിതമായ കാര്യപരിപാടിയിലൂടെ ഫലപ്രദമായ ആലോചന നല്കാൻ കഴിയില്ല എന്നുള്ളത് നിരീക്ഷിച്ചു മനസിലാക്കിയിട്ടുള്ള കാര്യമാണ്. അന്തരംഗത്തിൽ ആകാരപ്പെടേണമെന്നുള്ള വാഞ്ഛയോടെ പിൻതുടരുന്നവനു മാത്രമേ അറിവും ആലോചനയും ഫലപ്രദമായിത്തീരുകയുള്ളൂ.

“നിങ്ങൾ എനിക്ക് അറിവു പകർന്നു തരുമോ ?” എന്നുള്ളത് ശരിയായ ചോദ്യമായിരിക്കുകയില്ല. നാം വളരെ ശ്രദ്ധയോടും കരുതലോടും സേവനം ചെയ്തും പിൻതുടർന്നും പഠിച്ചും വായിച്ചും കുറെശ്ശെ കുറെശ്ശെയായി പെറുക്കിച്ചേർത്തും കാര്യങ്ങളെ മേന്മപ്പെടുത്തുമ്പോഴാണ് നാം ആലോചന പ്രാപിക്കുന്നത് അഥവാ നമുക്ക് അറിവ് ലഭ്യമാകുന്നത്.

ഏലിശായുടെ കാലത്ത് “അവർ ഇരുവരുംകൂടെ പോയപ്പോൾ” ഇക്കാര്യം നടന്നു (2 രാജാ. 2: 6). യഹോവയാണ നിന്റെ ജീവനാണ ഞാൻ നിന്നെ വിടുകയില്ല. എന്നുള്ള വാക്കുകൾ എലീശ ഏലിയാവിനെ പിൻതുടർന്നു ചെല്ലുന്നതിൽ ഉറച്ച തീരുമാനമുള്ളവനായിരുന്നു എന്നുള്ളത് വെളിപ്പെടുത്തുന്നു.

ഓരോ ശുശ്രൂഷകനും ജീവിതത്തിൽ അല്ലെങ്കിൽ ശുശ്രൂഷയിൽ ഏതെങ്കിലും ഒരു ഘടകത്തിൽ സവിശേഷമായി പ്രവർത്തിച്ചു മുന്നേറുന്ന ആരെയെങ്കിലും പിൻതുടരേണ്ടത് ആവശ്യമാണ്. 21-ാം നൂറ്റാണ്ടിലെ സാങ്കേതിക വളർച്ചയും യാത്രാ സൗകര്യങ്ങളും പുസ്തക പ്രസിദ്ധീകരണങ്ങളും ആഡിയോ വീഡിയോ കസെറ്റുകളും ഇന്റർനെറ്റുകളും നെറ്റുവർക്കുകളും ഒ ക്കെ നമ്മുടെ വളർച്ചയ്ക്കുതകുന്നു. ഇതു നമിത്തം ഒരു ശുശ്രൂഷകൻ എവിടെ ശുശ്രൂഷിച്ചുകൊണ്ടിരുന്നാലും അവിടെ നിന്ന് മറ്റെവിടെയെങ്കിലുമുള്ള ക്രിസ്തീയ നേതാവിനോട് ബന്ധപ്പെടുവാൻ കഴിയുന്നു.

അറിവു പകർന്നു നല്കുക എന്നുള്ളത് ഒരുവൻ മറ്റുള്ളവനു നല്കുന്ന കാര്യമല്ല, അത് മറ്റൊരുത്തന്റെ ജീവിതവും ശുശ്രൂഷയും വിട്ടു മാറാതെ പിൻപറ്റുന്നതിന്റെ ഫലമാണ്. അതുകൊണ്ട് ഒരു പൗലൊസിനെ പിൻതുടരുക. ചുറ്റിലും നോക്കുക. നിങ്ങൾ ആദരിക്കുന്ന ഒരാളെ തേടുക. നിങ്ങളുടെ ജീവിതത്തെ സ്വാധീനിക്കുന്ന ഒരാളെ കാണിച്ചു തരുവാൻ ദൈവത്തോടു പ്രാർത്ഥിക്കുക.

ഒരു പൗലൊസിനെ തേടുന്നത് ഒരു യൗവ്വനക്കാരനായ ശുശ്രൂഷകന്റെ മാത്രം കാര്യമല്ല. എല്ലാവർക്കും ജീവിതം മുഴുവനും പഠിച്ച ഒരുത്തനിൽ നിന്നും ഫലം പ്രാപിക്കുവാൻ കഴിയും. ഒരു പൗലോസിനെ പിൻതുടരുക . അങ്ങയെങ്കിൽ വേലക്കാരുടെ എണ്ണക്കുറവിനെ പരിഹരിക്കാനാവും.

## ഒരു തിമൊഥിയോസിനെ പരിശീലിപ്പിക്കുക

പുതിയ നിയമത്തിൽ നാം കണ്ടതുപോലെ ശുശ്രൂഷാ വളർച്ചയ്ക്ക് കൊള്ളാവുന്ന ബന്ധങ്ങൾക്ക് ആവശ്യമായ മൂന്നാമത്തെ കാര്യം പരിശീലനമാണ്. ഒുരു ശുശ്രൂഷകനായി നിങ്ങൾ പ്രചോദിപ്പിക്കപ്പെട്ട് ഇംഗിതത്തോടെ പിൻപറ്റുന്ന ഒരുവനെങ്കിൽ സമയവും ഊർജ്ജവും പരിശീലനത്തിനായി ചെലവഴിക്കുക.

## ഉപദേഷ്ടാക്കൾക്കുള്ള പരിശോധനാ പട്ടിക

മറ്റൊരാളുടെ ഉപദേഷ്ടാവായി പ്രവർത്തിക്കുവാൻ ഉള്ള സാദ്ധ്യത നിങ്ങൾക്കുണ്ടോ എന്ന ചോദ്യം നിങ്ങൾക്കുള്ളിലുണ്ടാകാം. നിങ്ങൾ യോഗ്യതയുള്ളവനോ എന്ന് പരിശോധിച്ചറിയുന്നതിന് താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നല്കുക.

- നിങ്ങൾ സഹിഷ്ണുതയുള്ളവനാണോ ? നിങ്ങളൊരു ക്രാന്തദർശിയാണോ ?
- നിങ്ങളുടെ മത്സരമേഖല എന്താണ് ? ഏത് കഴിവിലാണ് നിങ്ങൾ മികച്ചു നിൽക്കുന്നത് ? ഏത് വിഭാഗത്തിലാണ് നിങ്ങൾ പ്രത്യേക പരിചയം നേടിയിരിക്കുന്നത് ?
- വ്യക്തിപരമായ ബന്ധങ്ങളിലൂടെയുള്ള കഴിവിൽ നിങ്ങൾക്ക് എത്രമാത്രം ബലമുള്ളവനായിരിക്കുന്നു ? നിങ്ങളുടെ ബന്ധങ്ങൾ സാധാരണയായി ആരോഗ്യമുള്ളതോ ?
- നിങ്ങൾ പ്രക്രിയാ തത്പരനോ ? ആളുകൾ വളർച്ചയുടെ തികവിലെത്തും വരെ അവരോടു ചേർന്നിരിക്കുന്നതിനുള്ള കഴിവ് നിങ്ങൾക്കുണ്ടോ ?
- തുനിഞ്ഞിറങ്ങുവാൻ താങ്കൾ തയ്യാറാണോ ?
- മറ്റ് ആരുടെയെങ്കിലും വളർച്ചയ്ക്ക് സഹായിക്കുവാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ നിങ്ങൾ തയ്യാറാണോ ?
- നിങ്ങളുടെ പ്രകൃതം ദൃഷ്ടാന്തപരമോ ? നിങ്ങളുടെ സ്വഭാവം, മനോഭാവം, വിലമതിപ്പുകൾ, ഭാഷ, മര്യാദ തുടങ്ങിയവ പിൻതുടരുന്ന ഒരാളെ ദൈവം അംഗീകരിക്കുമോ ?
- മറ്റാർക്കെങ്കിലും വേണ്ടി സമയം ചെലവഴിക്കുവാൻ നിങ്ങൾ തയ്യാറാണോ ?
- മറ്റൊരാളോട് നിങ്ങൾക്കുള്ള ബന്ധം ബാധിക്കപ്പെടുമാറ് ഏതെങ്കിലും ശ്രദ്ധിക്കപ്പെടാത്ത പാപമോ അഥവാ ആരോഗ്യകരമല്ലാത്ത സാഹചര്യമോ കാണപ്പെടുന്നുണ്ടോ ?
- നിങ്ങളുടെ ജീവിതത്തിൽ ക്രിസ്തുവിനെ കർത്താവായി ഏറ്റുകൊണ്ടിട്ടുണ്ടോ ? ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അവിടുത്തെ ആദരിക്കും വിധം അടിസ്ഥാനപരമായി നിങ്ങൾ അർപ്പണമുള്ളവരാണോ ?

*Adapted from **As Iron Sharpens Iron**, by Howard and william Hendricks ( Moody press 1995) Used by permission*

പരിശീലനം എന്നത് ഒരു പരാവൃത്ത പ്രക്രിയയാണ്. പ്രബോധനം നല്കൽ, പ്രായോഗിക മാക്കൽ ,നിരീക്ഷണം, വിലമതിക്കൽ എന്നിവ അതിൽ ഉൾപ്പെടുന്നു. ഇതിൽ പ്രബോധനം നല്കുക എന്നുള്ളത് പരിശീലനത്തിന്റെ ഒരു ഭാഗം മാത്രമാണ്. പരിശീലനം നല്കുന്നത് പ്രായോഗികമാക്കലിനും നിരീക്ഷണത്തിനും വിലമതിക്കലിനും ഇടയാക്കുന്ന കാര്യമാണ്. പിന്നീട് ആവശ്യമായ ഉപദേശങ്ങൾ നല്കപ്പെടുന്നു. ഇങ്ങനെ ഈ പരാവൃത്തി തുടരുന്നു.

ഇന്ന് ശുശ്രൂഷകന്മാർക്കിടയിൽ ഉദ്ദേശ്യ പൂർവമായ പരിശീലനം ആവശ്യമാണ്. കഴിവുകൾ പഠിച്ചെടുക്കേണം. താലന്തുകൾ മേന്മപ്പെടുത്തേണം. അനേക തിമൊഥെയൊസുമാർ കൂടുതൽ ഫലപ്രദരായി തീരേണ്ടത് ആവശ്യമാണ്. അവർക്ക് സവിശേഷമായ പരിശീലനം നല്കേണം. ഒരു യൗവ്വനക്കാരനായ ശുശ്രൂഷകൻ പരിശീലനം പ്രാപിച്ച് അധികം ഫലപ്രദനായിത്തീരുമ്പോൾ തത്ഫലമായി മറ്റ് ഫലങ്ങളും ലഭ്യമാകുന്നു. പരിശീലകനും അതിന്റെ ഗുണമുണ്ടാകുന്നു. അദ്ധ്യാപകൻ തത്വങ്ങൾ പങ്കിടുമ്പോൾ അവ അദ്ദേഹത്തിന്റെ ഹൃദയത്തിലും ചിന്തയിലും കൂടുതൽ തെളിവാകുകയും തന്നിമിത്തം പരിശീലനം പ്രാപിക്കുന്നവന്റെ വിശ്വാസവും മനോനിർണയവും ബലപ്പെടുകയും ചെയ്യുന്നു. മാത്രമല്ല പരിശീലനം നല്കുന്നവൻ തന്റെ ജീവിതം ഉത്തരവാദിത്വമുള്ള ഒന്നായി കാണുന്നു. “മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രെ ചെയ്യുന്നത്” (1 കൊരി. 9: 27). പരിശീലനം പ്രാപിച്ചവർ ദൈവിക ശുശ്രൂഷയിൽ ഫലപ്രദരായി മുന്നേറുമ്പോൾ അത് പരിശീലനം നല്കിയവരുടെ ഹൃദയത്തിൽ സന്തോഷം പകരുന്നു. തന്റെ സുഹൃത്തായയ ഗായേസിനെക്കുറിച്ച് വാർദ്ധക്യം ചെന്ന യോഹന്നാൻ ഇങ്ങനെ എഴുതി : “എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനെക്കാൾ വലിയ സന്തോഷം എനിക്കില്ല ”( 3 യോഹ.4 ).

ശരിയാംവിധം പരിശീലനം ലഭിച്ച മാരത്തൺ ഓട്ടപന്തയ ഓട്ടക്കാർ ഓടിതീർക്കുവാൻ അവർക്ക് നല്ല സാദ്ധ്യതകൾ ഉള്ളതുപോലെ നല്ല പരിശീലനം ലഭിച്ച ശുശ്രൂഷയിൽ നിലനിൽക്കുന്ന, ഒരു തിമൊഥിയോസിനെ പരിശീലിപ്പിക്കുക. പിന്നെയും സത്യത്തെ ആവർത്തിച്ച് ഉറപ്പിക്കുന്നതു നിമിത്തം മറ്റൊരുത്തർക്ക് പരിശീലനം നല്കുന്ന സാധാത്മക സ്വാധീനം ഒരുവനിലുണ്ടാകുന്നു. അതു പരസ്പര വിശ്വാസത്തെയും ശുശ്രൂഷയിലെ സന്തോഷത്തെയും വർദ്ധിപ്പിക്കുന്നു.

### ഉപസംഹാരം

ഒരു ശുശ്രൂഷകൻ ബർന്നബാസായിരുന്ന് , ഒരു പൗലൊസിനെ പിൻതുടർന്ന്, ഒരു തിമൊഥിയോസിനെ പരിശീലിപ്പിക്കുമെങ്കിൽ പല ശുശ്രൂഷകരും ശുശ്രൂഷയിൽ ഉത്സാഹത്തോടെ പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യതകൾ പ്രാപിക്കും. ശുശ്രൂഷകർക്ക് അത്യധികം അവശ്യമായിരിക്കുന്ന ആലോചന തേടുമെങ്കിൽ , അവരുടെ ജീവിതകാലം മുഴുവനും അഭ്യസനം പ്രാപിക്കുന്നവകായി, ദീർഘകാല ശുശ്രൂഷയ്ക്ക് ഒരുക്കമുള്ളവരായിത്തീരും. പരിശീലനത്തിനായി തങ്ങളെത്തന്നെ അർപ്പിക്കുന്നവർ അധികം പ്രയോജനപ്രദരായിത്തീരും. ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുമ്പോൾ (ഫിലി. 3: 14) അവർക്ക് അത് സംരക്ഷണവലയമായിത്തീരുന്നു. നമ്മുടെ ശുശ്രൂഷകർ എത്രത്തോളം സവിശേഷമായി സജ്ജീകരിക്കപ്പെട്ട് അങ്ങനെ അവർ ശുശ്രൂഷയിൽ നിലനിൽക്കുമ്പോൾ ശുശ്രൂഷകരുടെ എണ്ണക്കുറവ് ഉണ്ടാകാതെ കാക്കപ്പെടുന്നു. ഒരു ബർന്നബാസായിരിക്കുക. ഒരു പൗലോസിനെ പിൻതുടരുക, ഒരു തിമൊഥിയോസിനെ പരിശീലിപ്പിക്കുക. ■

**പോൾ ആർ.മാർട്ടിൻ** ഇല്ലിനോയിസിലെ റോഗ്ഫോഡിലുള്ള ഇല്ലിനോയിസ് ഡിസ്ട്രിക്റ്റ് ഓഫ് അസംബ്ലീസ് ഓഫ് ഗോഡിന്റെ മുൻ സൂപ്പർഇന്റഡന്റാണ്. ഇപ്പോൾ റോക്ഫോർഡ് ഫസ്റ്റ് അസംബ്ലി ഓഫ് ഗോഡിന്റെ സീനിയർ പാസ്റ്ററാണ്.